| 8 | 13/02/2017<br>Monday<br>10.00 AM*<br>to<br>12.15 PM | PHARMACIST GRADE II(AYURVEDA)<br>(NCA NOTIFICATION)<br>INDIAN SYSTEMS OF MEDICINE/INSURANCE MEDICAL SERVICES/ AYURVEDA COLLEGES<br>**Syllabus:-** An Objective Type Test based on the qualification prescribed for the post.<br>**Main Topics:-**Part I: General Knowledge, Current Affairs & Renaissance in Kerala Part II: Questions based on Educational Qualification<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English)<br>ONLINE EXAMINATION<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 04/02/2017 | 321/16<br>HINDU NADAR<br>EKM |
| | | **COMMON TEST FOR Sl.No. 2, 3, 4, 5,6, 7 & 8 ABOVE** | |
| 9 | 20/02/2017<br>Monday<br>10.00 AM*<br>to<br>12.15 PM | DAIRY EXTENSION OFFICER<br>(NCA NOTIFICATION)<br>KERALA DAIRY DEVELOPMENT<br>**Syllabus:-** An Objective Type Test based on the qualification prescribed for the post.<br>**Main Topics**:- Part I: General Knowledge, Current Affairs & Renaissance in Kerala Part II: Dairy science<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English)<br>ONLINE EXAMINATION<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 11/02/2017 | 258/16<br>MUSLIM |
| 10 | 27/02/2017<br>Monday<br>10.00 AM*<br>to<br>12.15 PM | STAFF NURSE GRADE II<br>(SR FOR ST ONLY)<br>HEALTH SERVICES<br>**Syllabus:-** An Objective Type Test based on the qualification prescribed for the post.<br>**Main Topics:-** Part I: General Knowledge, Current Affairs & Renaissance in Kerala Part II(a): Physics Part II(b): Chemistry Part II(c): Botany Part II(d):Zoology Part III: Questions based on General Nursing<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English)<br>ONLINE EXAMINATION<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 18/02/2017 | 243/16,<br>TVM, KLM,<br>PTA,ALP,<br>KTM,IDK<br>TSR, PKD,<br>MPM,KKD,<br>WYND, KGD |
| 11 | 27/02/2017<br>Monday<br>10.00 AM*<br>to<br>12.15 PM | STAFF NURSE GRADE II<br>(NCA NOTIFICATION)<br>HEALTH SERVICES<br>**Syllabus:-** An Objective Type Test based on the qualification prescribed for the post.<br>**Main Topics:-** Part I: General Knowledge, Current Affairs & Renaissance in Kerala Part II(a): Physics Part II(b): Chemistry Part II(c): Botany Part II(d):Zoology Part III: Questions based on General Nursing<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English)<br>ONLINE EXAMINATION<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 18/02/2017 | 243/16,<br>DHEEVARA<br>KGD |
| | | **COMMON TEST FOR Sl.No.10 & 11 ABOVE** | |
| 12 | 28/02/2017<br>Tuesday<br>10.00 AM*<br>to<br>12.15 PM | JUNIOR INSTRUCTOR<br>(SURFACE ORNAMENTATION TECHNIQUE)<br>INDUSTRIAL TRAINING<br>**Syllabus:-** An Objective Type Test based on the qualification prescribed for the post.<br>**Main Topics:-** Part I: General Knowledge, Current Affairs & Renaissance in Kerala Part II: Questions based on Technical qualification<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English)<br>ONLINE EXAMINATION<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from 18/02/2017 | 14/16 |

**NOTE:-** 1) It may be noted that apart from the Main Topics in the Syllabus referred to in the Examination Programme, questions from other topics related to the educational qualifications prescribed for the post may also appear in the question paper. There is no undertaking that all the topics mentioned under the sub head "Main Topics" may be covered in the question paper.

2) In addition to the Admission Tickets, candidates have to produce the original of any one of the following documents to prove their identity at the time of examination viz. Voters Identity Card, Passport, PAN Card,Driving Licence, Pass Book with photo issued by Nationalized Banks, Photo Identity Card issued by Government Departments, Photo Identity Card issued by Social Welfare Department, Govt. of Kerala to Physically Handicapped persons, Photo affixed Identity Card issued to the Ex-servicemen by the Zilla Sainik Welfare Officer / Discharge Certificate, Conductor License issued by Motor Vehicles Department, Photo affixed pass book issued by Scheduled Banks/Kerala State Co-operative Bank/ District Cooperative Banks, Photo affixed Identity Card issued by Public Sector Undertakings (various companies/ corporations/ boards/authority)/Govt. autonomous institutions to their employees, Photo affixed Identity Card issued by various Universities of Kerala to their employees, Photo affixed Medical Certificate issued by Medical Board to P.H. candidates, Photo affixed Identity Card issued by Bar Council to those who are enrolled as Advocates, AADHAAR card issued by the Central Government, One Time Verification Certificate issued by Kerala Public Service Commission. Candidates who fail to produce Original Identity Proof will not be permitted to attend the examination.

Thiruvananthapuram,
29/11/2016

N.NARAYANASARMA
CONTROLLER OF EXAMINATIONS
KERALA PUBLIC SERVICE COMMISSION

# ഇന്ത്യാ ചരിത്രം



1 ഗാന്ധിജി പങ്കെടുത്ത ആദ്യത്തെ കോൺഗ്രസ് സമ്മേളനം– 1901ലെ കൊൽക്കത്ത സമ്മേളനം

2 ഗാന്ധി ശിഷ്യയായ മീരാ ബെന്നിന്റെ യഥാർഥ പേര്– മഡലിൻ സ്ലേഡ്

3 വീണവായിക്കുന്നതിൽ തല്പരനായിരുന്ന ഗുപ്തരാജാവ്– സമുദ്രഗുപ്തൻ

4 സ്വപ്നാവാസവദത്തം, ഊരുഭംഗം എന്നിവ രചിച്ചത്– ഭാസൻ

5 അൽബുക്കർക്കിന് ഭട്ക്കൽ എന്ന സ്ഥലത്ത് കോട്ട നിർമിക്കാൻ അനുമതി നൽകിയ വിജയനഗര ഭരണാധികാരി– കൃഷ്ണദേവരായർ

6 തെന്നാലി രാമൻ ആരുടെ സദസ്യനായിരുന്നു– കൃഷ്ണദേവരായർ

7 കൃഷ്ണദേവരായരുടെ സമകാലികനായിരുന്ന മുഗൾ ഭരണാധികാരി– ബാബർ

8 കൃഷ്ണദേവരായരുടെ ഭരണകാലം– 1509–29

9 മൊണ്ടേഗു ചെംസ്ഫോർഡ് ഭരണപരിഷ്കാരം നിലവിൽ വന്ന വർഷം– 1919

10 ജവാഹർലാൽ നെഹ്റു അധ്യക്ഷത വഹിച്ച ആദ്യ കോൺഗ്രസ് സമ്മേളനം (1929) നടന്നതെവിടെയാണ് –ലാഹോർ

11 ഐ.എൻ.എ.യുടെ വനിതാ റെജിമെന്റിനെ നയിച്ചത്– ക്യാപ്റ്റൻ ലക്ഷ്മി

12 വെല്ലസ്ലി പ്രഭുവിൻെറ സൈനികസഹായ വ്യവസ്ഥയിൽ ഒപ്പുവെച്ച ആദ്യത്തെ നാട്ടുരാജ്യം– ഹൈദരാബാദ്

13 വൊഡയാർ രാജവംശത്തിന്റെ തലസ്ഥാനമായിരുന്നത്– മൈസൂർ

14 ഗുജറാത്തിന്റെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടത് – അബ്ബാസ് ത്യാബ്ജി

15 ഗാന്ധിജി ഇന്ത്യയിൽ നിരാഹാരമനുഷ്ഠിച്ചിരുന്ന ആദ്യ സമരം– അഹമ്മദാബാദ് മിൽ സമരം(1918)

16 കവിരാജ എന്നറിയപ്പെട്ടത്– സമുദ്രഗുപ്തൻ

17 ദശകുമാരചരിതം, കാവ്യാദർശം എന്നീ കൃതികൾ രചിച്ചതാര്– ദണ്ഡി

18 ഇറ്റാലിയൻ സഞ്ചാരി നിക്കോളോ കോണ്ടി വിജയനഗരം സന്ദർശിച്ചപ്പോൾ (1420) രാജാവായിരുന്നത്– ദേവരായ ഒന്നാമൻ

19 വിജയനഗരത്തിലെ ഏതു ഭരണാധികാരിയുടെ കാലത്താണ് പേർഷ്യൻ സഞ്ചാരി അബ്ദുർ റസാക്ക് സന്ദർശനം നടത്തിയത്– ദേവരായ രണ്ടാമൻ

20 ആമുക്തമാല്യദ എന്ന സാഹിത്യകൃതി തെലുങ്കിൽ രചിച്ചത്– കൃഷ്ണദേവരായർ

21 കൃഷ്ണദേവരായരുടെ ആസ്ഥാനകവി – പെദ്ദന

22 കൊൽക്കത്ത പട്ടണത്തിന്റെ സ്ഥാപകൻ– ജോബ് ചാർനോക്ക്

23 സെൻട്രൽ ഹിന്ദു കോളേജ് സ്ഥാപിക്കപ്പെട്ട സ്ഥലം– വാരാണസി

24 സെൻറ് ജോർജ് കോട്ട എവിടെയാണ് ?–ചെന്നൈയിൽ

25 സെർവന്റ്സ് ഓഫ് ഇന്ത്യ എന്ന സംഘടന സ്ഥാപിച്ചത്– ഗോപാലകൃഷ്ണ ഗോഖലെ

26 സെർവന്റ്സ് ഓഫ് ഗോഡ് എന്ന സംഘടന സ്ഥാപിച്ചത്– ഖാൻ അബ്ദുൾ ഗാഫർ ഖാൻ

27 ടാഗോർ ജനിച്ചത്– 1861

28 ടാഗോർ, പ്രഭുസ്ഥാനം ഉപേക്ഷിച്ചതിനു കാരണം– ജാലിയൻ വാലാബാഗ് കൂട്ടക്കൊല

29 കാമസൂത്രം രചിച്ചത്– വൽസ്യായനൻ

30 ഗുപ്തവംശത്തിന്റെ ഔദ്യോഗിക ചിഹ്നം– ഗരുഢൻ

31 മൃച്ഛകടികം രചിച്ചത്– ശൂദ്രകൻ

32 വിജയനഗരസാമ്രാജ്യത്തിന്റെ അന്ത്യം കുറിച്ച യുദ്ധം– 1565ലെ തളിക്കോട്ട (രാക്ഷസ തങ്ങടി) യുദ്ധം

33 തളിക്കോട്ട യുദ്ധത്തിൽ വിജയനഗര സൈന്യത്തെ നയിച്ചത്– രാമരായ

34 തളിക്കോട്ട യുദ്ധത്തിനുശേഷം വിജയനഗരം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി– സീസർ ഫ്രെഡറിക്ക്

35 ഏതു വിജയനഗര രാജാവിന്റെ കാലത്തെക്കുറിച്ചാണ് ഇബ്ൻ ബത്തൂത്ത തന്റെ രഹ്‌ല എന്ന പുസ്തകത്തിൽ വിവരിക്കുന്നത്– ഹരിഹരൻ ഒന്നാമൻ

36 ടാഗോറിനെ ഗാന്ധിജി സംബോധന ചെയ്തിരുന്നത്– ഗുരുദേവ്

37 ടാഗോറിനെ ഗ്രേറ്റ് സെന്റിനൽ എന്നു വിശേഷിപ്പിച്ചത്– ഗാന്ധിജി

38 ടിപ്പു സുൽത്താൻ അടുത്ത ബന്ധം പുലർത്തിയിരുന്ന ഫ്രഞ്ച് ഭരണാധികാരി – നെപ്പോളിയൻ

39 ദേവീചന്ദ്രഗുപ്തം, മുദ്രാരാക്ഷസം എന്നിവ രചിച്ചത്– വിശാഖദത്തൻ

40 തളിക്കോട്ടയുദ്ധത്തിൽവിജയനഗരത്തിനെതിരെ ഒരുമിച്ച എതിർ രാജ്യങ്ങൾ– അഹമ്മദ് നഗർ,ബീജാപ്പൂർ,ഗോൽക്കൊണ്ട,ബിദാർ

41 മൈ ടൈംസ് ആരുടെ ആത്മകഥയാണ്– ജെ.ബി.കൃപലാനി

42 മൈസൂർ കൊട്ടാരം രൂപകൽപന ചെയ്തത്– ഹെൻറി ഇൻവിൻ

43 ഹൂണ വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ– മിഹിരകുലൻ

44 സിക്കുകാരുടെ അഞ്ച് അടിസ്ഥാന സംഗതികൾ– കേശം,കങ്ഘ,കച്ച,കര,കൃപാൺ

45 സിഖ്മതക്കാരുടെ ആരാധനാലയം– ഗുരുദ്വാര

46 സിഖുമതത്തിന്റെ രണ്ടാമത്തെ ഗുരു– അംഗദ്

47 വൈക്കം വീരർ എന്നറിയപ്പെട്ടത്– ഇ.വി.രാമസ്വാമി നായ്ക്കർ

48 വൈസ് ചാൻസലർ പദം വഹിച്ച ആദ്യ ഇന്ത്യാക്കാരൻ– ഗുരുദാസ് ബാനർജി (1890–കൽക്കട്ട)

49 വൈസ്റീഗൽ ലോഡ്ജ് എവിടെയായിരുന്നു–ഷിംല

50 നളന്ദ സർവകലാശാല പുതുക്കിപ്പണിത പുഷ്യഭൂതി വംശത്തിലെ ചക്രവർത്തി– ഹർഷവർധനൻ

51 ഹിന്ദു കാലഘട്ടത്തിലെ അക്ബർ എന്നു വിശേഷിപ്പിക്കപ്പെട്ടത്– ഹർഷൻ

52 ഹർഷൻ ഇഹലോകവാസം വെടിഞ്ഞ വർഷം– എ.ഡി. 647

53 ഗുരു അംഗദിന്റെ യഥാർഥ പേര്– ലെഹ്ന

54 ഗുരുമുഖി ലിപി നടപ്പാക്കിയ സിഖ് ഗുരു– അംഗദ്

55 അമൃത്സർ സ്ഥാപിച്ച സിഖ് ഗുരു– രാംദാസ്(1574–1581)

56 അമൃത്സറിന്റെ പഴയ പേര്– രാംദാസ്പൂർ

57 സൈമൺ കമ്മിഷൻ ഇന്ത്യയിൽവന്ന വർഷം– 1928

58 സൈമൺ കമ്മിഷനെതിരെയുള്ള പ്രതിഷേധസമരത്തിനിടയിലേറ്റ ലാത്തിയടികൾ ഏതുനേതാവിനാണ് മരണകാരണമായത്– ലാലാ ലജ്പത്റായി

59 സൈമൺ കമ്മിഷന്റെ ഔദ്യോഗികനാമം– ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മിഷൻ

60 ഗാന്ധിജി അഹമ്മദാബാദ് ടെക്സ്റ്റൈൽ യൂണിയൻ സ്ഥാപിച്ചത്– 1917

61 ഗാന്ധിജി ആദ്യമായി കേരളത്തിലെത്തിയ വർഷം – 1920

62 ശിലാദിത്യൻ എന്ന പേരുമായി ബന്ധപ്പെട്ട രാജാവ്– ഹർഷൻ

63 തീർഥാടകരിൽ രാജകുമാരൻ എന്നു വിശേഷിപ്പിക്കപ്പെട്ടത്– ഹ്യുയാൻ സാങ്

64 ഏത് സിഖു ഗുരുവിനുശേഷമാണ് ഗുരു പദം പൈതൃക രീതിയിലായി മാറിയത്– രാംദാസ്

65 വധിക്കപ്പെട്ട ആദ്യത്തെ സിഖ് ഗുരു– അർജുൻ ദേവ്

66 അമൃത്സർ സ്ഥാപിക്കാനുള്ള സ്ഥലം നൽകിയ മുഗൾ ചക്രവർത്തി– അക്ബർ

67 ആദിഗ്രന്ഥം ക്രോഡീകരിച്ച സിഖ് ഗുരു– അർജുൻ ദേവ്

68 ദൈവത്തിന്റെ അവതാരമെന്നും ലോകണ്ടിന്റെ പിതാവെന്നും അറിയപ്പെടുന്ന ഗോത്രവർഗനേതാവ്– ബിർസാ മുണ്ട

69 നേതാജി സുഭാഷ്ചന്ദ്രബോസിൻെറ രാഷ്ട്രീയഗുരു– ചിത്തരഞ്ജൻദാസ്

70 പേർഷ്യനുപകരം ഇംഗ്ലീഷ് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ച ഭരണാധികാരി– വില്യം ബെന്റിക്

71 പോണ്ടിച്ചേരി സ്ഥാപിച്ചത്– ഫ്രാൻസിസ് മാർട്ടിൻ

72 സി–യു–കി രചിച്ചത്– ഹ്യുയാൻസാങ്

73 പല്ലവ രാജാക്കൻമാരുടെ വാസ്തുശില്



പകലയുടെ പ്രധാനകേന്ദ്രം– മഹാബലിപുരം

74 പല്ലവവംശം സ്ഥാപിച്ചത്– സിംഹവിഷ്ണു

75 അകാൽ തക്ത് സ്ഥാപിക്കുകയും അമൃത്സറിനു ചുറ്റും കോട്ട കെട്ടുകയും ചെയ്ത സിഖ് ഗുരു– ഹർഗോവിന്ദ്

76 സിഖുകാരെ യോദ്ധാക്കളുടെ സമുദായമാക്കി വളർത്തിയ ഗുരു– ഹർഗോവിന്ദ്

77 ഏറ്റവും കുറച്ചു കാലം സിഖ് ഗുരുവായിരുന്നത്– ഹർ കിഷൻ(1661–1664)

78 ഔറംഗസീബിനാൽ വധിക്കപ്പെട്ട സിഖ് ഗുരു– തേജ് ബഹാദൂർ

79 ഫോർവേഡ് ബ്ളോക്ക് രൂപവൽക്കരിച്ചത്– സുഭാഷ് ചന്ദ്രബോസ്

80 ഫോർവേഡ് പോളിസി കൊണ്ടുവന്ന ഗവർണർ ജനറൽ– ലിട്ടൺ പ്രഭു

81 ബോവർ യുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിക്കാൻ ഗാന്ധിജി ആരംഭിച്ച (1899) പ്രസ്ഥാനം– ഇന്ത്യൻ ആംബുലൻസ് കോർപ്സ്

82 പല്ലവൻമാരുടെ തലസ്ഥാനം– കാഞ്ചീപുരം

83 പാണ്ഡ്യൻമാരുടെ തലസ്ഥാനം– മധുര

84 ഏതു വംശത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവാണ് പുലികേശി രണ്ടാമൻ– ചാലൂക്യ

85 അവസാനത്തെ സിഖ് ഗുരു– ഗോവിന്ദ് സിങ്

86 തനിക്കുശേഷം ആരെ ഗുരുവായി കണക്കാക്കാനാണ് ഗോബിന്ദ്സിങ് നിർദ്ദേശിച്ചത്– ആദിഗ്രന്ഥത്തെ

87 സിഖുകാർ ഏറ്റവും പവിത്രമായി കണക്കാക്കുന്ന ആരാധനാലയം– അമൃത്സറിലെ സുവർണക്ഷേത്രം

88 സുവർണക്ഷേത്രത്തിന്റെ മറ്റൊരു പേര്– ഹർമന്ദിർ സാഹിബ്

89 ഗാന്ധിജി ഇന്ത്യയിൽ ആദ്യ സത്യാഗ്രഹം നടത്തിയ വർഷം (ചമ്പാരൻ)– 1917

90 ഗാന്ധിജി ഇന്ത്യയിൽ ആദ്യമായി അറസ്റ്റിലായ വർഷം – 1917

91 മേയോ പ്രഭു ആദ്യ സെൻസസ് തയ്യാറാക്കിയ വർഷം– 1872

92 റോബർട്ട് ക്ലൈവിന്റെ കുറുക്കൻ എന്നറിയപ്പെട്ടത്– മിർ ജാഫർ

93 റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത്– വാറൻ ഹേസ്റ്റിങ്സ്

94 ശതവാഹന രാജാക്കൻമാരുടെ സദസ്സിലെ ഭാഷ– പ്രാകൃതഭാഷ

95 ശതവാഹന വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ– ഗൗതമിപുത്ര ശതകർണി

96 സിഖ്മതത്തിലെ ആകെ ഗുരുക്കൻമാർ – 10

97 ആദിഗ്രന്ഥത്തിന്റെ മറ്റൊരു പേര്– ഗുരുഗ്രന്ഥസാഹിബ്

98 ഏറ്റവും പ്രബലനായ സിഖ് ഭരണാധികാരി– രഞ്ജിത്ത് സിങ്

99 വേഷപ്രച്ഛന്നായ രാജ്യദ്രോഹി എന്ന് ബ്രിട്ടീഷുകാർ വിശേഷിപ്പിച്ചതാരെ– ഗോപാലകൃഷ്ണ ഗോഖലെ

100 വോയ്സ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചത്– ദാദാഭായ് നവറോജി

101 വേദങ്ങളിലേക്കു മടങ്ങുക എന്ന് ആഹ്വാനം ചെയ്തത്– ദയാനന്ദ് സരസ്വതി

102 ശതവാഹനൻമാരുടെതലസ്ഥാനം–പ്രതിഷ്ഠാനം (ഗോദാവരീതീരത്ത്)

103 പുരാണങ്ങളിൽ ആന്ധ്രജൻമാർ എന്ന പേരിൽ അറിയപ്പെട്ടത്– ശതവാഹനൻമാർ

104 സംഘകാല കവയിത്രികളിൽ ഏറ്റവും പ്രശസ്ത– ഔവ്വയാർ

105 രഞ്ജിത് സിങിന്റെ തലസ്ഥാനം– ലാഹോർ

106 മറാഠികളെ മൂന്നാം പാനപ്പട്ടു യുദ്ധത്തിൽ(1761) തോൽപിച്ച അഹമ്മദ് ഷാ അബ്ദാലി ആരെയാണ് മുഗൾ ചക്രവർത്തിയായി നാമനിർദ്ദേശം ചെയ്തത്– ഷാ ആലം രണ്ടാമനെ

107 ഔറംഗസീബിനെ നശിപ്പിച്ച ഡക്കാൺ അൾസർ എന്നു വിശേഷിപ്പിക്കപ്പെട്ടത് – മറാത്തർ

108 മുഗൾ സാമ്രാജ്യത്തിന്റെ തകർച്ചയോടെ ഉയർന്നുവന്ന പ്രവിശ്യകളിൽ ഏറ്റവും പ്രബലശക്തി– മറാഠികൾ

109 കോൺഗ്രസുമായി പൂനെ ഉടമ്പടിയിൽ ഏർപ്പെട്ട നേതാവ് –ബി.ആർ.അംബേദ്കർ

110 കോൺഗ്രസ് പ്രസിഡന്റായ രണ്ടാമത്തെ വിദേശി –വില്യം വെഡർബേൺ

111 കോൺഗ്രസ് അധ്യക്ഷ സ്ഥാനത്തെത്തിയ രണ്ടാമത്തെ വിദേശവനിത– നെല്ലി

സെൻഗുപ്ത (1933)

112 സംഘകാല ജനതയുടെ പ്രധാന ആരാധനാ മൂർത്തി– മുരുകൻ

113 സംഘകാല ചോളൻമാരുടെ ചിഹ്നം– കടുവ

114 സംഘകാലത്ത് ജീവിച്ചിരുന്ന പ്രശസ്തയായ കവയിത്രി– ഔവ്വയാർ

115 സംഘകാലത്തെ രാജവംശങ്ങളിൽ മികച്ച നാവികസേനയെ നിലനിർത്തിയിരുന്നത്– ചോളൻമാർ

116 ശിവജി അന്തരിച്ച വർഷം– 1680(രാജ്ഗഢിൽ)

117 ജ്യോതിബ ഫുലെയുടെ രാഷ്ട്രീയ ശിഷ്യൻ–ബി.ആർ.അംബേദ്കർ

118 ദേവസമാജത്തിന്റെ സ്ഥാപകൻ –ശിവനാരായൺ അഗ്നിഹോത്രി

119 ദേശബന്ധു എന്നറിയപ്പെട്ടത്– സി.ആർ. ദാസ്

120 സംഘകാലത്തെ ഏറ്റവും പ്രധാനപ്പെട്ട തമിഴ് വ്യാകരണഗ്രന്ഥം– തോൽക്കാപ്പിയം

121 സംഘകാലചേരൻമാരുടെ പ്രധാന തുറമുഖം– മുസിരിസ്

122 ശിവജി തലസ്ഥാനമാക്കിയ നഗരം– രാജ്ഗഢ്

123 ശിവജിയുടെ മന്ത്രിസഭ– അഷ്ടപ്രധാൻ

124 തമിഴ്നാട്ടിൽ ഉപ്പു സത്യാഗ്രഹത്തിന്റെ (1930) വേദി–വേദാരണ്യം കടപ്പുറം

125 തമിഴ്നാട്ടിൽ സി.രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത മലയാളി–ജി. രാമചന്ദ്രൻ

126 ശ്രീലങ്ക കീഴടക്കിയ ആദ്യ ചോളരാജാവ്– ഇലാര

127 കാർലെയിലുള്ള പ്രശസ്തമായ ചൈത്യ നിർമിച്ചത് ഏതു വംശക്കാരുടെ കാലത്താണ്– ശതവാഹന

128 ശിവജി ആഗ്രയിൽ മുഗൾ രാജധാനി സന്ദർശിച്ച വർഷം– 1666

129 ശിവജിയുടെ പിൻഗാമി– സാംബാജി

130 ഹൈന്ദവധർമോദ്ധാരകൻ എന്ന സ്ഥാനപ്പേര് സ്വീകരിച്ചത്– ശിവജി

131 മറാത്ത വംശമായ ഹോൾക്കർ എവിടെയാണ് ഭരിച്ചത്– ഇൻഡോർ

132 മറാത്ത വംശമായ ഭോൺസലെ എവിടെയാണ് ഭരിച്ചത്– നാഗ്പൂർ

133 ദ ഇന്ത്യൻ സ്ട്രഗിൾ ആരുടെ ആത്മകഥയാണ്– നേതാജി സുഭാഷ് ബോസ്

134 ദത്തവകാശ നിരോധന നിയമപ്രകാരം ബ്രിട്ടീഷ് ഇന്ത്യയോടു ചേർത്ത ആദ്യ നാട്ടുരാജ്യം– സത്താറ

135 ഏറ്റവും കൂടുതൽ കാലം ഭരിച്ച ശതവാഹന രാജാവ്– ശതകർണി രണ്ടാമൻ

136 ചേരരാജാക്കൻമാരിൽ ഏറ്റവും പ്രധാനി– ചെങ്കുട്ടുവൻ

137 ഏത് മുഗൾ ചക്രവർത്തിയാണ് സാംബാജിയെ വധിച്ചത്– ഔറംഗസീബ്

138 സാംബാജിയുടെ പിൻഗാമി– രാജാറാം

139 മറാത്തരെ നയിച്ച വനിത– താരാഭായി

140 ആദ്യത്തെ പേഷ്വാ ഭരണാധികാരി– ബാലാജി വിശ്വനാഥ്(1713–20)

141 ദി ബംഗാളി എന്ന പത്രം 1879–ൽ ആരംഭിച്ചതാര് –സുരേന്ദ്രനാഥ് ബാനർജി

142 ദീനബന്ധു എന്ന അപരനാമത്തിലറിയപ്പെട്ടത്– സി.എഫ്.ആൻഡ്രൂസ്

143 ദണ്ഡിയാത്ര നടന്ന വർഷം– 1930

144 ദണ്ഡിയാത്രയിൽ സന്നദ്ധഭടൻമാർക്ക് ആവേശം പകർന്ന ഗാനം– രഘുപതി രാഘവ രാജാറാം

145 ദ്വിരാഷ്ട്ര സിദ്ധാന്തം ആവിഷ്കരിച്ചത് – മുഹമ്മദലി ജിന്ന

146 ചോള രാജ്യത്തെ പ്രധാന നദിയായിരുന്നത്– കാവേരി

147 വാകാടക വംശം സ്ഥാപിച്ചത്– വിന്ധ്യാശക്തി

148 അവസാനത്തെ പേഷ്വാ ഭരണാധികാരി– ബാജിറാവു രണ്ടാമൻ(1795–1818)

149 പേഷ്വാമാരിൽ ഏറ്റവും പ്രഗല്ഭൻ– ബാജിറാവു ഒന്നാമൻ(1720–40)

150 പേഷ്വാമാരിൽ ഏറ്റവും ദുർബലൻ– ബാജിറാവു രണ്ടാമൻ

151 പേഷ്വാ വംശത്തിൽ ആകെ എത്ര ഭരണാധികാരികൾ– 7

152 പെഷ്വമാരുടെ ഭരണകേന്ദ്രം– പൂന

153 ആത്മീയ സഭ സ്ഥാപിച്ചത്– രാജാറാം മോഹൻ റോയ്

154 ഇന്ത്യൻ മണ്ണിൽവച്ച് 1925ൽ കമ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ട സ്ഥലം– കാൺപൂർ

155 ഒന്നാം ലോകമഹായുദ്ധക്കാലത്ത് ജർമനി ആക്രമിച്ച ഏക ഇന്ത്യൻ നഗരം– ചെന്നൈ

156 ദക്ഷിണേന്ത്യയിലെ അശോകൻ എന്നറിയപ്പെട്ടത്– അമോഘവർഷൻ

157 തിരുക്കുറൽ രചിച്ചതാര്– തിരുവള്ളുവർ

158 ശിവജിയും മുഗളരും പുരന്ധർ സന്ധി ഒപ്പിട്ട വർഷം– 1665

159 ശിവജിയുടെ അവസാനത്തെ സൈനിക പര്യടനം– കർണാടകം

160 മറാത്ത വംശമായ ഗെയ്ക്ക് വാദ് എവിടെയാണ് ഭരിച്ചത്– ബറോഡ

161 ഖജുരാഹോ ക്ഷേത്രം പണികഴിപ്പിച്ചത് – ഛന്ദേലൻമാർ

162 ജോധ്പൂർ കൊട്ടാരത്തിൽവച്ച് ഭക്ഷ്യവിഷബാധയേറ്റ് അന്തരിച്ചത്– ദയാനന്ദ് സരസ്വതി

163 ജോർജ് അഞ്ചാമൻ രാജാവിൻെറ സന്ദർശനത്തിൻെറ (1911) സ്മരണയ്ക്ക്



നിർമിക്കപ്പെട്ടത്– ഗേറ്റ്‌വേ ഓഫ് ഇന്ത്യ

164 ജോർജ് അഞ്ചാമൻ രാജാവിന്റെ ഇന്ത്യൻ സന്ദർശനസമയത്ത് വൈസ്രോയി– ഹാർഡിഞ്ച് പ്രഭു

165 കോവലന്റെയും കണ്ണകിയുടെയും പ്രണയം പ്രതിപാദ്യമായ കൃതി– ചിലപ്പതികാരം

166 പുലികേശി രണ്ടാമനെ പരാജയപ്പെടുത്തിയ പല്ലവരാജാവ്– നരസിംഹവർമൻ

167 ചാലൂക്യ വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ– പുലികേശി രണ്ടാമൻ

168 ഛന്ദേലൻമാർ ഭരിച്ചിരുന്ന രാജ്യം– ബുന്ദേൽഖണ്ഡ്

169 ഖജുരാഹോ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട മതങ്ങൾ– ജൈനമതവും ശൈവമതവും

170 കഥസരിത്സാഗരം രചിച്ചത്– സോമദേവൻ

171 രാജതരംഗിണി രചിച്ചത്– കൽഹണൻ

172 ദേശ്നായക് എന്നു വിശേഷിപ്പിക്കപ്പെട്ട വ്യക്തി– സുഭാഷ് ചന്ദ്രബോസ്

173 ദേശീയപതാകയുടെ ഇന്നത്തെ രൂപം അംഗീകരിച്ച തീയതി– 1947 ജൂലൈ 22

174 ഡൽഹി ഡർബാർ നടന്ന വർഷം– 1911

175 ജ്ഞാന പ്രകാശം എന്ന പത്രം നടത്തിയ നേതാവ്–ഗോപാലകൃഷ്ണ ഗോഖലെ

176 ചാലൂക്യവംശം സ്ഥാപിച്ചത്– ജയസിംഹൻ

177 ചാലൂക്യൻമാരുടെ തലസ്ഥാനം– വാതാപി

178 സപ്തശതകം രചിച്ച ശതവാഹനരാജാവ്– ഹാലൻ

179 വിക്രമാങ്കദേവചരിതം രചിച്ചത്– ബിൽഹണൻ

180 ഗീതഗോവിന്ദം രചിച്ചത്– ജയദേവൻ

181 എവിടുത്തെ ചരിത്രത്തെപ്പറ്റിയാണ് രാജതരംഗിണിയിൽ പ്രതിപാദിക്കുന്നത്– കശ്മീർ

182 ഡൽഹിയിലെ തോമാരവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്– മാഹിപാലൻ

183 കശ്മീരിലെ അക്ബർ എന്ന് വിശേഷിപ്പിക്കപ്പെട്ടത്– സെയ്നുൽ അബദിൻ(1420–70)

184 ഗാന്ധിജിയുടെ ആദ്യ സത്യാഗ്രഹം–1907

185 ഗാന്ധിജിയുടെ ആദ്യ ജയിൽവാസം അനുഭവിച്ച സ്ഥലം– ജൊഹന്നാസ്ബെർഗ്

186 താന്തിയാ തോപ്പിയെ തൂക്കിലേറ്റിയ വർഷം –1859

187 താന്തിയതോപ്പിയുടെ യഥാർഥപേര്– രാമചന്ദ്രപാണ്ഡുരംഗ

188 തുടർച്ചയായി ആറുവർഷം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായിരുന്നത്– അബുൾ കലാം ആസാദ്

189 കവിരാജമാർഗം രചിച്ചത്– അമോഘവർഷൻ

190 ഐഹോൾ ശാസനത്തിൽപരാമർശിക്കപ്പെടുന്ന രാജാവ്– പുലികേശി രണ്ടാമൻ

191 ഐഹോൾ ശാസനവുമായി ബന്ധപ്പെട്ട പണ്ഡിതൻ– രവികീർത്തി

192 ജൗൺപൂരിലെ ഷാർക്കി വംശം സ്ഥാപിച്ചത്– മാലിക് സർവാർ

193 ഷാർക്കി വംശത്തിലെ ഏറ്റവും മഹാൻ– ഷംസുദ്ദീൻ ഇബ്രാഹിം(1401–1440)

194 മാൾവയിൽ ഖിൽജി വംശം സ്ഥാപിച്ചത്– മഹമൂദ് ഖാൻ

195 മാൾവയുടെ മേൽ നേടിയ വിജയത്തിന്റെ സ്മരണയ്ക്ക് ചിറ്റോറിൽ വിജയസ്തംഭം നിർമിച്ചത്– കുംഭ റാണ

196 ദക്ഷിണേന്ത്യയിലെ ആദ്യ ആധുനിക സർവകലാശാല–മദ്രാസ് സർവകലാശാല

197 ദയാനന്ദ് സരസ്വതി ആദ്യ സമാജം സ്ഥാപിച്ച വർഷം–1875

198 ദയാനന്ദ് സരസ്വതിയുടെ പഴയ പേര്– മുൽ ശങ്കർ

199 ചിലപ്പതികാരം രചിച്ചത്– ഇളങ്കോവടികൾ

200 രാഷ്ട്രകൂട വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ– നരസിംഹവർമൻ ഒന്നാമൻ

201 രാഷ്ട്രകൂടവംശം സ്ഥാപിച്ചത്– ദന്തിദുർഗൻ

202 പുരിയിലെ ജഗന്നാഥ ക്ഷേത്രം പണികഴിപ്പിച്ചത്– ആനന്ദവർമൻ ചോഡഗംഗ(1076–1148)

203 ഖാൻദേശിൽ 1338–ൽ ഫറൂക്കി വംശം സ്ഥാപിച്ചത്– മാലിക് രാജ

204 ഗുജറാത്തിൽ ജസിയ ഏർപ്പെടുത്തിയ ഏക ഭരണാധികാരി– അഹമ്മദ് ഷാ ഒന്നാമൻ

205 മുഗൾ മേൽക്കോയ്മ അംഗീകരിച്ച ആദ്യത്തെ രജപുത്ര രാജ്യം– ആംബർ

206 മുഗൾ ഭരണത്തിന്റെ തകർച്ചയോടെ ബംഗാളിൽ സ്വതന്ത്ര ഭരണകൂടം സ്ഥാപിച്ചത്– മുർഷിദ് കുലി ഖാൻ

207 ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ– ജനറൽ ഡയർ

208 സാൻഫ്രാൻസിസ്കോയിൽ ഗദ്ദർ പാർട്ടിക്കു രൂപം നൽകിയത്– ലാലാ ഹർദയാൽ

209 സാവിത്രി രചിച്ചത്– അരവിന്ദഘോഷ്

210 കിരാതാർജുനീയം രചിച്ചതാര്– ഭാരവി

211 ആരുടെ സദസ്യനായിരുന്നു ഭാരവി– സിംഹവിഷ്ണു

212 ആരുടെ സദസ്യനായിരുന്നു രവികീർത്തി– പുലികേശി രണ്ടാമൻ

213 ജാട്ട് ഭരണാധികാരികളിൽ ഏറ്റവും ശക്തൻ– സൂരജ് മൽ

214 ജാട്ടുകളുടെ പ്ലേറ്റോ എന്നറിയപ്പെട്ടത് – സൂരജ്മൽ

215 കൊണാർക്കിലെ സൂര്യക്ഷേത്രം പണികഴിപ്പിച്ചത്– പൂർവ ഗംഗാവംശത്തിലെ നരസിംഹദേവൻ

216 രണ്ടാം ചോള സാമ്രാജ്യത്തിന്റെ യഥാർഥ സ്ഥാപകൻ– വിജയാലയൻ

217 ലൈഫ് ഓഫ് മഹാത്മാഗാന്ധി രചിച്ചത്– ലൂയി ഫിഷർ

218 ലൈഫ് ഡിവൈൻ രചിച്ചത്– അരവിന്ദഘോഷ്

219 വൈദ്യുതീകരിക്കപ്പെട്ട ആദ്യത്തെ ദക്ഷിണേന്ത്യൻ നഗരം –ബാംഗ്ലൂർ

220 മണിമേഖല രചിച്ചതാര്– സത്തനാർ

221 ആരുടെ സദസ്യനായിരുന്നു ദണ്ഡി– നരസിംഹവർമൻ

222 നാട്യശാസ്ത്രം രചിച്ചത്– ഭരതമുനി

223 ഗംഗൈ കൊണ്ട ചോളൻ എന്നറിയപ്പെട്ടത്– രാജേന്ദ്രൻ ഒന്നാമൻ

224 ബോവർ യുദ്ധത്തിൽ ഗാന്ധിജി ബ്രിട്ടീഷുകാർക്കു നൽകിയ സേവനങ്ങളെ മാനിച്ച് നൽകപ്പെട്ട ബഹുമതി– കൈസർ –ഇ–ഹിന്ദ്

225 ബോംബെയ്ക്കുമുമ്പ് പശ്ചിമതീരത്ത് ബ്രിട്ടീഷുകാരുടെ പ്രധാന താവളമായിരുന്ന നഗരം –സൂറത്ത്

226 നീതിസാരം, വൈരാഗ്യശതകം എന്നിവ രചിച്ചതാര്– ഭർതൃഹരി

227 പാലവംശം സ്ഥാപിച്ചത്– ഗോപാലൻ

228 പാണിനി ഏതു നിലയിലായിരുന്നു പ്രശസ്തൻ– സംസ്കൃത വൈയാകരണൻ

229 വെങ്ങി തലസ്ഥാനമാക്കി പൂർവ ചാലൂക്യവംശം സ്ഥാപിച്ചത്– കുബ്ജ വിഷ്ണു വർധൻ

230 കല്യാണിൽ എ.ഡി.973–ൽ പശ്ചിമ ചാലൂക്യവംശം സ്ഥാപിച്ചത്– തൈല

231 പശ്ചിമ ചാലൂക്യവംശത്തിലെ ഏറ്റവും മഹാനായ രാജാവ്– വിക്രമാദിത്യ രണ്ടാമൻ(1076–1126)

232 ഗാന്ധിജിയുടെ മുത്തച്ഛൻ– ഉത്തംചന്ദ് ഗാന്ധി

233 ഗാന്ധിജിയുടെ ആത്മകഥ ഇംഗ്ളീഷിലേക്ക് പരിഭാഷപ്പെടുത്തിയത്– മഹാദേവ് ദേശായി, പ്യാരേലാൽ

234 ബ്രോക്കൺ വിങ്സ് രചിച്ചത്– സരോജിനി നായിഡു

235 റേഡിയോയിലൂടെ ജനങ്ങളെ അഭിസംബോധന ചെയ്ത ആദ്യ ഇന്ത്യൻ നേതാവ്– നേതാജി സുഭാഷ് ചന്ദ്ര ബോസ്

236 ലോകമാന്യ എന്നറിയപ്പെട്ട നേതാവ്– ബാലംഗംഗാധര തിലകൻ

237 വിക്രംശില സർവകലാശാല സ്ഥാപിച്ചത്– ധർമപാലൻ

238 മത്തവിലാസം രചിച്ചതാര്– മഹേന്ദ്രവർമൻ

239 തഞ്ചാവൂരിലെ ബൃഹദേശ്വര ക്ഷേത്രം നിർമിച്ചത്– രാജരാജൻ ഒന്നാമൻ

240 ഗംഗൈകൊണ്ടചോളപുരത്ത് ബൃഹദേശ്വര ക്ഷേത്രം നിർമിച്ചത്– രാജേന്ദ്രചോളൻ

241 ചിദംബരത്തെ നടരാജവിഗ്രഹം നിർമിച്ചത്– ചോളൻമാർ

242 സൈനികസഹായ വ്യവസ്ഥ ആവിഷ്കരിച്ച ഗവർണർ ജനറൽ– വെല്ലസ്ലി പ്രഭു

243 അമിത്രഘാത(ശത്രുക്കളുടെ ഘാതകൻ) എന്നറിയപ്പെട്ട മൗര്യഭരണാധികാരി– ബിന്ദുസാരൻ

244 അർഥശാസ്ത്രം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു– രാഷ്ട്രതന്ത്രം

245 ഹോയ്സാലൻമാരുടെ തലസ്ഥാനം– ദ്വാരസമുദ്രം

246 ബേലൂരിലെ ചെന്നകേശവ ക്ഷേത്രം 1117–ൽ പണികഴിപ്പിച്ചത്– ഹോയ്സാല വംശത്തിലെ വിഷ്ണുവർധൻ

247 യാദവ വംശത്തിന്റെ തലസ്ഥാനം– ദേവഗിരി

248 ലോകഹിതവാദി എന്ന പേരിലറിയപ്പെട്ട നേതാവ്– ഗോപാൽ ഹരി ദേശ്മുഖ്

249 വേദസമാജം സ്ഥാപിച്ചത് –ശ്രീധരലു നായിഡു

250 വേദാന്ത കോളേജ് സ്ഥാപിച്ചതാര്– രാജാറാം മോഹൻ റോയ്

251 അവസാനത്തെ സുംഗരാജാവ്– ദേവഭൂതി

252 അഷ്ടാംഗഹൃദയം രചിച്ചത്– വാഗ്ഭടൻ

253 കദംബ വംശം സ്ഥാപിച്ചത്– മയൂരവർമൻ

254 അഹമ്മദാബാദ് നഗരം സ്ഥാപിച്ചത്– അഹമ്മദ് ഷാ

255 കോൺഗ്രസിന്റെ പ്രഥമ സമ്മേളനത്തിൽ ആദ്യമായി പ്രസംഗിച്ചത്– എ. ഒ. ഹ്യൂം

256 കോൺഗ്രസ് സമ്മേളനം നടന്ന ആദ്യ ദക്ഷിണേന്ത്യൻ നഗരം– മദ്രാസ്

257 മഹാഭാഷ്യം രചിച്ചത്– പതഞ്ജലി

258 മഹാവിഭാഷം രചിച്ചതാര്– വസുമിത്രൻ

259 കാകതീയ വംശത്തിന്റെ തലസ്ഥാനം– വാറങ്കൽ

260 സേഫ്റ്റി വാൽവ് സിദ്ധാന്തവുമായി ബന്ധപ്പെട്ട വൈസ്രോയി– ഡഫറിൻ പ്രഭു

261 ഗേറ്റ് വേ ഓഫ് ഇന്ത്യ രൂപകൽപന ചെയ്തത്– ജോർജ് വിറ്റ്റ്

262 ആരുടെ ആസ്ഥാനകവിയായിരുന്നു ഭവഭൂതി– കനൗജിലെ യശോവർമൻ

263 ഇന്ത്യ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്– ഗ്രീക്കുകാർ

264 ഇന്ത്യൻ പുരാവസ്തുശാസ്ത്രത്തിന്റെ പിതാവ്– അലക്സാണ്ടർ കണ്ണിങ്ഹാം

265 ഇന്ത്യയിലെ ആദ്യത്തെ വൈയാകരണൻ– പാണിനി

266 രാജതരംഗിണി രചിച്ചത്– കൽഹണൻ

267 വാസ്കോ ഡ ഗാമ ഇന്ത്യയിലെത്തിയ വർഷം– 1498

268 പോണ്ടിച്ചേരി സ്ഥാപിച്ചത്– ഫ്രാൻസിസ് മാർട്ടിൻ

269 സൂറത്തിൽ ആദ്യത്തെ ഫ്രഞ്ചു ഫാക്ടറി സ്ഥാപിതമായ വർഷം– 1668

270 ഗോൾഡൻ ത്രെഷോൾഡ് ആരുടെ രചനയാണ്– സരോജിനി നായിഡു

271 ഗോവാലിയ ടാങ്ക് ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു– ഓഗസ്റ്റ് ക്രാന്തി മൈതാനം

272 ഗോഖലെ യുടെ രാഷ്ട്രീയഗുരു–എം. ജി.റാനഡേ

273 രാജതരംഗിണിയിൽഎവിടുത്തെരാജാക്കൻമാരുടെ ചരിത്രമാണ് പ്രതിപാദിക്കുന്നത്– കശ്മീർ

274 ലിംഗായത്തുകളുടെ ആരാധനാമൂർത്തി – ശിവൻ

275 ശിശുപാലവധം രചിച്ചതാര്– മാഘൻ

276 കുമാരപാലചരിതം രചിച്ചത്– ജയസിംഹൻ

277 അവസാനത്തെ മുഗൾ ഭരണാധികാരി – ബഹദൂർഷാ രണ്ടാമൻ

278 ഡച്ചുകാർ ഇന്ത്യയിൽ ആദ്യ ഫാക്ടറി സ്ഥാപിച്ച സ്ഥലം– മസൂലിപട്ടണം

279 പോർച്ചുഗീസുകാർ ഇന്ത്യയിൽ ആദ്യ ഫാക്ടറി സ്ഥാപിച്ച സ്ഥലം– കൊച്ചി

280 ജവാഹർലാൽ നെഹ്രു നിയമപരീക്ഷ ജയിച്ച് ബാരിസ്റ്ററായി ഇന്ത്യയിൽ തിരിച്ചെത്തിയ വർഷം– 1912

281 ജവാഹർലാൽ നെഹ്രു 1923ൽ ചെയർമാനായ മുനിസിപ്പാലിറ്റി– അലഹബാദ്

282 ജവാഹർലാൽ നെഹ്രു ജനിച്ച വർഷം – 1889

283 മഹാത്മാഗാന്ധി ദണ്ഡിയാത്ര ആരംഭിച്ച സ്ഥലം– അഹമ്മദാബാദ്

284 മഹാത്മാഗാന്ധിയുടെ ആത്മകഥ ഏത് പ്രസിദ്ധീകരണത്തിലാണ് ആദ്യം അച്ചടിച്ചത്– നവജീവൻ

285 മഹാത്മാഗാന്ധി വധിക്കപ്പെട്ടത്– 1948 ജനുവരി 30

286 ഭഗത് സിങിനൊപ്പം തൂക്കിലേറ്റപ്പെട്ടവർ – രാജ്ഗുരു, സുഖ്ദേവ്

287 ഭാരതത്തിൽ പ്രത്യേക നിയോജക മണ്ഡല സംവിധാനം നടപ്പിൽ വരുത്തിയ നിയമപരിഷ്കാരം– ഇന്ത്യൻ കൗൺസിൽ നിയമം–1909

288 സേനവംശത്തിലെ ആദ്യ ഭരണാധികാരി– വിജയസേനൻ

289 ജൈനപണ്ഡിതനായഹേമചന്ദ്രൻ ആരുടെ സദസ്യനായിരുന്നു– ജയസിംഹ സിദ്ധരാജ

290 സൈമൺ കമ്മിഷൻ രൂപംകൊണ്ട വർഷം– 1927

291 പ്രാകൃതഭാഷയുടെ പാണിനി എന്നറിയപ്പെട്ടത്– ഹേമചന്ദ്രൻ

292 ഇന്ത്യ ആക്രമിച്ച ആദ്യത്തെ മുസ്ലിം ആക്രമണകാരി– മുഹമ്മദ് ബിൻ കാസിം (എ.ഡി.712)

293 ദക്ഷിണാഫ്രിക്കയിൽ പോകാൻ യോഗ്യത നേടിയ ആദ്യത്തെ ഇന്ത്യൻ ബാരിസ്റ്റർ– ഗാന്ധിജി

294 ലണ്ടനിൽ ഇന്ത്യാ ഹൗസ് സ്ഥാപിച്ചത് – ശ്യാംജി കൃഷ്ണവർമ

295 ജവാഹർലാൽ നെഹ്രു ലക്നൗ കോൺഗ്രസ് സമ്മേളനത്തിൽവച്ച് ഗാന്ധിജിയെ ആദ്യമായി കണ്ട വർഷം– 1916

296 ജവാഹർലാൽ നെഹ്രു കമലാകൗളിനെ വിവാഹം ചെയ്തത്– 1916 ഫെബ്രുവരി 16ന് (ഡൽഹിയിൽവച്ച്).

297 വലത്തുനിന്നും ഇടത്തോട്ട് എഴുതിയിരുന്ന പ്രാചീനഭാരതത്തിലെ ലിപി– ഖരോഷ്ടി

298 ദത്തവകാശ നിരോധന നിയമം ആവിഷ്കരിച്ച ഗവർണർ ജനറൽ– ഡൽഹൗസി

299 ഗാന്ധിജിയുടെ അവസാന വാക്കുകൾ – ഹേ റാം

300 ഗാന്ധിജിയുടെ അവസാനത്തെ ജയിൽ



വാസം– പൂനെയിലെ ആഗാഖാൻ കൊട്ടാരത്തിൽ

301 ഏതു സ്ഥലത്തെ അശോകസ്തംഭത്തിൽ നിന്നാണ് ഇന്ത്യയുടെ ദേശീയ ചിഹ്നം എടുത്തിട്ടുള്ളത്– സാരനാഥ്

302 കപ്പൽമാർഗം ആറു പ്രാവശ്യം ഇന്ത്യയിൽ വരികയും ഷാജഹാന്റെയും ഔറംഗസീബിന്റെയും കാലത്തെപ്പറ്റി വിവരിച്ചെഴുതുകയും ചെയ്ത ഫ്രഞ്ചുകാരൻ– ജീവ് ബാപ്റ്റിസ്റ്റ് ടവേണിയർ

303 ദാരയുടെ പീരങ്കിപ്പടയിൽ സേവനമനുഷ്ഠിച്ച ഇറ്റലിക്കാരൻ– നിക്കോളൊ മനുച്ചി

304 ഓഗസ്റ്റ് വിപ്ലവം എന്നറിയപ്പെടുന്നത്– ക്വിറ്റിന്ത്യാ സമരം

305 വിപ്ലവപ്രവർത്തനങ്ങൾ അവസാനിപ്പിച്ച് അരവിന്ദഘോഷ് സന്ന്യാസജീവിതം നയിച്ചത് എവിടെയാണ്–പുതുച്ചേരി

306 ദക്ഷിണാഫ്രിക്കയിൽവെച്ച് ഗാന്ധിജി തീവണ്ടിയിൽനിന്നും പുറത്താക്കപ്പെട്ട സ്റ്റേഷൻ– പീറ്റർമാരിറ്റ്സ്ബെർഗ്

307 ബംഗാൾ വിഭജനത്തെ ഇന്ത്യയിലെ ഹിന്ദു–മുസ്ലിം ഐക്യത്തിന്റെ മേൽവീണ ബോംബ് എന്നു വിശേഷിപ്പിച്ചതാര് – സുരേന്ദ്രനാഥ് ബാനർജി

308 ബംഗാൾ വിഭജനം റദ്ദാക്കിയ ബ്രിട്ടീഷ് രാജാവ്– ജോർജ് അഞ്ചാമൻ

309 പതിനേഴുതവണ ഇന്ത്യ ആക്രമിച്ച മുസ്ലിം ഭരണാധികാരി– മഹമൂദ് ഗസ്നി

310 ഇന്ത്യയിൽ ഏത് സ്ഥലത്തുനിന്നാണ് സതി എന്ന ആചാരം സംബന്ധിച്ച് ഏറ്റവും പഴക്കമുള്ള തെളിവ് ലഭിച്ചത്– ഏറാൻ

311 ഇന്ത്യയിൽ വന്ന് അത്യാഡംബരത്തിൽ ദർബാർ നടത്തിയ ബ്രിട്ടീഷ് ചക്രവർത്തി– ജോർജ് അഞ്ചാമൻ

312 ശിവജിയുടെ മുഖ്യ സചിവൻ– പേഷ്വാ

313 ശിവജി നടപ്പാക്കിയ പ്രധാന നികുതികൾ– ചൗത്, സർദേശ്മുഖി

314 ഡിണ്ടിഗലിലെ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ സ്ഥാപകനായ ഗാന്ധിയൻ–ജി രാമചന്ദ്രൻ

315 തക്ഷുകളെ അമർച്ച ചെയ്ത ഗവർണർ ജനറൽ – വില്യം ബെന്റിക് പ്രഭു

316 ഇന്ത്യയിൽ വ്യവസ്ഥാപിതമായ സിവിൽ സർവീസ് തുടങ്ങിയത് ആരുടെ കാലത്താണ്– കോൺവാലിസ്

317 ജൈനമതധർമശാസ്ത്രങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പൂർവങ്ങൾഎത്രയെണ്ണമാണ്– 14

318 ജൈനമതത്തിലെ പഞ്ചധർമങ്ങൾ– അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗൃഹം

319 ആഗ്രയിലെ മോട്ടി മസ്ജിദ് നിർമിച്ചത് – ഷാജഹാൻ

320 ബാഹ്മിനിവംശത്തിന്റെയുംവിജയനഗരത്തിന്റെയും പ്രധാന തർക്കവിഷയമായിരുന്ന പ്രദേശം– റെയ്ച്ചൂർ ദോബ്

321 മധുര മീനാക്ഷി ക്ഷേത്രം നിർമിച്ച വിജയ നഗര രാജാവ്– തിരുമല നായക്

322 ശതവാഹന വംശം സ്ഥാപിച്ചത്– സിമുകൻ

323 ഏത് സിഖ് ഗുരുവാണ് പഹുൽ സമ്പ്രദായം നടപ്പാക്കിയത്– ഗോബിന്ദ് സിങ്

324 ഖൽസ 1699–ൽ സ്ഥാപിച്ചത്– ഗോബിന്ദ് സിങ്

325 ടിപ്പു സുൽത്താൻ വധിക്കപ്പെട്ട വർഷം – 1799

326 ടിപ്പു സുൽത്താന്റെ തലസ്ഥാനമായിരുന്നത്– ശ്രീരംഗപട്ടണം

327 ഏതു രാജാവിന്റെ ആസ്ഥാനകവിയായിരുന്നു ബാണഭട്ടൻ– ഹർഷൻ

328 നർമദയുടെ തീരത്തുവച്ച് ഹർഷനെ പരാജയപ്പെടുത്തിയ ചാലൂക്യരാജാവ്– പുലികേശി രണ്ടാമൻ

329 സിക്കുകാരുടെ ആദ്യ ഗുരുവായ നാനാക്ക് (1469–1539) ജനിച്ച ഗ്രാമം– തൽവന്ദി

330 ടിപ്പുവിന്റെ പിതാവ്– ഹൈദരലി

331 പഞ്ചസിദ്ധാന്തിക, ബൃഹത്സംഹിത എന്നിവ രചിച്ചത്– വരാഹമിഹിരൻ

332 വിജയനഗരസാമ്രാജ്യത്തിന്റെഅവശിഷ്ടങ്ങൾ കാണാൻ കഴിയുന്ന ഹംപി ഏത് സംസ്ഥാനത്താണ്– കർണാടകം

333 സംഘകാലത്തെരാജവംശങ്ങളിൽഏതിനെക്കുറിച്ചാണ് മെഗസ്തനീസ് ആദ്യം പരാമർശിച്ചത്– പാണ്ഡ്യ

334 ഏതു മുഗൾ ചക്രവർത്തിയാണ് ശിവജിയെ തടവുകാരനാക്കിയത്– ഔറംഗസീബ്

335 ശിവജി ഛത്രപതിയായ വർഷം– 1674

336 അച്യുത ദേവരായരുടെകാലത്ത്വിജയനഗരംസന്ദർശിച്ചപോർച്ചുഗീസുകാരനായ കുതിര വ്യാപാരി– ഫെർനാവോ ന്യൂനിസ്

337 ടിപ്പുസുൽത്താൻ വധിക്കപ്പെടുമ്പോൾ ഗവർണർ ജനറൽ– വെല്ലസ്ലി പ്രഭു

338 ഷാജഹാൻ എന്ന വാക്കിനർഥം– ലോകത്തിന്റെ രാജാവ്

339 ബാഹ്മിനി രാജ്യത്തിലെ ആദ്യ സുൽത്താനായ ഹസ്സൻ ഗംഗു കിരീടധാരണം നടത്തിയപ്പോൾ സ്വീകരിച്ച പേര്– അലാവുദ്ദീൻ ബാഹ്മൻ ഷാ

340 ക്വിറ്റിന്ത്യാസമരവിളംബരം നടന്ന മൈതാനം– ബോംബെയിലെ ഗോവാലിയ ടാങ്ക്( ഇപ്പോൾ ഓഗസ്ത് ക്രാന്തി മൈതാനം)

341 സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റായിരിക്കെ(1938) രൂപവത്കരിച്ച ദേശീയാസൂത്രണസമിതിയുടെ അധ്യക്ഷൻ– ജവാഹർലാൽ നെഹ്രു

342 ബിദാറിലെ ബരീദ്ഷാഹിവംശം സ്ഥാപിച്ചത്– അമീർ അലി ബാരിദ് (1526–27)

343 ഹൈദരാബാദിൽ ചാർമിനാർ നിർമിച്ചത്– ഖുലി കുത്ബ് ഷാ

344 വിജയനഗരസാമ്രാജ്യസ്ഥാപകൻ– ഹരിഹരനും ബുക്കനും

345 ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷന് നേതൃത്വം നൽകിയത് –ഭഗത് സിങ്

346 ഹിന്ദു–മുസ്ലിം മൈത്രിയുടെ പ്രതിപുരുഷൻ എന്ന് ജിന്നയെ വിശേഷിപ്പിച്ചത്– സരോജിനി നായിഡു

347 ആവലാതിച്ചങ്ങല നിറുത്തലാക്കിയ മുഗൾ ചക്രവർത്തി– ഷാജഹാൻ

348 എ നേഷൻ ഇൻ മേക്കിങ് രചിച്ചത് – സുരേന്ദ്രനാഥ്ബാനർജി

349 എ.ബി.വാജ്പേയി ജനിച്ച സ്ഥലം– ഗ്വാളിയോർ

350 ജൈനമതത്തിലെ ത്രിരത്നങ്ങൾ– ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി

351 മഹാത്മാഗാന്ധി ജനിച്ച സ്ഥലം– പോർബന്തർ

352 മഹമൂദ് ഗസ്നിയുടെ ആസ്ഥാനകവി– ഫിർദൗസി

353 അക്ബറിന്റെ ഏറ്റവുമൊടുവിലത്തെ ദിഗ്വിജയം– അസീർഗഢ്

354 ഇന്ത്യയിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ ആസ്ഥാനമായിരുന്നത്– അഡയാർ

355 ഇന്ത്യയിലാദ്യമായി നിയമബിരുദം നേടിയ വനിത– കോർണേലിയ സോറാബ്ജി (1894)

356 ഇന്ത്യയിലെ ആദ്യത്തെ മെഡിക്കൽ കോളേജിന്റെ സ്ഥാപകൻ– വില്യം ബെന്റിക്

357 ചന്ദ്വാറിൽ വച്ചുനടന്ന യുദ്ധത്തിൽ (1194) മുഹമ്മദ് ഗോറി പരാജയപ്പെടുത്തിയ കനൗജിലെ രാജാവ്– ജയചന്ദ്രൻ

358 നളന്ദ സർവകലാശാല തകർത്തത്– ബക്തിയാർ ഖൽജി

359 ബ്രിട്ടീഷിന്ത്യയിലെ ഔറംഗസീബ് എന്നറിയപ്പെട്ടത്– കഴ്സൺ പ്രഭു

360 1857–ലെ കലാപകാലത്ത് ലക്നൗവിൽ കലാപം നയിച്ചതാര്– ബീഗം ഹസ്രത്ത് മഹൽ

361 സവർണ്ണ ഹിന്ദുക്കൾക്കെതിരായ സമരത്തിൻെറ ഭാഗമായി മനുസ്മൃതി കത്തിച്ച നേതാവ്–ബി.ആർ.അംബേദ്കർ

362 സാരെ ജഹാം സേ അച്ഛാ എന്നു തുടങ്ങുന്ന ഗാനം രചിച്ചത്– മുഹമ്മദ് ഇക്ബാൽ

363 സാമ്രാജ്യത്തിന്റെ അതിർത്തി മധ്യേഷ്യ വരെ വ്യാപിപ്പിച്ച ഇന്ത്യൻ ഭരണാധികാരി–കനിഷ്കൻ

364 1864–ൽ ബ്രിട്ടീഷ് ഇന്ത്യയുടെ വേനൽക്കാല തലസ്ഥാനമായ നഗരം–ഷിംല

365 അഞ്ചാമത്തെ സിഖ്ഗുരുവായ അർജുൻ ദേവിനെ വധിച്ച മുഗൾ ചക്രവർത്തി – ജഹാംഗീർ

366 ഷാജഹാനെ ഔറംഗസീബ് തടവിലാക്കിയ വർഷം– 1658

367 കൽക്കട്ട സർവകലാശാല ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചുകൊണ്ടിരുന്ന സർ സ്റ്റാൻലി ജാക്സനെ വെടിവച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമരനായിക– ബീണാദാസ്

368 കസ്തൂർബാ ഗാന്ധി അന്തരിച്ച കൊട്ടാരം– പൂനെയിലെ ആഗാഖാൻ കൊട്ടാരം

369 രണ്ടാം അലക്സാണ്ടർ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്– ദമത്രിയസ്സ്

370 രണ്ടാംഅശോകൻഎന്നുവിശേഷിപ്പിക്കപ്പെട്ടത്– കനിഷ്കൻ

371 ഷെർഷാ ചൗസ യുദ്ധത്തിൽ ഹുമയൂണിനെ പരാജയപ്പെടുത്തിയ വർഷം– 1539

372 ഷെർഷാ കനൗജ് യുദ്ധത്തിൽ ഹുമയൂണിനെ പരാജയപ്പെടുത്തിയ വർഷം – 1540

373 ഷാജഹാൻ അന്തരിച്ച വർഷം– 1666

374 എത്ര വർഷമാണ് ഷാജഹാൻ തടവിൽ ക്കിടന്നത്– 8

375 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ പ്രസിഡന്റ്– ഡബ്ല്യു.സി.ബാനർജി

376 ചിത്രരചനയിൽ തൽപരനായിരുന്ന മുഗൾ ചക്രവർത്തി– ജഹാംഗീർ

377 ഇന്ത്യയുടെ ദേശീയഗീതമായ വന്ദേമാതരം രചിച്ചത്– ബങ്കിം ചന്ദ്ര ചാറ്റർജി

378 സേനാപതി പുഷ്യമിത്രസുംഗനാൽ കൊല്ലപ്പെട്ട അവസാനത്തെ മൗര്യരാജാവ്– ബൃഹദ്രഥൻ

379 ഒൻപതാമത്തെ സിഖ് ഗുരുവായ തേജ് ബഹാദൂറിനെ വധിച്ചത് (എ.ഡി.1675) – ഔറംഗസീബ്

380 ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ക്ലാസിക്കൽ സംഗീതത്തിൽ ഏറ്റവും കൂടുതൽ കൃതികൾ രചിക്കപ്പെട്ടത്– ഔറംഗസീബ് (അതുമൂലം രാജസദസ്സിൽ പാട്ട് നിരോധിക്കപ്പെട്ടു.)

381 ചെങ്കോട്ട, ദിവാൻ ഇ ഖസ്, ഡൽഹിയിലെ ജാമാ മസ്ജിദ്, മോട്ടി മസ്ജിദ് എന്നിവ നിർമിച്ചത്– ഷാജഹാൻ

382 ഏത് മുഗൾ രാജകുമാരനാണ് ഭഗവത് ഗീത പേർഷ്യനിലേക്ക് തർജമ ചെയ്തത് – ദാരാഷുക്കോ

383 ഏതുവർഷമാണ് ഗാന്ധിജി രക്ഷാധികാരിയായി അഖിലേന്ത്യാ ഗ്രാമീണ വ്യവസായ സംഘടന ആരംഭിച്ചത്–1934

384 ഏത് നേതാവുമായിട്ടാണ് കോൺഗ്രസ് ,പൂനാ സന്ധിയിൽ ഏർപ്പെട്ടത് –ബി. ആർ.അംബേദ്കർ

385 ഏത് കോൺഗ്രസ് സമ്മേളനമാണ് നേതൃത്വം യുവതലമുറയ്ക്ക് കൈമാറിയത്– ലാഹോർ

386 വധിക്കപ്പെട്ട ഏക ബ്രിട്ടീഷ് ഇന്ത്യയിലെ വൈസ്രോയി– മേയോ പ്രഭു

387 മുഗൾ ശില്പവിദ്യയിൽ നിർമിച്ച ഏറ്റവും ഉൽകൃഷ്ടമായ മന്ദിരം– താജ്മഹൽ

388 എഡ്വിൻ ലുട്യൻസ് രൂപകൽപന ചെയ്ത ഇന്ത്യൻ നഗരം– ന്യൂഡൽഹി

389 വട്ടമേശസമ്മേളനകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി– റംസേ മക്ഡൊണാൾഡ്

390 എംഡൻ എന്ന മുങ്ങിക്കപ്പൽ ഏത് രാജ്യത്തിന്റേതായിരുന്നു– ജർമനി

391 ഇന്ത്യയുടെയും പാകിസ്താന്റെയും അതിർത്തി നിർണയിച്ച ബ്രിട്ടീഷ് നിയമജ്ഞൻ– സിറിൽ റാഡ്ക്ലിഫ്

392 ജൈനമതത്തെ തെക്കേ ഇന്ത്യയിലേക്ക് പ്രചരിപ്പിച്ചത്– ഭദ്രബാഹു

393 ഏതു മുഗൾ ചക്രവർത്തിയാണ് ചാക് വംശജരിൽനിന്ന് 1586–ൽ കശ്മീർ മുഗൾ സാമ്രാജ്യത്തോട് ചേർത്തത്– അക്ബർ

394 റാണാപ്രതാപിന്റെ കുതിര– ചേതക്

395 ജഹാംഗീർ അന്തരിച്ച വർഷം– 1627

396 ഇന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് ഏത് ഗവർണർ ജനറലിന്റെ കാലത്താണ് ആരംഭിച്ചത്– ഡൽഹൗസി

397 ഇന്ത്യയിൽ റെയിൽവേ കൊണ്ടുവന്ന ഗവർണർ ജനറൽ– ഡൽഹൗസി

398 ഇന്ത്യയിൽ പോസ്റ്റൽ സംവിധാനം നടപ്പാക്കിയ ഗവർണർ ജനറൽ– ഡൽഹൗസി

399 ജൈനമതത്തിലെ ആദ്യത്തെ തീർഥങ്കരൻ– ഋഷഭൻ

400 ജഹാംഗീറിന്റ ശവകുടീരം എവിടെയാണ്– ലാഹോർ

401 ജഹാംഗീറിന്റെ ശവകുടീരം പണികഴിപ്പിച്ചത്– ഷാജഹാൻ

402 ഇംഗ്ലണ്ടിൽനിന്ന് ഗാന്ധിജി നേടിയ ബിരുദം– ബാരിസ്റ്റർ അറ്റ് ലാ

403 ഇംഗ്ലണ്ടിലെത്തിയ ആദ്യത്തെ ബ്രാഹ്മണൻ– രാജാറാം മോഹൻ റോയ്

404 റാണാ പ്രതാപ് അന്തരിച്ച വർഷം– 1597

405 ഇന്ത്യയിലെ ആദ്യത്തെ നേത്രബാങ്ക് സ്ഥാപിതമായ നഗരം– കൊൽക്കത്ത

406 ഇന്ത്യയിലെ ആദ്യത്തെ ട്രേഡ് യൂണിയനായ മദ്രാസ് ലേബർ യൂണിയൻ സ്ഥാപിച്ചത്– ശിങ്കാര വേലു ചെട്ടിയാർ


407 ബി.സി.ആറാംശതകത്തിൽഉത്തരേന്ത്യയിലുണ്ടായിരുന്ന മഹാജനപദങ്ങളുടെ എണ്ണം– 16

408 ഏതു വംശത്തിലെ രാജാവായിരുന്നു അജാതശത്രു– ഹര്യങ്ക

409 ബിസി.6–ാം ശതകത്തിൽ ഉത്തരേന്ത്യയിലുണ്ടായിരുന്ന 16 മഹാജനപദങ്ങളിൽ ഏറ്റവും പ്രബലം– മഗധ

410 സുരസാഗരം രചിച്ചത്– സൂർദാസ്

411 രാമചരിതമാനസം, വിനയപത്രിക എന്നിവ രചിച്ചത്– തുളസീദാസ്



412 ബ്രിട്ടീഷിന്ത്യയുടെ വേനൽക്കാല തലസ്ഥാനമായിരുന്ന നഗരം– ഷിംല

413 പുരാണങ്ങളുടെ എണ്ണം– 18

414 പുരുഷസൂക്ത ഏതു വേദത്തിന്റെ ഭാഗമാണ്– ഋഗ്വേദം

415 ഭഗവത്ഗീതയുടെ അധ്യായങ്ങളുടെ പേര്– യോഗം

416 അടിമവംശ സ്ഥാപകൻ– കുത്തബ്ദ്ദീൻ ഐബക്

417 ഗുജറാത്ത് കീഴടക്കിയതിന്റെ (1572) സ്മരണയ്ക്ക് അക്ബർ നിർമിച്ചത്– ബുലന്ദ് ദർവാസ

418 ഇന്ത്യയിലാദ്യമായി ലിഫ്റ്റ് സ്ഥാപിക്കപ്പെട്ട നഗരം– കൊൽക്കത്ത

419 ലക്ഷബക്ഷ അഥവാ ലക്ഷം ദാനം ചെയ്യുന്നവൻ എന്നറിയപ്പെട്ട ഡൽഹി സുൽത്താൻ– കുത്തബ്ദ്ദീൻ ഐബക്

420 ആരുടെ അടിമയായിരുന്നു കുത്തബ്ദ്ദീൻ ഐബക്– മുഹമ്മദ് ഗോറി

421 1857–ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്– വിസ്കൗണ്ട് പാൽമർസ്റ്റോൺ

422 ബംഗാൾ വിഭജനം റദ്ദാക്കിയ വർഷം– 1911

423 ബംഗാൾ വിഭജിച്ച വൈസ്രോയി– കഴ്സൺ പ്രഭു

424 ഖിൽജി സുൽത്താൻമാർ ഏതു വംശജരായിരുന്നു– തുർക്കി

425 ഗാന്ധിജിക്ക് സിവിൽ ഡിസ്ഒബീഡിയൻസ് എന്ന ആശയം ആരിൽനിന്നാണ് ലഭിച്ചത്– ഹെൻറി ഡേവിഡ് തോറോ

426 ഗാന്ധിജിയുടെ പത്രാധിപത്വത്തിൽ യങ് ഇന്ത്യയുടെ ആദ്യ ലക്കം ഇറങ്ങിയത്– 1919

427 ബുദ്ധമതാനുയായിത്തീർന്ന ഭാരത ചക്രവർത്തി– അശോകൻ

428 ഏറ്റവും പ്രസിദ്ധനായ ലോദി സുൽത്താൻ– സിക്കന്ദർ ലോദി

429 ആഗ്ര നഗരം സ്ഥാപിച്ചത്– സിക്കന്ദർ ലോദി

430 സുൽത്താനേറ്റിന്റെ തലസ്ഥാനം ഡൽഹിയിൽനിന്നും ആഗ്രയിലേക്ക് മാറ്റിയത്– സിക്കന്ദർ ലോദി

431 ഇന്ത്യയിൽ 1946 സെപ്തംബർ രണ്ടിനു രൂപവത്കരിക്കപ്പെട്ട ഇടക്കാല മന്ത്രിസഭയുടെ ഉപാധ്യക്ഷ പദവി വഹിച്ചത്– ജവാഹർലാൽ നെഹ്രു

432 ഇന്ത്യയിൽ ആദ്യത്തെ സർവകലാശാല നിലവിൽവന്ന വർഷം– 1857

433 ആദ്യത്തെ ജൈനമതസമ്മേളനം നടന്ന സ്ഥലം– പാടലീപുത്രം

434 ബുദ്ധമതത്തെ ലോകമതമാക്കി വളർത്തിയ മൗര്യ ചക്രവർത്തി– അശോകൻ

435 ഡൽഹി ഭരിച്ച അവസാനത്തെ സുൽത്താൻവംശം– ലോദി

436 ത്രിരത്നങ്ങൾ ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു– ജൈനമതം

437 ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ബ്രിട്ടീഷ് രാജാവായിരുന്നത്– ജോർജ് ആറാമൻ

438 ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ബ്രിട്ടണിൽ അധികാരത്തിലായിരുന്നത്– ലേബർ പാർട്ടി

439 ആത്മകഥയെഴുതിയ മുഗൾ ചക്രവർത്തിമാർ– ബാബറും ജഹാംഗീറും

440 മുഗൾ ചക്രവർത്തിമാരിൽ സാഹിത്യത്തിൽ അഭിരുചി ഏറ്റവും കൂടുതലുണ്ടായിരുന്നത് – ബാബർ

441 ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപവത്കൃതമായ വർഷം– 1885

442 ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പേര് നിർദ്ദേശിച്ചതാര്– ദാദാഭായ് നവറോജി

443 ഏതു ലോഹത്തിലാണ് മുഹമ്മദ് ബിൻ തുഗ്ലക്ക് ടോക്കൺ കറൻസി നടപ്പാക്കിയത്– ചെമ്പ്

444 ഒരു കറൻസിയെ ടോക്കൺ കറൻസി എന്നുവിളിക്കുന്നതെപ്പോൾ– ഒരു കറൻസിക്ക് അതു നിർമിക്കാനുപയോഗിച്ചിരിക്കുന്ന പദാർഥത്തെക്കാൾ മൂല്യമുണ്ടെങ്കിൽ

445 ഗാന്ധിജിയുടെ ഒടുവിലത്തെ സത്യാഗ്രഹം അവസാനിച്ച ദിവസം– 1948 ജനവരി 18

446 1930 ഓഗസ്റ്റിൽ നാഗ്പൂരിൽ പിന്നാക്കവിഭാഗക്കാരുടെ അഖിലേന്ത്യാ സമ്മേളനം സംഘടിപ്പിച്ചത്–ബി.ആർ.അംബേദ്കർ

447 അരുണാചൽ പ്രദേശിൽ ബ്രിട്ടീഷ് ഭരണത്തിനു തുടക്കമിട്ട കരാർ– യാന്താവോ കരാർ (1826 ഫിബ്രവരി 24)

448 സേനവംശത്തിലെ ഏറ്റവും മഹാനായ രാജാവ്– വിജയസേനൻ

449 ബക്സാർ യുദ്ധത്തിൽ(1764) ബ്രിട്ടീഷുകാർ പരാജയപ്പെടുത്തിയത്– മിർ കാസിം

450 അഞ്ചാമത്തെ വേദം എന്നറിയപ്പെടുന്നത്– മഹാഭാരതം

451 മഹാഭാരതയുദ്ധം എത്ര ദിവസം നീണ്ടുനിന്നു– 18

452 അജ്മീരിൽ അർഹായി ദിൻ കാ ജോൻപരാപണികഴിപ്പിച്ചത്–കുത്തബ്ദ്ദീൻ ഐബക്

453 കുത്തബ്മിനാറിന്റെ നിർമാണം ആരംഭിച്ചത്– കുത്തബ്ദ്ദീൻ ഐബക്

454 ഏറ്റവും വലിയ ഉപനിഷത്ത്– ബൃഹദാരണ്യോപനിഷത്ത്

455 വാക്കുകളുടെ ഉൽഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വേദാംഗം– നിരുക്തം

456 ഇന്ത്യയിലെ അലക്സാണ്ടർ എന്നറിയപ്പെടാൻ ആഗ്രഹിച്ചത്– അലാവുദ്ദീൻ ഖിൽജി

457 ഇസ്ലാമിക ദൈവശാസ്ത്രത്തിന്റെ വക്താക്കളായ ഉലേമകൾ എന്ന പണ്ഡിതസമൂഹത്തിന്റെ ഉപദേശങ്ങൾ അവഗണിച്ച ആദ്യത്തെ ഡൽഹി സുൽത്താൻ– അലാവുദ്ദീൻ ഖിൽജി

458 ബഹിഷ്കൃത ഭാരത് എന്ന ദ്വൈവാരിക ആരംഭിച്ചത് –ബി.ആർ.അംബേദ്കർ

459 നീലം കൃഷിക്കാർക്കായി മഹാത്മാഗാന്ധി സമരം നടത്തിയ ചമ്പാരൻ ഏത് സംസ്ഥാനത്താണ്– ബീഹാർ

460 ഗാന്ധിജി 1910–ൽ ട്രാൻസ്വാളിനടുത്ത് സ്ഥാപിച്ച ആശ്രമം– ടോൾസ്റ്റോയ് ഫാം

461 നാട്ടുകാര്യങ്ങളിൽ അഭിപ്രായം പറയും മുമ്പ് ഇന്ത്യ മുഴുവൻ സന്ദർശിക്കാൻ ഗാന്ധിജിയെ ഉപദേശിച്ചതാര്–ഗോപാലകൃഷ്ണ ഗോഖലെ

462 നിയമപഠനത്തിനുശേഷം ഗാന്ധിജി ഇന്ത്യയിൽ പ്രാക്ടീസ് നടത്തിയ സ്ഥലങ്ങൾ– ബോംബെയിലും രാജ്കോട്ടിലും

463 നിരീശ്വരവാദിയായിത്തീർന്ന വിപ്ലവകാരി ആരാണ്? – ഭഗത് സിങ്

464 ഏത്വംശത്തിന്ശേഷമാണ്സേനൻമാർ ബംഗാളിൽ അധികാരത്തിൽ വന്നത്– ബംഗാൾ

465 മോഹൻജൊദാരോ എന്ന വാക്കിനർഥം – മരിച്ചവരുടെ കുന്ന്

466 ലോത്തൽ കണ്ടെത്തിയത്(1957)–എസ്. ആർ.റാവു

467 1939ൽ കോൺഗ്രസ്സ് പ്രസിഡന്റു സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് നടന്നപ്പോൾ ഗാന്ധിജി പിന്തുണച്ച സ്ഥാനാർഥി– പട്ടാഭി സീതാരാമയ്യ

468 നരേന്ദ്രനാഥ്ദത്ത എന്ന ബാല്യകാലനാമമുള്ള സ്വാമി വിവേകാനന്ദന് ആദ്യമിട്ട പേര് –വീരേശ്വർ ദത്ത

469 പത്രപ്രവർത്തനം നടത്തിയതിന്റെ പേരിൽ തടവനുഭവിക്കേണ്ടിവന്ന ആദ്യ ഇന്ത്യക്കാരൻ –സുരേന്ദ്രനാഥ് ബാനർജി

470 ഗാന്ധിജി ബ്രഹ്മചര്യം ജീവിതചര്യയായി സ്വീകരിക്കാൻ തീരുമാനിച്ച വർഷം – 1906

471 ശിവജി ജനിച്ച സ്ഥലം– ശിവനേർ

472 ശിവജിയുടെ പിതാവ് – ഷാഹ്ജി ഭോൺസ്ലെ

473 സേവാഗ്രാം പദ്ധതി ആവിഷ്കരിച്ചത്– മഹാത്മാഗാന്ധി

474 സേവാഗ്രാം ആശ്രമം ഏതു സംസ്ഥാനത്താണ്– മഹാരാഷ്ട്ര

475 സേവാദൾ രൂപവത്കരിച്ച് സാമൂഹിക പ്രവർത്തനങ്ങളിലേർപ്പട്ടത്– ജവാഹർലാൽ നെഹ്രു

476 സംഘകാലകൃതികളുടെ മുഖ്യപ്രമേയം – പ്രണയം, യുദ്ധം

477 തമിഴ് കവിതയിലെ ഒഡീസി എന്നറിയപ്പെടുന്ന കാവ്യം– മണിമേഖല

478 1940–ൽ ഗാന്ധിജി ആരംഭിച്ച വ്യക്തിസത്യാഗ്രഹത്തിൽ വിനോബാഭാവെയ്ക്കുശേഷം അടുത്തസത്യാഗ്രഹിയായി അറസ്റ്റുവരിച്ച് ജയിലിലായത്– ജവാഹർലാൽ നെഹ്രു

479 മറാത്ത വംശമായ സിന്ധ്യ എവിടെയാണ് ഭരിച്ചത്– ഗ്വാളിയോർ

480 ശിവജി ജനിച്ച വർഷം– 1627

481 തമിഴ്ദേശത്തിന്റെബൈബിൾഎന്നറിയപ്പെടുന്നത്– തിരുക്കുറൽ

482 ശിവജിയുടെ മാതാവ്– ജീജാഭായി

483 മറാത്ത മാക്യവെല്ലി എന്നറിയപ്പെട്ടത് – ബാലാജി വിശ്വനാഥ്

484 ശിവജിയെ സ്വാധീനിക്കുകയും ആയുധാഭ്യാസം പരിശീലിപ്പിക്കുകയും ചെയ്ത ബ്രാഹ്മണൻ– ദാദാജി കൊണ്ടദേവ്

485 ശിവജിയുടെ ആത്മീയ ഗുരു– രാംദാസ്

486 ഹോം റൂൾ പ്രസ്ഥാനം ആരംഭിച്ചത്– ആനി ബസന്റ്

487 ഹോംറൂൾ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം– ബ്രിട്ടീഷ് സാമ്രാജ്യത്തിനുള്ളിൽ സ്വയംഭരണം നേടുക

488 പാലംവംശത്തിലെ ധർമപാലനെ പരാജയപ്പെടുത്തിയരാഷ്ട്രകൂടവംശജൻ– ധ്രുവൻ

489 സുഭാഷ് ചന്ദ്രബോസ് ജനിച്ച സ്ഥലം– കട്ടക്ക്

490 സുംഗവംശരാജാക്കൻമാരുടെതലസ്ഥാനമായിരുന്നത്– വിദിശ

491 സുംഗവംശം സ്ഥാപിച്ചത്– പുഷ്യമിത്ര സുംഗൻ

492 ചോർച്ചാ സിദ്ധാന്തം ആവിഷ്കരിച്ചതാര്– ദാദാഭായ് നവറോജി

493 സംഘകാലത്തെ പാണ്ഡ്യരാജാക്കൻമാരിൽ ഏറ്റവും പരാക്രമി– നെടുഞ്ചേഴിയൻ

494 പാലവംശം സ്ഥാപിച്ചത്– ഗോപാല

495 രാഷ്ട്രകൂടവംശം സ്ഥാപിച്ചത്– ദന്തിദുർഗൻ

496 ഏതു രാജാവിന്റെ കാലത്താണ് ശകവർഷം ആരംഭിച്ചത്– കനിഷ്കൻ

497 ഗ്രാൻഡ് ട്രങ്ക് റോഡ് നിർമിച്ചത്– ഷെർഷാ

498 ഗ്രാൻഡ് ട്രങ്ക് റോഡ് ഏതെല്ലാം സ്ഥലങ്ങളെ തമ്മിൽബന്ധിപ്പിക്കുന്നത്– സോനാർ

499 ഗവോൺ(കൊൽക്കത്ത),പെഷവാർ

500 ഷെർഷായുടെ പിൻഗാമി– ഇസ്ലാം ഷാ

# ഇൻഫർമേഷൻ ടെക്നോളജി

* കംപ്യൂട്ടറിലേക്ക് ഡാറ്റ നൽകുന്ന പ്രക്രിയയാണ് ഇൻപുട്ട്. കീ ബോർഡ്, മൗസ് തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെ ഇൻപുട്ട് നടത്താം.
* ഇൻപുട്ട് സംവിധാനത്തിലൂടെ നാം നൽകുന്ന വിവരങ്ങൾ കംപ്യൂട്ടർ അതിന് അനുയോജ്യമായ രീതിയിൽ കൈകാര്യം ചെയ്യുന്ന പ്രക്രിയയെ പ്രോസസിങ് എന്നു പറയുന്നു.
* പ്രോസസിങ് നടത്തിയതിനുശേഷം കംപ്യൂട്ടർ നൽകുന്ന ഫലമാണ് ഔട്ട്പുട്ട്. മോണിട്ടറാണ് കംപ്യൂട്ടറിന്റെ പ്രാഥമിക ഔട്ട്പുട്ട് ഉപകരണം.
* കംപ്യൂട്ടറിന്റെ സംഭരണശേഷിയാണ് കംപ്യൂട്ടറിന്റെ മെമ്മറി എന്നറിയപ്പെടുന്നത്.
* കംപ്യൂട്ടർ പ്രവർത്തിക്കുന്നത് ബൈനറി സംഖ്യകൾ ഉപയോഗിച്ചാണ്. പൂജ്യം, ഒന്ന് എന്നിവയാണ് ബൈനറി സംഖ്യകൾ. ഈ സംഖ്യകൾ ബിറ്റ് എന്നറിയപ്പെടുന്നു.
* ബൈനറി ഡിജിറ്റ് എന്നതിന്റെ ചുരുക്കപ്പേരാണ് ബിറ്റ്. കംപ്യൂട്ടറിന് പ്രോസസ് ചെയ്യാൻ കഴിയുന്ന ഏറ്റവും ചെറിയ യൂണിറ്റാണിത്. എട്ട് ബിറ്റുകൾ ചേരുമ്പോൾ ഒരു ബൈറ്റ് ആയി മാറുന്നു. കംപ്യൂട്ടറിൽ ഒരു ക്യാരക്ടർ ഒരു ബൈറ്റാണ്. അക്കം, അക്ഷരം, പ്രതീകം തുടങ്ങിയവയെല്ലാം ക്യാരക്ടറുകളാണ്.
* 1024 ബൈറ്റുകൾ ചേരുമ്പോൾ ഒരു കിലോബൈറ്റും 1024 കിലോബൈറ്റുകൾ ചേരുമ്പോൾ ഒരു മെഗാബൈറ്റും ആകുന്നു. കിലോബൈറ്റ് ഗആ എന്ന ചുരുക്കപ്പേരിലും മെഗാബൈറ്റ് ങആ എന്ന ചുരുക്കപ്പേരിലും പരാമർശിക്കപ്പെടുന്നു.
* ഒരു മെഗാബൈറ്റിലുള്ള ബൈറ്റുകളുടെ എണ്ണം 1048576 ആണ്. 1024 മെഗാബൈറ്റുകൾ ഒരു ജിഗാബൈറ്റിന് തുല്യമാണ്. ഇതിന്റെ ചുരുക്കരൂപമാണ് ഏആ.
* ഒരു കംപ്യൂട്ടർ സിസ്റ്റത്തിൽ നമുക്ക് കാണാനും സ്പർശിക്കാനും സാധിക്കുന്ന എല്ലാ ഭാഗങ്ങളെയും പറയുന്ന പേരാണ് ഹാർഡ്‌വെയർ. കംപ്യൂട്ടർ കെയ്സ്, കീ ബോർഡ്, മൗസ്, മോണിട്ടർ തുടങ്ങിയവയെല്ലാം ഈ ഗണത്തിൽപ്പെടും.

## ബൂട്ടിങ്

കംപ്യൂട്ടർ സ്വിച്ച് ഓൺ ചെയ്ത് പ്രവർത്തന സജ്ജമാക്കുന്ന പ്രക്രിയയ്ക്ക് ബൂട്ടിങ് എന്നു പറയുന്നു. കംപ്യൂട്ടറിന്റെ വിഭവങ്ങളെയെല്ലാം പ്രവർത്തനസജ്ജമാക്കുകയാണ് ബൂട്ടിങ് ചെയ്യുന്നത്.

## സി.പി.യു.

കംപ്യൂട്ടറിന്റെ മസ്തിഷ്കം എന്നറിയപ്പെടുന്നത് സെൻട്രൽ പ്രോസസിങ് യൂണിറ്റാണ് (സി.പി.യു.). കംപ്യൂട്ടറിൽ ഉപയോഗിക്കുന്ന മൈക്രോപ്രോസസറിനെയാണ് സി.പി.യു. എന്ന് വിളിക്കുന്നത്. കംപ്യൂട്ടറിലെ ഏറ്റവും പ്രധാനപ്പെട്ട ചിപ്പാണ് പ്രോസസർ. നിർദ്ദേശങ്ങൾ പ്രവർത്തിപ്പിക്കുന്നതും വിവരങ്ങൾ ക്രോഡീകരിക്കുന്നതും ഉൾപ്പെടെയുള്ള പ്രധാന ചുമതലകൾ നിർവഹിക്കുന്നത് പ്രോസസർ ആണ്.

## ഫയലുകൾ

കംപ്യൂട്ടറിൽ വിവരങ്ങളെല്ലാം സൂക്ഷിക്കുന്നത് ഫയലുകളായിട്ടാണ്. അക്ഷരങ്ങളും ചിത്രങ്ങളുമെല്ലാം ഫയലുകളായി സൂക്ഷിക്കാൻ സാധിക്കും. സിസ്റ്റം ഫയൽ, പ്രോഗ്രാം ഫയൽ, ഡാറ്റ ഫയൽ എന്നിങ്ങനെ മൂന്നു തരം ഫയലുകളാണുള്ളത്.

## ഫ്ളോപ്പി ഡിസ്ക്

ഒരു കംപ്യൂട്ടറിൽനിന്ന് മറ്റൊന്നിലേക്ക് ഡാറ്റ മാറ്റുന്നതിന് സഹായകമായ ഉപാധിയാണ് ഫ്ളോപ്പി ഡിസ്ക്. ഇപ്പോൾ ഇവയ്ക്ക് പ്രചാരം കുറവാണ്. കംപ്യൂട്ടറിലെ ഫ്ളോപ്പി ഡ്രൈവിലാണ് ഇവ പ്രവർത്തിപ്പിക്കുന്നത്. മൂന്നര ഇഞ്ച് ഫ്ളോപ്പി ഡിസ്കും ഫ്ളോപ്പി ഡ്രൈവുമാണ് സാധാരണമായി ഉപയോഗിക്കുന്നത്. 144 മെഗാബൈറ്റ് ഡാറ്റയാണ് ഒരു ഫ്ളോപ്പി ഡിസ്കിൽ ശേഖരിക്കാൻ കഴിയുന്നത്.

## ഹാർഡ് ഡിസ്ക്

കംപ്യൂട്ടറിൽ വിവരങ്ങൾ സ്ഥിരമായി ശേഖരിക്കാൻ ഉപയോഗിക്കുന്ന പ്രാഥമിക സംഭരണോപാധിയാണ് ഹാർഡ് ഡിസ്ക്. മെഗാബൈറ്റിലോ ജിഗാബൈറ്റിലോ ആണ് സാധാരണമായി ഹാർഡ് ഡിസ്കിന്റെ ശേഷി പ്രസ്താവിക്കുന്നത്.

## കീബോർഡ്

ആൽഫാന്യൂമറിക് ഡാറ്റ കംപ്യൂട്ടറിലേക്ക് എന്റർചെയ്യാൻ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന ഇൻപുട്ട് ഉപകരണമാണ് കീ ബോർഡ്. നൂറ്റിയൊന്നോ നൂറ്റിനാലോ കീകളാണ് സാധാരണമായി കീബോർഡിൽ ഉള്ളത്. ടൈപ്പ് റൈറ്ററിന്റെ ഘടനയാണ് ഈ ഉപകരണത്തിനുള്ളത്.

## മദർ ബോർഡ്

കംപ്യൂട്ടറിലെ പ്രധാനപ്പെട്ട സർക്യൂട്ടുകൾ ക്രമീകരിച്ചിരിക്കുന്ന ബോർഡാണ് മദർ ബോർഡ്. കംപ്യൂട്ടറനകത്തെ എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും പ്ലഗ് ചെയ്യുന്നത് മദർ ബോർഡിലാണ്. ഇതിനായി പോർട്ടുകൾ, സ്ലോട്ടുകൾ തുടങ്ങിയവ മദർ ബോർഡിൽ ഉൾപ്പെടുത്തിയിരിക്കും. കീബോർഡ്, മൗസ് തുടങ്ങിയ ബാഹ്യോപകരണങ്ങൾ ബന്ധിപ്പിക്കുന്നതിന് മദർ ബോർഡിൽ ഒരുക്കിയിരിക്കുന്ന സംവിധാനമാണ് പോർട്ടുകൾ.

## മെമ്മറി

കംപ്യൂട്ടറിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും രണ്ടുതരം മെമ്മറികളാണുള്ളത്. റോം അഥവാ റീഡ് ഒൺലി മെമ്മറിയും റാം അഥവാ റാൻഡം അക്സസ് മെമ്മറിയും. കംപ്യൂട്ടറിൽ സ്ഥിരമായിരിക്കുന്നതും മാറ്റം വരുത്താൻ കഴിയാത്തതുമായ മെമ്മറിയാണ് റോം. ഇൻപുട്ട് ഉപകരണങ്ങൾവഴി കംപ്യൂട്ടറിലെത്തുന്ന വിവരങ്ങൾ താത്കാലികമായി സൂക്ഷിച്ചുവയ്ക്കുന്നത് റാമിലാണ്. മെഗാബൈറ്റിലോ ജിഗാബൈറ്റിലോ ആണ് സാധാരണമായി മെമ്മറി പ്രസ്താവിക്കുന്നത്.

## മോഡം

മോഡുലേറ്റർ ഡീമോഡുലേറ്റർ എന്നതിന്റെ ചുരുക്കപ്പേരാണ് മോഡം. ടെലഫോൺ ലൈനിൽക്കൂടി കംപ്യൂട്ടറുകൾക്ക് വിവരം കൈമാറാൻ സഹായകമായ ഉപകരണമാണിത്.

## മൗസ്

ഒരു ഇൻപുട്ട് ഉപകരണമാണ് മൗസ്. ഡഗ്ലസ് ഏഞ്ചൽബർട്ടാണ് മൗസ് കണ്ടുപിടിച്ചത്. മോണിട്ടറിൽ കാണുന്ന വിവിധ ഐറ്റങ്ങൾ സെലക്ട് ചെയ്യാനും ചലിപ്പിക്കാനും ഈ പോയിന്റിങ് ഉപകരണത്തെ പ്രയോജനപ്പെടുത്തുന്നു. ഡഗ്ലസ് ഏഞ്ചൽബാർട്ട് ആണ് മൗസ് കണ്ടുപിടിച്ചത്.

## നെറ്റ്‌വർക്ക്

ഒന്നിലധികം കംപ്യൂട്ടറുകൾ തമ്മിൽ പ്രോഗ്രാമുകളും സോഫ്റ്റ്‌വെയറുകളും ഡാറ്റയും അന്യോന്യം പങ്കുവയ്ക്കാൻ സഹായകമായ സംവിധാനമാണ് നെറ്റ് വർക്ക്.

## ഒപ്റ്റിക്കൽ ഡിസ്കുകൾ

നിരവധിയിനം ഒപ്റ്റിക്കൽ ഡിസ്കുകൾ ഇപ്പോൾ പ്രചാരത്തിലുണ്ട്. കോംപാക്ട് ഡിസ്ക്, ഡിജിറ്റൽ വേഴ്സറ്റൈൽ ഡിസ്ക്, ബ്ലൂറേ ഡിസ്ക് എന്നിവ ഉദാഹരണം.

## പ്രോഗ്രാമിങ് ലാംഗ്വേജ്

കംപ്യൂട്ടറിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ പ്രത്യേകം തയ്യാറാക്കിയ ഭാഷയാണ് പ്രോഗ്രാമിങ് ലാംഗ്വേജ്. ഇത് ഹൈ ലെവൽ ലാംഗ്വേജ് എന്നും അറിയപ്പെടുന്നു.

## സോഫ്റ്റ്‌വെയർ

ഏതെങ്കിലും ഒരു കാര്യം നിർവഹിക്കുന്നതിന് കംപ്യൂട്ടറിന് നൽകുന്ന ഇലക്ട്രോണിക് നിർദ്ദേശങ്ങളാണ് സോഫ്റ്റ്‌വെയർ. ഉപയോക്താക്കൾക്ക് ഉപയോഗിക്കാനും മാറ്റങ്ങൾ വരുത്താനും വിതരണം ചെയ്യാനുമെല്ലാം അധികാരവും അവകാശവും നൽകുന്ന സോഫ്റ്റ്‌വെയറുകളാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ. റിച്ചാർഡ് സ്റ്റാൾമാനാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത്.


## ഗ്നു

ഇന്റർനെറ്റിൽനിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്ന ഓപ്പറേറ്റിങ് സിസ്റ്റമാണ് ഗ്നു, ലിനക്സ് എന്നിവ.

## ലിനക്സ്

ലിനക്സ് വികസിപ്പിച്ചത് 1991–ൽ ലിനക്സ് ടോർവാൾഡ്സ് ആണ്.

# ബലം



ഭൗതികശാസ്ത്രം

* നാല് അടിസ്ഥാന ബലങ്ങളാണ് വൈദ്യുത കാന്തിക ബലം, ശക്ത അണുകേന്ദ്ര ബലം, ദുർബല അണുകേന്ദ്ര ബലം, ഗുരുത്വാകർഷണബലം എന്നിവ. ഇവയിൽ ഏറ്റവും ദുർബലം ഗുരുത്വാകർഷണബലമാണ്.
* ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതൽ ഗുരുത്വാകർഷണബലം അനുഭവപ്പെടുന്നത് ധ്രുവപ്രദേശങ്ങളിലാണ്. ഭൂമധ്യരേഖാ പ്രദേശത്ത് ഗുരുത്വാകർഷണബലം ധ്രുവപ്രദേശങ്ങളിലേതിനെക്കാൾ കുറവായിരിക്കും. ഗുരുത്വാകർഷണബലം കൂടുമ്പോൾ വസ്തുക്കൾക്ക് ഭാരക്കൂടുതൽ അനുഭവപ്പെടും. ഭൂകേന്ദ്രത്തിൽ ഒരു വസ്തുവിന്റെ ഭാരം പൂജ്യം ആയിരിക്കും.
* ഐസക് ന്യൂട്ടൺ ആണ് ഗുരുത്വാകർഷണബലം കണ്ടുപിടിച്ചത്.
* ചന്ദ്രനിലെ ഗുരുത്വാകർഷണം ഭൂമിയിലുള്ളതിന്റെ ആറിലൊന്നാണ്. ഭൂമിയിൽ അറുപത് കിലോ ഭാരമുള്ള വസ്തുവിന് ചന്ദ്രനിൽ 10 കിലോ ഭാരമാണ് ഉണ്ടാവുക.
* ഏറ്റവും ശക്തമായ ഗുരുത്വാകർഷണബലം അനുഭവപ്പെടുന്ന ഗ്രഹം വ്യാഴമാണ്.
* വൈദ്യുത കാന്തിക ബലമാണ് ഇലക്ട്രോണുകളെ വേർപെട്ടുപോകാതെ ആറ്റത്തിൽ പിടിച്ചുനിർത്തുന്നത്.
* ശക്ത അണുകേന്ദ്ര ബലമാണ് പ്രോട്ടോണുകളെയും ന്യൂട്രോണുകളെയും ന്യൂക്ലിയസ്സിൽ ഒന്നിച്ചുനിർത്തുന്നത്.
* ഒരു വസ്തുവിനെ ചലിപ്പിക്കണമെങ്കിൽ അതിൽ ബാഹ്യബലം പ്രയോഗിച്ചാലേ കഴിയൂ.
* സദിശ അളവായ ബലത്തിന്റെ ഏകകം ന്യൂട്ടൺ ആണ്.
* ഒരു വസ്തുവിന്റെ സമ്പർക്കം കാരണം മറ്റൊരു വസ്തുവിൽ അനുഭവപ്പെടുന്ന ബലത്തെ സമ്പർക്കബലം എന്നു വിളിക്കുന്നു. ഒരു വസ്തുവിന്റെ സമ്പർക്കം ഇല്ലാതെ മറ്റൊരു വസ്തുവിൽ അനുഭവപ്പെടുന്ന ബലമാണ് സമ്പർക്ക രഹിത ബലം.
* ഒന്നാം ചലന നിയമപ്രകാരം അസന്തുലിതമായ ഒരു ബാഹ്യബലം പ്രയോഗിക്കപ്പെടുന്നതുവരെ യാതൊരു വസ്തുവും അതിന്റെ നിശ്ചലാവസ്ഥയിലോ നേർരേഖയിലുള്ള സമചലനത്തിലോ തുടരുന്നതാണ്. ഒരു വസ്തുവിന് അതിന്റെ നിശ്ചലാവസ്ഥയ്ക്കോ നേർരേഖയിലുള്ള സമചലനത്തിനോ സ്വയം മാറ്റം വരുത്താനുള്ള കഴിവില്ലായ്മയാണ് ജഡത്വം.
* ഓടിക്കൊണ്ടിരിക്കുന്ന ബസ് പെട്ടെന്ന് നിർത്തുമ്പോൾ യാത്രക്കാർ മുന്നോട്ട് വീഴാൻ തുടങ്ങുന്നത് ചലന ജഡത്വം മൂലമാണ്.
* ദ്രാവകങ്ങളുടെ പ്രതലത്തിൽ അനുഭവപ്പെടുന്ന ബലമാണ് പ്രതല ബലം (സർഫസ് ടെൻഷൻ). ദ്രാവകോപരിതലത്തിലെ തന്മാത്രകൾ ഇരുവശങ്ങളിലേക്കും താഴേക്കും ആകർഷിക്കപ്പെടുന്നതാണ് ഇതിന് കാരണം.
* ജലത്തെക്കാൾ സാന്ദ്രതയുണ്ടെങ്കിലും ചെറുപ്രാണികൾക്ക് ജലത്തിൽമുങ്ങിപ്പോകാതെ ഉപരിതലത്തിൽ സ്ഥിതിചെയ്യാൻ സഹായിക്കുന്നത് പ്രതലബലമാണ്. ഒരു പേപ്പർ ക്ലിപ്പിനെ മുങ്ങിപ്പോകാതെ ജലോപരിതലത്തിൽ വയ്ക്കാൻ കഴിയുന്നതിനു പിന്നിലെ തത്ത്വവും പ്രതലബലമാണ്.
* സോപ്പ്, ഡിറ്റർജന്റ് എന്നിവ ലയിക്കുമ്പോഴും താപനില ഉയരുമ്പോഴും പ്രതലബലം കുറയും.
* പ്രതലബലം കാരണമാണ് ജലത്തുള്ളി ഗോളാകൃതിയിൽ കാണപ്പെടുന്നത്.
* ഒരു വസ്തു മറ്റൊരു വസ്തുവിനെ സ്പർശിച്ചുകൊണ്ട് ചലിക്കുമ്പോൾ അവയുടെ സ്പർശന തലങ്ങൾക്കിടയിൽ സമാന്തരമായി ഉളവാകുന്ന ബലമാണ് ഘർഷണബലം (ഫ്രിക്ഷണൽ ഫോഴ്സ്).
* ഒരേയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണമാണ് കൊഹിഷൻ. വ്യത്യസ്തയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണമാണ് അഡ്ഹിഷൻ.
* ദ്രാവകപാളികൾ തമ്മിലുള്ള ആപേക്ഷിക ചലനം കുറയ്ക്കത്തക്കത്ത വിധത്തിൽ അവയ്ക്കിടയിൽ ബലം ഉളവാക്കാനുള്ള ദ്രാവകത്തിന്റെ കഴിവാണ് ശ്യാനത (വിസ്കോസിറ്റി). വിസ്കോസിറ്റി അളക്കുന്ന ഉപകരണമാണ് വിസ്കോമീറ്റർ.
* താപനില ഉയരുന്നതിനനുസരിച്ച് ശ്യാനത കുറയും.
* ഭൂഗുരുത്വത്തിനെതിരായി സൂക്ഷ്മ സുഷിരങ്ങളിലൂടെ മുകളിലേക്ക് ഉയരാൻ ദ്രാവകങ്ങൾക്കുള്ള ശേഷിയാണ് കേശികത്വം (ക്യാപിലാരിറ്റി).
* വിളക്കുതിരിയിലൂടെ എണ്ണ മുകളിലേക്ക് കയറുന്നത് കേശികത്വം മൂലമാണ്.

# ഇന്ത്യൻ നാഷണൽ കോൺഗ്രസ്

**ആധുനിക ഇന്ത്യാ ചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. മിക്ക പരീക്ഷകളിലും അതു സംബന്ധമായ ചോദ്യങ്ങൾ പതിവായതിനാൽ കോൺഗ്രസിനെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. വസ്തുതകൾ വിശദമായി പഠിച്ചുകൊണ്ട് നമുക്ക് എൽ.ഡി.ക്ലർക്ക് പരീക്ഷയിലേക്ക് ആദ്യ ചുവട് വയ്ക്കാം.**

**ആർ.സി.സുരേഷ്കുമാർ**
rcsk1234@gmail.com

## കോൺഗ്രസിന്റെ ആദ്യ സമ്മേളനം

* സ്കോട്ലൻഡ് സ്വദേശിയും ഇംപീരിയൽ സിവിൽ സർവീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ ബ്രിട്ടിഷ് ഇന്ത്യയിൽ സേവന മനുഷ്ഠിക്കുകയും ചെയ്തിരുന്ന അലൻ ഒക്ടേവിയൻ ഹ്യൂം ആണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിക്കാൻ മുൻകൈയെടുത്തത്.
* ഇന്ത്യയുടെ ഭരണതലത്തിൽ അഭ്യസ്തവിദ്യരായ ഇന്ത്യക്കാർക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുക എന്നതായിരുന്നു കോൺഗ്രസ് രൂപവത്കരണത്തിന്റെ ലക്ഷ്യം.
* 1884 ഡിസംബറിൽ എ.ഒ.ഹ്യൂം മദ്രാസിൽ (ഇപ്പോൾ ചെന്നൈ) നടന്ന ഒരു തിയോസഫിക്കൽ കൺവെൻഷനുശേഷം 17 പേർ പങ്കെടുത്ത ഒരു യോഗത്തിൽ അ



ധ്യക്ഷത വഹിക്കുകയുണ്ടായി. ഈ യോഗത്തിലാണ് കോൺഗ്രസ് രൂപവത്കരണം സംബന്ധിച്ച ആശയം ഉരുത്തിരിഞ്ഞത്.
* 1884–ൽ രൂപവത്കരിക്കപ്പെട്ട ഇന്ത്യൻ നാഷണൽ യൂണിയൻ എന്ന സംഘടനയാണ് 1885–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നു പേരുമാറ്റിയത്.
* ബോംബെ (ഇപ്പോൾ മുംബൈ)യിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജിലാണ് 1885 ഡിസംബർ 28 മുതൽ 31 വരെയാണ് 72 ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്ത ആദ്യ കോൺഗ്രസ് സമ്മേളനം നടന്നത്.
* കോൺഗ്രസിന്റെ ആദ്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് വുമേഷ് ചന്ദ്ര ബാനർജിയാണ്.
* എ.ഒ. ഹ്യൂം ആയിരുന്നു കോൺഗ്രസിന്റെ ആദ്യ സെക്രട്ടറി.
* സംഘടനയ്ക്ക് ആ പേരു നിർദ്ദേശിച്ചത് ഇന്ത്യൻ ദേശീയ വാദത്തിന്റെ പിതാവായി വാഴ്ത്തപ്പെടുന്ന ദാദാഭായ് നവറോജിയാണ്. തെക്കേ ഇന്ത്യയുടെ വന്ദ്യവയോധികൻ എന്ന അപരനാമത്തിനുടമയും ദ ഹിന്ദു പത്രത്തിന്റെ സ്ഥാപകനുമായിരുന്ന ജി.സുബ്രമണ്യ അയ്യരാണ് സമ്മേളനത്തിൽ ആദ്യ പ്രമേയം അവതരിപ്പിച്ചത്.
* അന്നത്തെ വൈസ്രോയിയായിരുന്ന ഡഫറിൻ പ്രഭുവിന്റെ അനുവാദത്തോടെയാണ് സമ്മേളനം സംഘടിപ്പിച്ചത്. പിന്നീട് എല്ലാ വർഷവും ഡിസംബറിലാണ് കോൺഗ്രസ് സമ്മേളിച്ചിരുന്നത്.
* പൂനെ ആയിരുന്നു കോൺഗ്രസിന്റെ ആദ്യസമ്മേളനവേദിയായി നിശ്ചയിച്ചിരുന്ന സ്ഥലം
* പൂനെയിൽ പ്ലേഗ്രോഗം പടർന്നുപിടിച്ചതിനാലാണ് സമ്മേളന വേദി ബോംബെയിലേക്ക് മാറ്റേണ്ടിവത്.
* കൊൽക്കത്തയിൽ നടന്ന കോൺഗ്രസിന്റെ രണ്ടാം സമ്മേളനത്തിൽ 434 പ്രതിനിധികളാണ് പങ്കെടുത്തത്. മദ്രാസിൽ നടന്ന മൂന്നാം സമ്മേളനത്തിൽ 607 പേരും അലഹബാദിൽ നടന്ന നാലാം സമ്മേളനത്തിൽ 1248 പേരും പ്രതിനിധികളായെത്തി.

## കോൺഗ്രസിന്റെ സംഘടനാ ചട്ടക്കൂട്

* ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയെന്നു വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസാണ് നിലവിൽ ഇന്ത്യയിലുള്ള രാഷ്ട്രീയ പാർട്ടികളിൽ ഏറ്റവും പഴക്കം ചെന്നത്.
* മഹാത്മാഗാന്ധി 1918–20 കാലത്ത് ആവിഷ്കരിച്ച ഘടനയാണ് ഏറെക്കുറെ ഇന്നും നിലവിലുള്ളത്. സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രദേശ് കോൺഗ്രസ് കമ്മിറ്റികളുണ്ട്. ഓരോ പി.സി.സി.ക്കും വർക്കിങ് കമ്മിറ്റികളുണ്ട്. പ്രസിഡന്റാണ് പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ തലവൻ.
* പി.സി.സി.കൾ തിരഞ്ഞെടുത്ത് അയയ്ക്കുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി (എ.ഐ.സി.സി.)രൂപവൽക്കരിക്കുന്നു. ഇവർ കോൺഗ്രസ് വർക്കിങ് കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നു. മുതിർന്ന നേതാക്കളടങ്ങിയ ഈ സമിതിയാണ് പ്രധാന രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുന്നത്.
* പാർട്ടി ഭരണഘടനപ്രകാരം കോൺഗ്രസ് പ്രസിഡന്റിനെ തിരഞ്ഞെടുക്കേണ്ടത് പി.സി.സി.കളുടെയും എ.ഐ.സി.സി. അംഗങ്ങളുടെയും വോട്ടെടുപ്പിലൂടെയാണ്. എന്നാൽ, അടിയന്തര സാഹചര്യം പരിഗണിച്ച് വർക്കിങ് കമ്മിറ്റി സ്വന്തം നിലയ്ക്ക് സ്ഥാനാർഥിയെ നിശ്ചയിക്കുന്നതിനാൽ ഈ നടപടി പലപ്പോഴും മറികടക്കപ്പെടാറുണ്ട്. കോൺഗ്രസ് പ്രസിഡന്റ് ഫലത്തിൽ പാർട്ടിയുടെ ദേശീയ നേതാവും സംഘടനയുടെയും കോൺഗ്രസ് വർക്കിങ് കമ്മിറ്റിയുടെയും തലവനുമായിരിക്കും.
* തിരഞ്ഞെടുക്കപ്പെട്ട ലോക്സഭ, രാജ്യസഭാ അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പാണ് കോൺഗ്രസ് പാർലമെന്ററി പാർട്ടി.
* ന്യൂഡൽഹിയിൽ 24, അക്ബർ റോഡ് ആണ് കോൺഗ്രസിന്റെ ആസ്ഥാനം.
* കോൺഗ്രസിന്റെ പത്രമാണ് കോൺഗ്രസ് സന്ദേശ്.
* കോൺഗ്രസിന്റെ വിദ്യാർഥി വിഭാഗമാണ് നാഷണൽ സ്റ്റുഡന്റ്സ് യൂണിയൻ ഓഫ് ഇന്ത്യ. വനിതാ വിഭാഗമാണ് മഹിളാ കോൺഗ്രസ്.
* 1947 മെയ് മൂന്നിന് രൂപവത്കൃതമായ ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് ആണ് കോൺഗ്രസിന്റെ തൊഴിലാളി സംഘടന (1920–ൽ രൂപവത്കൃതമായ ഓൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് ഇപ്പോൾ സി.പി.ഐ.യുടെ തൊഴിലാളി സംഘടനയാണ്. ലാലാ ലജ്പത്റായിയാണ് അതിന്റെ ആദ്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്.)
* ജനതാപാർട്ടി, ജനതാദൾ, ലോക്ദൾ വിഭാഗങ്ങളും ഫോർവേഡ് ബ്ലോക്, സോഷ്യലിസ്റ്റ് പാർട്ടി, കേരള കോൺഗ്രസ്, ആർഎസ്പി എന്നിവ കോൺഗ്രസ് പശ്ചാത്തലത്തിൽ ആവിർഭവിച്ച പാർട്ടികളാണ്.

## കോൺഗ്രസും സംഭവങ്ങളും

* കോൺഗ്രസ് സമ്മേളനം നടന്ന ആദ്യ ദക്ഷിണേന്ത്യൻ നഗരം മദ്രാസ് (1887) ആണ്.
* 1888–ലെ അലഹബാദ് സമ്മേളനത്തിൽ അധ്യക്ഷനായ ജോർജ് യൂളിന് അഭാരതീയനായ ആദ്യ കോൺഗ്രസ് പ്രസിഡന്റ് എന്ന വിശേഷണം സ്വന്തമാണ്.
* 1889–ൽ ആണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടിഷ് കമ്മിറ്റി ലണ്ടനിൽ പ്രവർത്തനം ആരംഭിച്ചത്. വില്യം വെഡ്ഡർബേൺ ആയിരുന്നു ആദ്യ ചെയർമാൻ. വില്യം ദിഗ്ബി ആദ്യ സെക്രട്ടറിയായി. കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യ എന്ന പേരിൽ ഒരു പ്രസിദ്ധീകരണവും ആരംഭിച്ചു.
* കോൺഗ്രസ് സമ്മേളനത്തെ അഭിസംബോധന ചെയ്ത ആദ്യ വനിത (1889) കാദംബിനി ഗാംഗുലിയാണ്. കൽക്കത്ത സർവകലാശാലയിൽനിന്ന് ബിരുദം നേടിയ ആദ്യ വനിതകളിലൊരാളാണ് അവർ (1878).



**first session of indian national congress 1885**

* കോൺഗ്രസ് അധ്യക്ഷനായ ആദ്യ ദക്ഷിണേന്ത്യക്കാരൻ പി.ആനന്ദ ചാർലു ആണ് (1891–നാഗ്പൂർ).
* വന്ദേമാതരം ആദ്യമായി പാടിയ കോൺഗ്രസ് സമ്മേളനം 1896–ലേത്. രബീന്ദ്രനാഥ് ടാഗോറാണ് 1896–ലെ കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം പാടിയത്.
* കോൺഗ്രസ് അധ്യക്ഷനായ ഏക മലയാളി സർ സി.ശങ്കരൻ നായർ 1897–ൽ നടന്ന പതിമൂന്നാം സമ്മേളനത്തിലാണ് അധ്യക്ഷത വഹിച്ചത്.



* കോൺഗ്രസിന്റെ അമരാവതി (മഹാരാഷ്ട്ര) സമ്മേളനത്തിലാണ് സർ സി.ശങ്കരൻ നായർ അധ്യക്ഷനായത്.
* 1899–ലാണ് പാർട്ടിയുടെ ഭരണഘടനയ്ക്കു കോൺഗ്രസ് രൂപം നൽകിയത്.
* 1905 വരെ വേണ്ടത്ര പൊതുജന പിന്തുണയുള്ള ഒരു പ്രസ്ഥാനമായിരുന്നില്ല കോൺഗ്രസ്. ബംഗാൾ വിഭജനമാണ് കോൺഗ്രസ് നേതൃത്വത്തിന്റെ രാഷ്ട്രീയ സമീപനവും സ്വാഭാവവും മാറ്റിയത്.
* 1905–ൽ ഗോപാലകൃഷ്ണഗോഖലെ അധ്യക്ഷനായി നടന്ന ബനാറസ് കോൺഗ്രസ് സമ്മേളനത്തിൽവച്ചാണ് സ്വദേശി എന്ന മുദ്രാവാക്യം ആദ്യമായി ഉയർന്നത്.
* ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ആദ്യ പിളർപ്പ് 1907–ൽ ആയിരുന്നു.
* ഡോ.റാഷ് ബിഹാരി ഘോഷ് അധ്യക്ഷനായി 1907–ൽ സൂറത്തിൽവച്ച് നടന്ന സമ്മേളനത്തിൽ വച്ച് മിതവാദികൾ എന്നും തീവ്രദേശീയവാദികൾ എന്നും രണ്ടായി വഴിപിരിഞ്ഞു. സംഘടനയുടെ നിയന്ത്രണം മിതവാദികൾക്കായി.
* മിതവാദികൾ എന്നറിയപ്പെട്ടിരുന്ന വിഭാഗത്തെ നയിച്ചത് ഗോപാലകൃഷ്ണ ഗോഖലെ, ഫിറോസ് ഷാമേത്ത തുടങ്ങിയവരായിരുന്നു.
* ലാലാ ലജ്പത് റായ്, ബിപിൻ ചന്ദ്ര പാൽ, ബാല ഗംഗാധര തിലകൻ (ലാൽ–പാൽ–ബാൽ) എന്നിവരായിരുന്നു തീവ്രദേശീയ വാദത്തിന്റെ പ്രമുഖ നേതാക്കൾ.
* ജനഗണമന ആദ്യമായി പാടിയത് 1911–ലെ സമ്മേളനത്തിന്റെ രണ്ടാം ദിവസമാണ് (1911ഡിസംബർ 27).
* 1916–ൽ ലക്നൗവിൽ എ.സി.മജുംദാറുടെ അധ്യക്ഷതയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് കോൺഗ്രസിലെ മിതവാദികളും തീവ്രദേശീയവാദികളും ഒരുമിച്ചത്. മുസ്ലിം ലീഗുമായും സന്ധിയായി.
* കോൺഗ്രസിന്റെയും മുസ്ളിം ലീഗിന്റെയും സമ്മേളനങ്ങൾ ആദ്യമായി ഒരുമിച്ച് നടത്തിയത് 1916–ൽ ലക്നൗവിലാണ്.
* കോൺഗ്രസ് പ്രവർത്തകർക്ക് ഖാദി നിർബന്ധിത വേഷമാക്കിയ സമ്മേളനം 1917–ലേതാണ്.
* കോൺഗ്രസ് പ്രസിഡന്റ് വർഷംമുഴുവനും സംഘടനാപ്രവർത്തനങ്ങൾ നടത്തുകയെന്ന കീഴ്വഴക്കം ആരംഭിച്ചത് 1917–ൽ ആനി ബെസന്റ് പ്രസിഡന്റായതുമുതലാണ്.



* 1912–ൽ ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽവച്ച് ആദ്യമായി കോൺഗ്രസ് സമ്മേളിച്ചത് 1918–ലാണ്.
* നിസ്സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയുന്നതിന് കോൺഗ്രസിന്റെ പ്രത്യേക സമ്മേളനം ചേർന്നത് 1920 സെപ്തംബറിൽ കൽക്കത്തയിലാണ്. ലാലാ ലജ്പത് റായിയായിരുന്നു അധ്യക്ഷൻ. അതേ വർഷംആന്വൽ സെഷൻ നടന്നത് നാഗ്പൂരിലാണ്. സി.വിജയരാഘവാചാര്യർ ആയിരുന്നു അധ്യക്ഷൻ.
* കോൺഗ്രസിന് ഒരു യഥാർഥ രാഷ്ട്രീയ പാർട്ടിയുടെ സ്വഭാവം കൈവന്നത് 1920 മുതലാണ്.
* 1921–ലെ കോൺഗ്രസ് സമ്മേളനത്തിലാണ് ത്രിവർണ പതാക അനൗദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. വെളുപ്പ്, പച്ച, ചുവപ്പ് എന്ന ക്രമത്തിലായിരുന്നു മുകളിൽനിന്നുള്ള നിറങ്ങളുടെ ക്രമം. ഇതിൽ മൂന്നു ബാൻഡിലും നിറഞ്ഞുനിൽക്കുന്ന ചർക്കയുടെ ചിത്രവും ഉണ്ടായിരുന്നു. 1931–ലാണ് മുകളിൽ കുങ്കുമം, നടുക്ക് വെളുപ്പ്, താഴെ പച്ച എന്ന ക്രമത്തിലുള്ള പതാക അംഗീകരിക്കപ്പെട്ടത്. നടുക്കുള്ള വെളുപ്പ് ബാൻഡിലായിരുന്നു ചർക്കയുടെ ചിത്രം. സ്വാതന്ത്ര്യാനന്തരം ചർക്കയ്ക്കു പകരം അശോക ചക്രത്തെ ഉൾപ്പെടുത്തി ഇന്ത്യയുടെ ദേശീയ പതാകയ്ക്ക് അംഗീകാരം നൽകി. അങ്ങനെ കോൺഗ്രസിന്റെ മൂവർണപതാക ഇന്ത്യയുടെ ദേശീയ പതാകയായി രൂപാന്തരപ്പെട്ടു.
* ഗാന്ധിജി കോൺഗ്രസ് അധ്യക്ഷനായ വർഷമാണ് 1924. കർണാടകത്തിലെ ബൽഗാമിലാണ് ഗാന്ധിജി അധ്യക്ഷനായ സമ്മേളനം നടന്നത്. കോൺഗ്രസിന്റെ 39–മത്തെ വാർഷിക സമ്മേളനമായിരുന്നു അത്.
* 1925–ലെ സമ്മേളനത്തിലാണ് ഹിന്ദിയെ എ.ഐ.സി.സി.യുടെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചത്.
* 1929–ലെ ലാഹോർ സമ്മേളനത്തിൽ പൂർണ സ്വരാജ് സംബന്ധിച്ച പ്രമേയം പാസാക്കി. പ്രമേയം തയ്യാറാക്കി അവതരിപ്പിച്ചത് ജവാഹർലാൽ നെഹ്രുവാണ് (പൂർണ സ്വരാജ് പ്രതിജ്ഞ തയ്യാറാക്കിയത് മഹാത്മാ ഗാന്ധിയാണ്)
* ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിൽ ഔദ്യോഗികമായി കേരളത്തിലെത്തിയ ആദ്യ വ്യക്തി ഡോ.രാജേന്ദ്രപ്രസാദ് ആണ് (1934).
* 1937–ലെ ഫേസിപൂർ സമ്മേളനമാണ് ഗ്രാമത്തിൽവച്ചു നടന്ന ഏക കോൺഗ്രസ് സമ്മേളനം.
* സുഭാഷ് ചന്ദ്രബോസ് ആദ്യമായി കോൺഗ്രസ് പ്രസിഡന്റായത് 1938–ലെ ഹരിപുര സമ്മേളനത്തിലാണ്. കോൺഗ്രസിന്റെ ചരിത്രത്തിലെ 51–ാം വാർഷിക സമ്മേളനമായിരുന്നു അത്.
* പ്രസിഡന്റുസ്ഥാനത്തേക്ക് ആദ്യമായി മൽസരം നടന്ന വർഷമാണ് 1939. ത്രിപുരി കോൺഗ്രസ് സമ്മേളനത്തിന്റെ (ത്രിപുരി മധ്യപ്രദേശിലാണ്) അധ്യക്ഷ സ്ഥാനത്തേക്ക് നടന്ന മൽസരത്തിൽ (1939) ഗാന്ധിജിയും നേതാജിയും എതിർ ചേരികളിലായിരുന്നു. നേതാജിക്കെതിരെ ഗാന്ധിജി, പട്ടാഭി സീതാരാമയ്യയെ മൽസരത്തിൽ പിന്തുണച്ചു. നേതാജി ജയിച്ചു. പക്ഷേ, പിന്നീട് അദ്ദേഹം രാജിവച്ചു. തുടർന്ന് രാജേന്ദ്രപ്രസാദ് കോൺഗ്രസ് അധ്യക്ഷനായി. കോൺഗ്രസിൽനിന്നകന്ന ബോസ് ഫോർവേഡ് ബ്ലോക് സ്ഥാപിച്ചു (1939).
* കോൺഗ്രസ് ചരിത്രത്തിൽ തിരഞ്ഞെടുപ്പിലൂടെ അധ്യക്ഷ പദത്തിലെത്തിയ വ്യക്തിയാണ് സുഭാഷ് ചന്ദ്ര ബോസ്.
* 1942 ഓഗസ്റ്റ് എട്ടിന് എ.ഐ.സി.സിയുടെ ബോംബെ സമ്മേളത്തിൽ ക്വിറ്റിന്ത്യാ പ്രമേയം പാസാക്കി. ബ്രിട്ടിഷുകാർ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ വമ്പിച്ച നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കും എന്ന് ഈ പ്രമേയം പ്രസ്താവിച്ചു. ഗവാലിയ ടാങ്കിൽ, ഗാന്ധിജി ഇന്ത്യക്കാരോട് അക്രമരഹിത നിസ്സഹകണം പിന്തുടരാൻ ആവശ്യപ്പെട്ടു. ഒരു സ്വതന്ത്രരാഷ്ട്രമായി പെരുമാറാനും ബ്രിട്ടിഷുകാരുടെ ആജ്ഞകൾ അനുസരിക്കാതിരിക്കാനും അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. തുടർന്ന് ഗാന്ധിജിയെ ബ്രിട്ടിഷുകാർ പൂനെയിലെ ആഗാ ഖാൻ കൊട്ടാരത്തിലും കോൺഗ്രസ് പ്രവർത്തക സമിതിയെ മുഴുവൻ അഹമ്മദ് നഗർ കോട്ടയിലും തടവിലാക്കി.
* ഇന്ത്യ സ്വതന്ത്രമാകുമ്പോഴും ഗാന്ധിജി വധിക്കപ്പെടുന്ന സമയത്തും കോൺഗ്രസ് അധ്യക്ഷ പദത്തിൽ ആചാര്യ കൃപലാനി ആയിരുന്നു. നെഹ്രു സർക്കാരിനെതിരായ ആദ്യ അവിശ്വാസ പ്രമേയം പാർലമെന്റിൽ അവതരിപ്പിച്ചത് (1963) ഇദ്ദേഹമാണ്.
* 1948 ഫെബ്രുവരി 21,22 തീയതികളിൽ ന്യൂഡെൽഹിയിൽ ചേർന്ന് എഐസിസി യോഗം കോൺഗ്രസ് ഭരണഘടനയിൽ മാറ്റം വരുത്തി. കോൺഗ്രസിനുള്ളിലെ മറ്റ് കക്ഷികളെയും സംഘടനകളെയും പുറന്തള്ളി കോൺഗ്രസ് ഒരു സാധാരണ രാഷ്ട്രീയ കക്ഷിയായി മാറി. നെഹ്രു, സർദാർ പട്ടേൽ, രാജേന്ദ്രപ്രസാദ്, കൃപലാനി, രാജാജി തുടങ്ങിയവർ കോൺഗ്രസിനെ നയിച്ചു. 'നുകമേന്തിയ കാളകൾ' ആയിരുന്നു കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് ചിഹ്നം.
* കക്ഷി രാഷ്ട്രീയ താൽപര്യമില്ലാത്ത ഗാന്ധിയൻമാർ 1948 മാർച്ചിൽ സർവ സേവാ സംഘം രൂപവത്കരിച്ചു. ആചാര്യ വിനോബാ ഭാവെ അവരെ നയിച്ചു.
* കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്കാർ സോഷ്യലിസ്റ്റ് പാർട്ടി രൂപവത്കരിച്ചു. ആചാര്യ നരേന്ദ്രദേവ്, ജയപ്രകാശ് നാരായൺ, രാം മനോഹർ ലോഹ്യ, അശോക് മേത്ത തുടങ്ങിയവർ ഇതിന്റെ നേതാക്കളായിരുന്നു.
* കോൺഗ്രസിന്റെ ഔദ്യോഗിക ചരിത്രകാരൻ എന്നറിയപ്പെടുത് 1948–ലെ സമ്മേളനാധ്യക്ഷനായിരുന്ന പട്ടാഭി സീതാരാമയ്യയാണ്. ഇദ്ദേഹം രചിച്ച ഗ്രന്ഥമാണ് ' ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം'.
* 1955–ലെ ആവഡി കോൺഗ്രസ് സമ്മേളനത്തിലാണ് ഇന്ത്യയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹം കെട്ടിപ്പടുക്കുന്നതു സംബന്ധിച്ച പ്രമേയം കോൺഗ്രസ് പാസാക്കിയത്. യു.എൻ.ധേബർ ആയിരുന്നു അപ്പോൾ കോൺഗ്രസ് പ്രസിഡന്റ്. 1955 മുതൽ 1959 വരെ അദ്ദേഹം കോൺഗ്രസ് പ്രസിഡന്റായിരുന്നു.



* ഇന്ദിരാ ഗാന്ധി കോൺഗ്രസ് പ്രസിഡന്റായ വർഷമാണ് 1959.
* 1960 മുതൽ 1963 വരെ നീലം സഞ്ജീവ് റെഡ്ഡി കോൺഗ്രസ് പ്രസിഡന്റായി.
* 1964–1967 കാലയളവിൽ കെ.കാമരാജ് കോൺഗ്രസ് അധ്യക്ഷനായി. ലാൽ ബഹാദൂർ ശാസ്ത്രി, ഇന്ദിരാഗാന്ധി എന്നിവരെ പ്രധാനമന്ത്രിപദത്തിൽ അവരോധിക്കാൻ നടത്തിയ ശ്രമങ്ങൾ കെ.കാമരാജിനെ 'കിങ്മേക്കർ' എന്ന അപരനാമത്തിനുടമയാക്കി.
* പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി മുതിർന്ന നേതാക്കൾ അധികാരസ്ഥാനമൊഴിയണം എന്ന കാമരാജിന്റെ നിർദ്ദേശം കാമരാജ് പദ്ധതി എന്നറിയപ്പെട്ടു. അതു പ്രകാരം ആറ് സംസ്ഥാന മുഖ്യമന്ത്രിമാരും ആറ് കേന്ദ്ര ക്യാബിനറ്റ് മന്ത്രിമാരും രാജിവച്ചശേഷം പാർട്ടിപ്രവത്തനത്തിനിറങ്ങി.
* 1968–ൽ കോൺഗ്രസ് അധ്യക്ഷനായ നേതാവാണ് നിജലിംഗപ്പ. 1970–71 കാലയളവിൽ ജഗ്ജീവൻ റാം കോൺഗ്രസിനെ നയിച്ചു. 1972 മുതൽ 1974 വരെ ശങ്കർ ദയാൽ ശർമയും 1975 മുതൽ 1977 വരെ ദേവകാന്ത് ബറുവയും ആയിരുന്നു കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്ത്.
* 1969 വരെയായിരുന്നു അവിഭക്ത ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കാലം. 1969–ൽ കോൺഗ്രസ് പിളർന്നു. നിജലിംഗപ്പ ആയിരുന്നു അപ്പോൾ കോൺഗ്രസ് പ്രസിഡന്റ്. ഇന്ദിരാഗാന്ധിയെ അനുകൂലിക്കുന്ന വിഭാഗം കോൺഗ്രസ് (ഭരണം) അഥവാ കോൺഗ്രസ് (ആർ) എന്നും മുതിർന്ന നേതാക്കളുടെ വിഭാഗം സംഘടനാ കോൺഗ്രസ് അഥവാ കോൺഗ്രസ് (ഒ) എന്നും അറിയപ്പെട്ടു.
* ഇന്ദിരാഗാന്ധിയുടെ വിഭാഗമായിരുന്നു പ്രബലം. ഇലക്ഷൻ കമ്മിഷൻ അംഗീകരിച്ചത് ഈ വിഭാഗത്തെയാണ്. സംഘടനാ കോൺഗ്രസിലെ പ്രമുഖ നേതാവ് കെ.കാമരാജ് ആയിരുന്നു. പിൽക്കാലത്ത് സംഘടനാ കോൺഗ്രസ് ജനതാപാർട്ടിയിൽ ലയിച്ചു. 1977–ൽ ഇവർ അധികാരത്തിൽവന്നു.
* അധികാരത്തിൽനിന്ന് പുറത്തായപ്പോൾ ഭരണ കോൺഗ്രസ് പ്രസിഡന്റായിരുന്ന ബ്രഹ്മാനന്ദ റെഡ്ഡിയുമായി അകന്ന ഇന്ദിരാ ഗാന്ധി സമാന്തര എ.ഐ.സി.സി. സമ്മേളനം വിളിച്ചുകൂട്ടി പ്രസിഡന്റായതോടെ 1978 ജനുവരി രണ്ടിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഇന്ദിര) അഥവാ കോൺഗ്രസ് (ഐ) നിലവിൽവന്നു.
* ഭരണ കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായ പശുവും കിടാവും ബ്രഹ്മാനന്ദ റെഡ്ഡി നയിച്ച വിഭാഗത്തിനായിരിക്കുമെന്ന് ജനുവരി 23– ന് തിരഞ്ഞെടുപ്പ് കമ്മിഷൻ പ്രഖ്യാപിച്ചു. ഫെബ്രുവരി രണ്ടിന് കോൺഗ്രസ് (ഐ)യ്ക്ക് കൈപ്പത്തി തിരഞ്ഞെടുപ്പ് ചിഹ്നമായി അനുവദിച്ചു. ഫെബ്രുവരി 28–ന് ബ്രഹ്മാനന്ദ റെഡ്ഡി കോൺഗ്രസ് അധ്യക്ഷപദം രാജിവച്ചു. മാർച്ച് ഒന്നിന് സ്വരൺ സിങ് ഭരണ കോൺഗ്രസിന്റെ പ്രസിഡന്റായി. സ്വരൺ സിങ് നയിച്ച ഭരണ കോൺഗ്രസിൽ പിളർപ്പുണ്ടായതോടെ 1979–ൽ അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (സ്വരൺ സിങ്) ആയി മാറി. ഈ വിഭാഗം പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (അരശ്) ആയും അത് കഴിഞ്ഞ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (സോഷ്യലിസ്റ്റ്) ആയും പരിവർത്തനം ചെയ്ത് നാമമാത്രമായി മാറി.
* ഇന്ത്യയിലാദ്യമായി കോൺഗ്രസിതര സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽവന്നത് 1977–ൽ ആണ്.
* 1980–ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് (ഐ) അധികാരത്തിലേറി. 1984–ൽ മരിക്കുംവരെ ഇന്ദിരാ ഗാന്ധിയും തുടർന്ന് 1984 മുതൽ 1991 വരെ മകൻ രാജീവ് ഗാന്ധിയും പാർട്ടി അധ്യക്ഷപദം വഹിച്ചു.
* കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായി കൈപ്പത്തി നിർദ്ദേശിച്ചത് ഇന്ദിരാ ഗാന്ധിയാണ്.
* കോൺഗ്രസ് അധ്യക്ഷപദത്തിലിരിക്കെ വധിക്കപ്പെട്ട ആദ്യ നേതാവാണ് ഇന്ദിരാ ഗാന്ധി (1984).
* കോൺഗ്രസ് ശതാബ്ദി ആഘോഷിച്ച 1985–ലെ ബോംബെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് രാജീവ് ഗാന്ധിയാണ്.
* രാജീവിന്റെ മരണശേഷം 1991–മുതൽ 1997വരെ നരസിംഹറാവുവും 1997–മുതൽ 1998–വരെ സീതാറാം കേസരിയും പാർട്ടിയെ നയിച്ചു. 1998–ൽ സോണിയ ഗാന്ധി പ്രസിഡന്റുപദം ഏറ്റെടുത്തു.
* ഇന്ത്യൻ പ്രധാനമന്ത്രിമാരായവരിൽ ജീവിതത്തിൽ ഒരിക്കലും കോൺഗ്രസ് പാർട്ടിയിൽ അംഗത്വമില്ലാതിരുന്നിട്ടുള്ള ആദ്യ വ്യക്തി എ.ബി.വാജ്പേയിയാണ്. 1996–ൽ അദ്ദേഹം പ്രധാനമന്ത്രിയായി (പതിനൊന്ന് ദിവസമേ ഭരണം നീണ്ടുനിന്നുള്ളു). 2014–ൽ പ്രധാനമന്ത്രിയായ നരേന്ദ്ര മോദിയാണ് ഈ പ്രത്യേകതയുള്ള അടുത്ത നേതാവ്.
* 2010–ൽ കോൺഗ്രസ് 125–ാം വാർഷികം ആഘോഷിച്ചു.

## പ്രസിഡന്റുമാർ– ഒരു വിഹഗവീക്ഷണം

* പൊതുവേ അഭിഭാഷകവൃത്തി സ്വീകരിച്ചവരാണ് ആദ്യ കാലത്ത് കോൺഗ്രസിന്റെ നേതൃനിരയിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ മിക്ക കോൺഗ്രസ് പ്രസിഡന്റുമാരും അഭിഭാഷകരായിരുന്നു.
* കോൺഗ്രസ് പ്രസിഡന്റായ ആദ്യ മുസ്ലിമാണ് ബദറുദ്ദീൻ തയാബ്ജി.
* കോൺഗ്രസ് അധ്യക്ഷപദം വഹിച്ച ആദ്യ പാഴ്സി മതസ്ഥൻ ദാദാഭായ് നവറോജിയാണ്. ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായ ആദ്യ ഭാരതീയനാണദ്ദേഹം. ഈ പ്രത്യേകതയുള്ള ആദ്യ ഏഷ്യക്കാരനും അദ്ദേഹമാണ്. ഏറ്റവും പ്രായം കൂടിയ പ്രായത്തിൽ കോൺഗ്രസ് അധ്യക്ഷനായ വ്യക്തി എന്ന വിശേഷണവും നവറോജിക്ക് സ്വന്തമാണ്.
* ആദ്യ പ്രസിഡന്റായ വുമേഷ് ചന്ദ്ര ബാനർജിയാണ് രണ്ടാമതും പ്രസിഡന്റായ ആദ്യ വ്യക്തി (1885,1892). അടുത്തടുത്ത് രണ്ട് സമ്മേളനങ്ങളിൽ അധ്യക്ഷനായ ആദ്യ വ്യക്തി ഡോ. റാഷ് ബിഹാരി ഘോഷ് ആണ് (1907,1908).
* സ്വാതന്ത്ര്യത്തിനുമുമ്പ് ഏറ്റവും കൂടുതൽ കാലം തുടർച്ചയായി കോൺഗ്രസ് അധ്യക്ഷ പദം വഹിച്ചത് മൗലാനാ ആസാദ് ആണ്.
* 1940 മുതൽ 1946 വരെ കോൺഗ്രസ് അധ്യക്ഷൻ ആസാദായിരുന്നു.
* 1998–മുതൽ സംഘടനാതലപ്പത്ത് തുടരുന്ന സോണിയ ഗാന്ധിക്ക് കോൺഗ്രസ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം കോൺഗ്രസ് അധ്യക്ഷ പദം വഹിച്ച വ്യക്തി എന്ന വിശേഷണം സ്വന്തമാണ്.
* 1915–ൽ കോൺഗ്രസ് അധ്യക്ഷനായ സർ എസ്.പി.സിൻഹ ബ്രിട്ടീഷ് പ്രഭുസഭയിൽ (ഹൗസ് ഓഫ് ലോർഡ്സ്) അംഗമായ ആദ്യ ഭാരതീയനാണ്.
* കോൺഗ്രസ് അധ്യക്ഷസ്ഥാനം വഹിക്കാത്ത പ്രബല നേതാക്കളാണ് ബാലഗംഗാധര തിലകൻ, വിപിൻചന്ദ്രപാൽ, ജി.ബി.പന്ത്,മൊറാർജി ദേശായി,ജയപ്രകാശ് നാരായൺ,ആചാര്യ നരേന്ദ്രദേവ് എന്നിവർ.

## കോൺഗ്രസ് പ്രസിഡന്റുമാരും അധികാരവും

* ജവാഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി, പി.വി.നരസിംഹറാവു എന്നീവർ കോൺഗ്രസ് പ്രസിഡന്റുപദവും ഇന്ത്യൻ പ്രധാനമന്ത്രിപദവും വഹിച്ചവരാണ്.
* രാജേന്ദ്ര പ്രസാദ്, എൻ.സഞ്ജീവ റെഡ്ഡി, ശങ്കർ ദയാൽ ശർമ എന്നീവർ പിൽക്കാലത്ത് രാഷ്ട്രപതി സ്ഥാനത്തെത്തി. ഉപപ്രധാനമന്ത്രി പദത്തിലെത്തിയ കോൺഗ്രസ് പ്രസിഡന്റുമാരാണ് സർദാർ പട്ടേലും ജഗ്ജീവൻ റാമും.
* ലോക്സഭാ സ്പീക്കർ,രാഷ്ട്രപതി എന്നീ പദവികളിലെത്തിയ ഏക കോൺഗ്രസ് അധ്യക്ഷൻ നീലം സഞ്ജീവ റെഡ്ഡിയാണ്.
* പ്രധാനമന്ത്രി പദം വഹിച്ച ദക്ഷിണേന്ത്യക്കാരനായ ഏക കോൺഗ്രസ് അധ്യക്ഷനാണ് നരസിംഹറാവു.
* തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം നേടി ലോക്സഭാംഗമായ കോൺഗ്രസ് പ്രസിഡന്റാണ് നരസിംഹറാവു.
* ആന്ധ്രാപ്രദേശിലെ നന്ദ്യാലിൽ ബെങ്കാരു ലക്ഷ്മണിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്.
* ലോക്സഭയിൽ ഏറ്റവും കൂടുതൽ സീറ്റുകൾ നേടി പാർട്ടിയെ അധികാരത്തിലെത്തിച്ച നേതാവ് രാജീവ് ഗാന്ധിയാണ്.
* 1984–ലെ തിരഞ്ഞെടുപ്പിലാണ് കോൺഗ്രസ് ഐതിഹാസിക വിജയം നേടിയത്. ഇന്ദിരാ ഗാന്ധിയുടെ മരണത്തെത്തുടർന്നുണ്ടായ സഹതാപതരംഗമായിരുന്നു കോൺഗ്രസിന് ജനവിധി അനുകൂലമാകാൻ കാരണം.

## കോൺഗ്രസും വിദേശികളും

* കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ വിദേശികളാണ് ജോർജ് യൂൾ(1888),സർ വില്യം വെഡർബേൺ (1889,1910), ആൽഫ്രഡ് വെബ് (1894), സർ ഹെൻറി കോട്ടൺ (1904), ആനി ബെസന്റ് (1917) എന്നിവർ.
* രണ്ടു പ്രാവശ്യം കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ ഏക വിദേശിയാണ് സർ വില്യം വെഡർബേൺ (1889,1894).
* കോൺഗ്രസ് അധ്യക്ഷയായ ആദ്യ വിദേശ വനിതയാണ് അയർലൻഡ് സ്വദേശിനിയായ ആനിബസന്റ്.
* സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ വിദേശ വംശജ സോണിയ ഗാന്ധിയാണ്.

## കോൺഗ്രസും വനിതകളും

* കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിതയാണ് ആനി ബസന്റ്. 1917–ലെ




കൊൽക്കത്ത സമ്മേളനത്തിലാണ് ആനി ബസന്റ് അധ്യക്ഷത വഹിച്ചത്.
* കോൺഗ്രസ് അധ്യക്ഷ സ്ഥാനത്തെത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് സരോജിനി നായിഡു (1925–കാൺപൂർ). 1933–ൽ കോൺഗ്രസ് പ്രസിഡന്റായ വനിതയാണ് നെല്ലി സെൻ ഗുപ്ത. ഇംഗ്ലണ്ടിലെ കേംബ്രിഡ്ജിൽ ജനിച്ച അവർ ബംഗാളിയായ ജതീന്ദ്രമോഹൻ സെൻ ഗുപ്തയെയാണ് വിവാഹം കഴിച്ചത്.
* സ്വതന്ത്രഭാരതത്തിൽ കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിത ഇന്ദിരാഗാന്ധിയാണ് (1959).
* കോൺഗ്രസ് പ്രസിഡന്റായ വനിതകളിൽ ഭാരതരത്ന പുരസ്കാരത്തിന് അർഹയായത് ഇന്ദിരാഗാന്ധി മാത്രമാണ്.
* ആർജിത ഇന്ത്യൻ പൗരത്വമുള്ള ഏക കോൺഗ്രസ് പ്രസിഡന്റ് സോണിയ ഗാന്ധിയാണ്.
* എഡ്വിജ് അന്റോണിയ അൽബിന മൈനോ എന്ന് യഥാർഥപേരുള്ള അവർ ഇറ്റലിയിലാണ് ജനിച്ചത്. സീതാറാം കേസരിക്കുശേഷം 1998–ൽ കോൺഗ്രസ് അധ്യക്ഷപദത്തിലെത്തി.

## പ്രസിഡന്റുമാരും പ്രായവും

* ഏറ്റവും പ്രായം കൂടിയ പ്രായത്തിൽ കോൺഗ്രസ് അധ്യക്ഷനായത് ദാദാഭായ് നവറോജിയാണ്.
* കൊൽക്കത്തയിലെ രണ്ടാം കോൺഗ്രസ് സമ്മേളനത്തിൽ (1886) ദാദാഭായ് നവറോജി (1825–1917) അധ്യക്ഷനായത് 61–ാം വയസ്സിൽ. എന്നാൽ, കോൺഗ്രസ് അധ്യക്ഷനായി തന്റെ മൂന്നാം ഊഴത്തിനെത്തിന് 1906–ൽ കൽക്കട്ട സമ്മേളനത്തിൽ അദ്ദേഹം എത്തിയത് 81–ാമത്തെ വയസ്സിലാണ്. ഇന്ത്യയുടെ വന്ദ്യവയോധികൻ അദ്ദേഹത്തിന്റെ എന്ന അപരനാമം അന്വർഥമായി.
* ഏറ്റവും കൂടിയ പ്രായത്തിൽ കോൺഗ്രസ് പ്രസിഡന്റായ വനിത ആനി ബസന്റാണ് (70).
* ആദ്യ സമ്മേളനത്തിൽ (1885) അധ്യക്ഷത വഹിക്കുമ്പോൾ വുമേഷ് ചന്ദ്ര ബാനർജിക്ക് (1844–1906) പ്രായം 41 വയസ്സ്.
* സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രായം കൂടിയ കോൺഗ്രസ് പ്രസിഡന്റ് സീതാറാം കേസരിയാണ് (78).
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ കോൺഗ്രസ് അധ്യക്ഷനായത് മൗലാനാ അബുൾ കലാം ആസാദ് ആണ്.
* 1923–ൽ ഡൽഹിയിലെ പ്രത്യേക സമ്മേളനത്തിലാണ് ആസാദ് അധ്യക്ഷനായത് (35 വയസ്സ്). റഗുലർ സെഷനിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ അധ്യക്ഷനായത് ജവാഹർലാൽ നെഹ്റുവാണ് (40)– 1929ലെ ലാഹോർ സമ്മേളനത്തിൽ.
* സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ കോൺഗ്രസ് പ്രസിഡന്റ് രാജീവ് ഗാന്ധിയാണ് (40).

## ചോദ്യങ്ങൾ

1. കോൺഗ്രസ് സ്ഥാപകനായ അലൻ ഒക്ടേവിയൻ ഹ്യൂമിന്റെ സ്വദേശം:
(എ) ഇംഗ്ലണ്ട് (ബി) വെയ്ൽസ്
(സി) സ്കോട്‌ലൻഡ് (ഡി) അയർലൻഡ്
2. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മുൻഗാമി എന്നു വിശേഷിപ്പിക്കപ്പെടുന്ന സംഘടന:
(എ) ലാൻഡ് ഹോൾഡേഴ്സ് അസോസിയേഷൻ (ബി) ബ്രഹ്മസമാജം
(സി) ഡെക്കാൾ എഡ്യുക്കേഷൻ സൊസൈറ്റി
(ഡി) ഇന്ത്യൻ നാഷണൽ യൂണിയൻ
3. ആദ്യ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ഔദ്യോഗിക പ്രതിനിധികളുടെ എണ്ണം:
(എ) 79 (ബി) 72
(സി) 78 (ഡി) 89
4. 1885-ൽ കോൺഗ്രസിന്റെ പ്രഥമ അധ്യക്ഷനായ ഡബ്ല്യു.സി. ബാനർജി ഏത് പ്രവിശ്യക്കാരനായിരുന്നു?
(എ) ബോംബെ (ബി) ബംഗാൾ
(സി) മദ്രാസ്
(ഡി) യുണൈറ്റഡ് പ്രൊവിൻസ്
5. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ എ.ഒ.ഹ്യൂം വഹിച്ചിരുന്ന പദവി:
(എ) പ്രസിഡന്റ് (ബി) ചെയർമാൻ
(സി) ട്രഷറർ (ഡി) സെക്രട്ടറി
6. കോൺഗ്രസിന് ആ പേര് നിർദ്ദേശിച്ചത്:
(എ) ഡബ്ല്യു.സി. ബാനർജി
(ബി) എ.ഒ.ഹ്യൂം



(സി) ദാദാഭായ് നവറോജി
(ഡി) മഹാത്മാ ഗാന്ധി
7. കോൺഗ്രസിന്റെ പ്രഥമ സമ്മേളനത്തിൽ ആദ്യ പ്രമേയം അവതരിപ്പിച്ചത്:
(എ) എ.ഒ.ഹ്യൂം (ബി) ജി.പി.പിള്ള
(സി) ഡബ്ല്യു.സി. ബാനർജി
(ഡി) ജി.സുബ്രമണ്യ അയ്യർ
8. കോൺഗ്രസിന്റെ ആദ്യ സമ്മേളന വേദിയായി നിശ്ചയിച്ചിരുന്ന ഏത് നഗരത്തിൽ പ്ലേഗ് ബാധ ഉണ്ടായിരുന്നതിനാലാണ് വേദി ബോംബെയിലേക്ക് മാറ്റിയത്?
(എ) പൂനെ (ബി) നാഗ്പൂർ
(സി) നാസിക് (ഡി) കൽക്കട്ട
9. എത്ര ഔദ്യോഗിക പ്രതിനിധികളാണ് കൊൽക്കത്തയിൽനടന്ന കോൺഗ്രസിന്റെ രണ്ടാം സമ്മേളനത്തിൽ പങ്കെടുത്തത്?
(എ) 72 (ബി) 434
(സി) 607 (ഡി) 1248
10. കോൺഗ്രസിന്റെ തൊഴിലാളി സംഘടനയായ ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപംകൊണ്ട വർഷം:
(എ) 1920 (ബി) 1947
(സി) 1950 (ഡി) 1929
11. കോൺഗ്രസ് സമ്മേളന വേദിയായ ആദ്യ ദക്ഷിണേന്ത്യൻ നഗരം (1887):
(എ) മദ്രാസ് (ബി) ഹൈദരാബാദ്
(സി) ബാംഗ്ലൂർ (ഡി) രാജമുന്ദ്രി



12. കോൺഗ്രസ് പ്രസിഡന്റായ ആദ്യ വിദേശി:
(എ) എ.ഒ.ഹ്യൂം (ബി) ജോർജ് യൂൾ
(സി) വില്യം വെഡർബേൺ
(ഡി) ഹെൻറി കോട്ടൺ
13. ഏത് വർഷമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടീഷ് കമ്മിറ്റി ലണ്ടനിൽ പ്രവർത്തനം ആരംഭിച്ചത്?
(എ) 1885 (ബി) 1886
(സി) 1889 (ഡി) 1890
14. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടീഷ് കമ്മിറ്റി ആദ്യ അധ്യക്ഷനായിരുന്നത്:
(എ) വില്യം വെഡർബേൺ
(ബി) വില്യം ദിഗ്ബി
(സി) ഹെൻറി കോട്ടൺ
(ഡി) ജോർജ് യൂൾ
15. കോൺഗ്രസ് സമ്മേളനത്തെ അഭിസംബോധന ചെയ്ത ആദ്യ വനിത:
(എ) ആനി ബെസന്റ്
(ബി) കാദംബിനി ഗാംഗുലി
(സി) സരോജിനി നായിഡു
(ഡി) ചന്ദ്രമുഖി ബോസ്
16. കോൺഗ്രസ് അധ്യക്ഷനായ ആദ്യത്തെ തെക്കേ ഇന്ത്യക്കാരൻ:
(എ) സി.ശങ്കരൻ നായർ
(ബി) ജി.സുബ്രമണ്യ അയ്യർ
(സി) കസ്തൂരി രംഗ അയ്യങ്കാർ
(ഡി) പി.ആനന്ദ ചാർലു
17. ഏത് വർഷം നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് വന്ദേമാതരം ആദ്യമായി പാടിയത്?
(എ) 1911 (ബി) 1885
(സി) 1896 (ഡി) 1886
18. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടീഷ് കമ്മിറ്റി ആരംഭിച്ച പ്രസിദ്ധീകരണം:
(എ) നാഷണൽ ഹെറാൾഡ്
(ബി) ഇന്ത്യ
(സി) ഹിന്ദുസ്ഥാൻ ടൈംസ്
(ഡി) ഇന്ത്യൻ എക്സ്പ്രസ്
19. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായ ഏക മലയാളിയായ സർ സി ശങ്കരൻ നായർ ഏത് വർഷമാണ് ആ പദവിയിലെത്തിയത്?
(എ) 1887 (ബി) 1897
(സി) 1898 (ഡി) 1899
20. ഏത് വർഷമാണ് കോൺഗ്രസ് ആദ്യമായി പാർട്ടി ഭരണഘടനയ്ക്ക് രൂപം നൽകിയത്?
(എ) 1899 (ബി) 1889
(സി) 1909 (ഡി) 1919
21. സ്വദേശി എന്ന മുദ്രാവാക്യം ആദ്യമായി ഉയർന്ന 1905-ലെ ബനാറസ് കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?
(എ) ദാദാഭായ് നവറോജി
(ബി) ഹെൻറി കോട്ടൺ
(സി) ഗോപാലകൃഷ്ണ ഗോഖലെ
(ഡി) റാഷ് ബിഹാരി ഘോഷ്
22. ഏത് വർഷമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആദ്യമായി പിളർന്നത്?
(എ) 1916 (ബി) 1906
(സി) 1908 (ഡി) 1907
23. മിതവാദികളെന്നും തീവ്രദേശീയവാദികളെന്നും കോൺഗ്രസ് രണ്ടായി പിളർന്ന സൂറത്ത് കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?
(എ) ഗോപാലകൃഷ്ണ ഗോഖലെ
(ബി) എ.സി.മജുംദാർ
(സി) റാഷ് ബിഹാരി ഘോഷ്
(ഡി) ഹെൻറി കോട്ടൺ
24. കോൺഗ്രസിലെ വിരുദ്ധ ചേരികളായിരുന്ന മിതവാദികളും തീവ്രദേശീയവാദികളും യോജിപ്പിലെത്തിയത് ഏത് വർഷം നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ്?
(എ) 1916 (ബി) 1917
(സി) 1918 (ഡി) 1919
25. മിതവാദികളും തീവ്രദേശീയവാദികളും യോജിപ്പിലെത്തിയ ലക്നൗ സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?
(എ) റാഷ് ബിഹാരി ഘോഷ്
(ബി) ലാലാ ലജ്പത് റായി
(സി) എ.സി.മജുംദാർ
(ഡി) ആനി ബെസന്റ്
26. താഴെപ്പറയുന്നവരിൽ ആരാണ് തീവ്രദേശീയവാദത്തിന്റെ വക്താവ് അല്ലാത്ത നേതാവ്?
(എ) ലാലാ ലജ്പത് റായി
(ബി) ബിപിൻ ചന്ദ്ര പാൽ
(സി) ബാല ഗംഗാധര തിലകൻ
(ഡി) ഗോപാലകൃഷ്ണ ഗോഖലെ
27. ഏത് കോൺഗ്രസ് സമ്മേളനത്തിലാണ് ജനഗണമന ആദ്യമായി പാടിയത്?
(എ) 1911 (ബി) 1913
(സി) 1915 (ഡി) 1917
28. 1920 സെപ്തംബറിൽ നിസ്സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കോൺഗ്രസിന്റെ പ്രത്യേക സമ്മേളനം ചേർന്നത് എവിടെ വച്ചാണ്?
(എ) നാഗ്പൂർ (ബി) കൊൽക്കത്ത
(സി) അഹമ്മദാബാദ് (ഡി) സൂറത്ത്
29. കോൺഗ്രസിന്റെയും മുസ്‌ലിം ലീഗിന്റെയും സമ്മേളനങ്ങൾ ആദ്യമായി ഒരുമിച്ച് നടത്തിയത് ഏത് വർഷമാണ്?
(എ) 1914 (ബി) 1915
(സി) 1916 (ഡി) 1918
30. കോൺഗ്രസ് പ്രസിഡന്റ് വർഷം മുഴുവനും സംഘടനാപ്രവർത്തനങ്ങൾ നടത്തുകയെന്ന കീഴ്‌വഴക്കം ആരംഭിച്ചത് ആര് അധ്യക്ഷപദത്തിലെത്തിയതുമുതലാണ്?
(എ) മഹാത്മാഗാന്ധി
(ബി) ആനി ബെസന്റ്
(സി) ഗോപാലകൃഷ്ണ ഗോഖലെ
(ഡി) എ.സി.മജുംദാർ
31. ഡൽഹിയിൽവച്ച് ആദ്യമായി കോൺഗ്രസ് സമ്മേളിച്ചത് ഏത് വർഷമാണ്?
(എ) 1911 (ബി) 1912
(സി) 1918 (ഡി) 1920
32. നിസ്സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 1920-ൽ വിളിച്ചുചേർത്ത പ്രത്യേക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആരായിരുന്നു?
(എ) മഹാത്മാഗാന്ധി
(ബി) സി.വിജയരാഘവാചാര്യർ
(സി) ആനി ബെസന്റ്
(ഡി) ലാലാ ലജ്പത് റായി



33. 1924-ൽ കോൺഗ്രസിന്റെ എത്രാമത്തെ വാർഷിക സമ്മേളനത്തിലാണ് മഹാത്മാ ഗാന്ധി അധ്യക്ഷത വഹിച്ചത്?
(എ) 38 (ബി) 39
(സി) 40 (ഡി) 41
34. 1929-ൽ പൂർണസ്വരാജ് പ്രമേയം പാസാക്കിയ കോൺഗ്രസ് സമ്മേളനം എവിടെ വച്ചാണ് നടന്നത്?
(എ) ഡൽഹി (ബി) ബോംബെ
(സി) മദ്രാസ് (ഡി) ലാഹോർ
35. ഏത് വർഷംനടന്ന സമ്മേളനത്തിലാണ് ഹിന്ദിയെ എ.ഐ.സി.സി.യുടെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചത്?
(എ) 1924 (ബി) 1925
(സി) 1926 (ഡി) 1927
36. ഗ്രാമത്തിൽവച്ചു നടന്ന ഏക കോൺഗ്രസ് വാർഷിക സമ്മേളനം:
(എ) ഹരിപുര (ബി) ത്രിപുരി
(സി) ഫേസിപ്പൂർ (ഡി) രാംഗഢ്
37. സുഭാഷ് ചന്ദ്രബോസ് ആദ്യമായി കോൺഗ്രസ് പ്രസിഡന്റായത് ഏത് വർഷമാണ്?
(എ) 1937 (ബി) 1938
(സി) 1939 (ഡി) 1940
38. 1939-ൽ സുഭാഷ് ചന്ദ്രബോസിനെതിരെ കോൺഗ്രസ് അധ്യക്ഷപദത്തിലേക്ക് മൽസരിച്ചത് ആരാണ്?
(എ) മഹാത്മാഗാന്ധി
(ബി) പട്ടാഭി സീതാരാമയ്യ
(സി) ഡോ.രാജേന്ദ്രപ്രസാദ്
(ഡി) ആചാര്യ കൃപലാനി
39. എവിടെവച്ചുനടന്ന കോൺഗ്രസ് സമ്മേളനമാണ് ക്വിറ്റിന്ത്യാ പ്രമേയം പാസാക്കിയത്?
(എ) മദ്രാസ് (ബി) ഡൽഹി
(സി) ബോംബെ (ഡി) പൂനെ
40. ഇന്ത്യ സ്വതന്ത്രമാകുമ്പോൾ കോൺഗ്രസ് അധ്യക്ഷ പദത്തിൽ ആരായിരുന്നു?
(എ) ഡോ.രാജേന്ദ്രപ്രസാദ്



(ബി) ആചാര്യ കൃപലാനി
(സി) മഹാത്മാഗാന്ധി
(ഡി) ജവാഹർലാൽ നെഹ്രു
41. കോൺഗ്രസിന്റെ ഔദ്യോഗിക ചരിത്രകാരൻ എന്നറിയപ്പെടുന്നത്:
(എ) എ.സി.മജുംദാർ
(ബി) പട്ടാഭി സീതാരാമയ്യ
(സി) കെ.എം.മുൻഷി
(ഡി) ലാലാ ലജ്പത്‌റായി
42. സ്വതന്ത്രഭാരതത്തിൽ കോൺഗ്രസിന്റെ ആദ്യ തിരഞ്ഞെടുപ്പ് ചിഹ്നം ഏതായിരുന്നു?
(എ) കൈപ്പത്തി
(ബി) പശുവും കിടാവും
(സി) നുകമേന്തിയ കാളകൾ
(ഡി) കർഷകനും കലപ്പയും
43. 1955-ൽ എവിടെ നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് ഇന്ത്യയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹം കെട്ടിപ്പടുക്കുന്നതു സംബന്ധിച്ച പ്രമേയം കോൺഗ്രസ് പാസാക്കിയത്?

(എ) ഡൽഹി (ബി) ആവഡി
(സി) നാഗ്പൂർ (ഡി) ഗുവഹത്തി

44. ഏത് വർഷമാണ് ഇന്ദിരാ ഗാന്ധി കോൺഗ്രസ് പ്രസിഡന്റായത്?
(എ) 1955 (ബി) 1957
(സി) 1959 (ഡി) 1961

45. കിങ് മേക്കർ എന്ന അപരനാമത്തിലറിയപ്പെട്ട കോൺഗ്രസ് പ്രസിഡന്റ്:
(എ) ആചാര്യ കൃപലാനി
(ബി) കെ.കാമരാജ്
(സി) നീലം സഞ്ജീവ റെഡ്ഡി
(ഡി) ശങ്കർ ദയാൽ ശർമ

46. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദേശീയ തലത്തിൽ ആദ്യമായി പിളർന്ന വർഷം:
(എ) 1950 (ബി) 1955
(സി) 1959 (ഡി) 1969

47. കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായി കൈപ്പത്തി നിർദ്ദേശിച്ചത് ആരായിരുന്നു?
(എ) ജവാഹർലാൽ നെഹ്റു
(ബി) മഹാത്മാ ഗാന്ധി
(സി) ഇന്ദിരാ ഗാന്ധി
(ഡി) രാജീവ് ഗാന്ധി

48. ഇന്ത്യയിലാദ്യമായി കോൺഗ്രസിതര സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽവന്നത് ഏത് വർഷമാണ്?
(എ) 1969 (ബി) 1971
(സി) 1977 (ഡി) 1989

49. ഇന്ത്യയുടെ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി:



(എ) മൊറാർജി ദേശായി
(ബി) ചരൺ സിങ്
(സി) വി.പി.സിങ്
(ഡി) എ.ബി.വാജ്പേയ്

50. കോൺഗ്രസ് ദേശീയ അധ്യക്ഷപദത്തിലിരിക്കെ വധിക്കപ്പെട്ട ആദ്യ നേതാവ്:
(എ) രാജീവ് ഗാന്ധി
(ബി) ഇന്ദിരാ ഗാന്ധി
(സി) ബെൽവന്ത് റായ് മേത്ത
(ഡി) എൽ എൻ മിശ്ര

51. കോൺഗ്രസ് ശതാബ്ദി ആഘോഷിച്ച 1985-ലെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്:
(എ) നരസിംഹറാവു
(ബി) രാജീവ് ഗാന്ധി
(സി) സീതാറാം കേസരി
(ഡി) ശങ്കർ ദയാൽ ശർമ

52. ഇന്ത്യൻ പ്രധാനമന്ത്രിമാരായവരിൽ ജീവിതത്തിൽ ഒരിക്കലും കോൺഗ്രസ് പാർട്ടിയിൽ അംഗത്വമില്ലാതിരുന്നിട്ടുള്ള ആദ്യ വ്യക്തി:
(എ) നരേന്ദ്ര മോദി
(ബി) എ.ബി.വാജ്പേയ്
(സി) മൊറാർജി ദേശായി
(ഡി) വി.പി.സിങ്

53. കോൺഗ്രസ് പ്രസിഡന്റായ ആദ്യ ഇസ്ലാം മതസ്ഥൻ:
(എ) ദാദാഭായ് നവറോജി
(ബി) ഫിറോസ് ഷാ മേത്ത
(സി) ബദറുദ്ദീൻ ത്യാബ്ജി
(ഡി) മൗലാനാ അബുൾ കലാം ആസാദ്

54. ഏറ്റവും കൂടിയ പ്രായത്തിൽ കോൺഗ്രസ് അധ്യക്ഷനായ വ്യക്തി:
(എ) സീതാറാം കേസരി
(ബി) എ.സി.മജുംദാർ
(സി) ആചാര്യ കൃപലാനി
(ഡി) ദാദാഭായ് നവറോജി

55. സ്വാതന്ത്ര്യത്തിനുമുമ്പ് ഏറ്റവും കൂടുതൽ കാലം തുടർച്ചയായി കോൺഗ്രസ് അധ്യക്ഷ പദം വഹിച്ചത്:
(എ) റാഷ് ബിഹാരി ബോസ്
(ബി) ദാദാഭായ് നവറോജി
(സി) മൗലാനാ അബുൾ കലാം ആസാദ്
(ഡി) സുബാഷ് ചന്ദ്ര ബോസ്

56. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം കോൺഗ്രസ് അധ്യക്ഷ പദം വഹിച്ചത്:
(എ) ജവാഹർലാൽ നെഹ്റു
(ബി) മൗലാനാ അബുൾ കലാം ആസാദ്
(സി) ഇന്ദിരാ ഗാന്ധി
(ഡി) സോണിയ ഗാന്ധി

57. ലോക്സഭാ സ്പീക്കർ, രാഷ്ട്രപതി എന്നീ പദവികളിലെത്തിയ ഏക കോൺഗ്രസ് അധ്യക്ഷൻ:
(എ) നരസിംഹറാവു
(ബി) ശങ്കർ ദയാൽ ശർമ
(സി) ഗ്യാനി സെയിൽ സിങ്
(ഡി) നീലം സഞ്ജീവ റെഡ്ഡി

58. കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ രണ്ടാമത്തെ വിദേശി:
(എ) ജോർജ് യൂൾ
(ബി) വില്യം വെഡ്ഡർബേൺ
(സി) ആൽഫ്രഡ് വെബ്
(ഡി) ഹെൻറി കോട്ടൺ

59. കോൺഗ്രസ് അധ്യക്ഷയായ ആദ്യ വിദേശ വനിത:
(എ) നെല്ലി സെൻ ഗുപ്ത
(ബി) സോണിയ ഗാന്ധി
(സി) ആനി ബെസന്റ്
(ഡി) മാഡം ഭിക്കാജി കാമ

60. രണ്ടു പ്രാവശ്യം കോൺഗ്രസ് അധ്യക്ഷ പദത്തിലെത്തിയ ഏക വിദേശി:
(എ) ഹെൻറി കോട്ടൺ
(ബി) ആൽഫ്രഡ് വെബ്
(സി) ജോർജ് യൂൾ
(ഡി) വില്യം വെഡ്ഡർബേൺ

61. കോൺഗ്രസ് അധ്യക്ഷ സ്ഥാനത്തെത്തിയ ആദ്യ ഇന്ത്യൻ വനിത:
(എ) ഇന്ദിരാ ഗാന്ധി
(ബി) ആനി ബെസന്റ്
(സി) നെല്ലി സെൻ ഗുപ്ത
(ഡി) സരോജിനി നായിഡു

62. സ്വതന്ത്രഭാരതത്തിൽ കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിത:
(എ) സോണിയ ഗാന്ധി
(ബി) നെല്ലി സെൻ ഗുപ്ത
(സി) ഇന്ദിരാ ഗാന്ധി
(ഡി) സരോജിനി നായിഡു

63. ആർജിത ഇന്ത്യൻ പൗരത്വമുള്ള ഏക കോൺഗ്രസ് പ്രസിഡന്റ്:
(എ) ജോർജ് യൂൾ
(ബി) ആനി ബെസന്റ്
(സി) ഹെൻറി കോട്ടൺ
(ഡി) സോണിയ ഗാന്ധി

64. ഏറ്റവും കുറഞ്ഞ പ്രായത്തിൽ കോൺഗ്രസ് അധ്യക്ഷനായത്:
(എ) രാജീവ് ഗാന്ധി
(ബി) മൗലാനാ അബുൾ കലാം ആസാദ്
(സി) ഇന്ദിരാ ഗാന്ധി
(ഡി) ജവാഹർലാൽ നെഹ്റു

65. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ കോൺഗ്രസ് പ്രസിഡന്റ്:
(എ) ജവാഹർലാൽ നെഹ്റു
(ബി) സോണിയ ഗാന്ധി
(സി) രാജീവ് ഗാന്ധി
(ഡി) ഇന്ദിരാ ഗാന്ധി

66. 1939-ൽ കോൺഗ്രസ് വിട്ട സുഭാഷ് ചന്ദ്ര ബോസ് രൂപം നൽകിയ പാർട്ടി:
(എ) ജനസംഘം
(ബി) സോഷ്യലിസ്റ്റ് പാർട്ടി
(സി) ഫോർവേഡ് ബ്ലോക്ക്
(ഡി) സ്വതന്ത്രാ പാർട്ടി

67. ആചാര്യ കൃപലാനി കോൺഗ്രസ് വിട്ട് സ്ഥാപിച്ച പാർട്ടി:
(എ) കർഷക് മസ്ദൂർ പ്രജാ പാർട്ടി
(ബി) സ്വതന്ത്രാ പാർട്ടി
(സി) സ്വരാജ് പാർട്ടി
(ഡി) കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി

68. ഏതു വർഷം നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് മഹാത്മാഗാന്ധി ആദ്യമായി പങ്കെടുത്തത്?
(എ) 1916 (ബി) 1929
(സി) 1901 (ഡി) 1919

69. ജവാഹർലാൽ നെഹ്റു ഏത് വർഷം നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് ആദ്യമായി പങ്കെടുത്തത്?
(എ) 1901 (ബി) 1912
(സി) 1916 (ഡി) 1915

70. മഹാത്മാഗാന്ധിയും ജവാഹർലാൽ നെഹ്റുവും ഏത് കോൺഗ്രസ് സമ്മേളനത്തിലാണ് ആദ്യമായി കണ്ടുമുട്ടിയത്?
(എ) 1912 (ബി) 1916
(സി) 1926 (ഡി) 1930

71. ഏറ്റവും കൂടുതൽ കോൺഗ്രസ് വാർഷിക സമ്മേളനങ്ങളിൽ അധ്യക്ഷത വഹിച്ച നേതാവ്:
(എ) സോണിയാ ഗാന്ധി
(ബി) മൗലാനാ അബുൾ കലാം ആസാദ്
(സി) ഇന്ദിരാ ഗാന്ധി
(ഡി) ജവാഹർലാൽ നെഹ്റു

72. നാണയത്തിൽ രൂപം മുദ്രണം ചെയ്യപ്പെട്ട ആദ്യ കോൺഗ്രസ് പ്രസിഡന്റ്:
(എ) മഹാത്മാ ഗാന്ധി
(ബി) ഡോ.രാജേന്ദ്ര പ്രസാദ്
(സി) ജവാഹർലാൽ നെഹ്റു
(ഡി) സുഭാഷ് ചന്ദ്ര ബോസ്

73. സ്റ്റാമ്പിൽ ചിത്രം മുദ്രണം ചെയ്യപ്പെട്ട ആദ്യ കോൺഗ്രസ് പ്രസിഡന്റ്:
(എ) ആനി ബെസന്റ്
(ബി) ജവാഹർലാൽ നെഹ്റു
(സി) ഡോ.രാജേന്ദ്ര പ്രസാദ്
(ഡി) മഹാത്മാ ഗാന്ധി

74. ഗാന്ധിജി പങ്കെടുത്ത ആദ്യ കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു?
(എ) വില്യം വെഡ്ഡർബേൺ
(ബി) ജോർജ് യൂൾ
(സി) ആനന്ദ ചാർലു
(ഡി) ഡി.ഇ.വാച

75. സ്വാതന്ത്ര്യത്തിനുമുമ്പ് ഏറ്റവും കൂടുതൽ കോൺഗ്രസ് വാർഷിക സമ്മേളനങ്ങൾ നടന്ന നഗരം:
(എ) ഡെൽഹി (ബി) മദ്രാസ്
(സി) കൽക്കട്ട (ഡി) ബോംബെ

76. സ്വാതന്ത്ര്യത്തിനു ശേഷം ഏറ്റവും കൂടുതൽ കോൺഗ്രസ് വാർഷിക സമ്മേളനങ്ങൾ നടന്ന നഗരം:
(എ) മദ്രാസ് (ബി) ഡെൽഹി
(സി) ബോംബെ (ഡി) മദ്രാസ്

77. ലക്ഷ്യം നിറവേറിയതിനാൽ സ്വാതന്ത്ര്യാനന്തരം കോൺഗ്രസ് എന്തായി മാറണം എന്നാണ് ഗാന്ധിജി നിർദ്ദേശിച്ചത്:
(എ) സ്വയം സേവക് സംഘം
(ബി) ലോക സേവാ സംഘം
(സി) കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി
(ഡി) സർവ സേവാ സംഘം

78. 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ പാർട്ടി ദേശീയ പ്രസിഡന്റ് ആരായിരുന്നു?
(എ) ഇന്ദിരാ ഗാന്ധി
(ബി) ബ്രഹ്മാനന്ദ റെഡ്ഡി
(സി) നിജലിംഗപ്പ (ഡി) വി.വി.ഗിരി

79. ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഇന്ദിര) അഥവാ കോൺഗ്രസ് (ഐ) നിലവിൽ വന്നത് ഏത് വർഷമായിരുന്നു?
(എ) 1969 (ബി) 1978
(സി) 1975 (ഡി) 1979

80. 1948 മാർച്ചിൽ സർവ സേവാ സംഘം രൂപവത്കരിച്ച കോൺഗ്രസ് നേതാവ്:
(എ) ജയപ്രകാശ് നാരായൺ
(ബി) ആചാര്യ നരേന്ദ്ര ദേവ്
(സി) റാം മനോഹർ ലോഹ്യ
(ഡി) വിനോബാ ഭാവെ

81. ഏത് വർഷമാണ് മഹാത്മാഗാന്ധി കോൺഗ്രസ് വിട്ടത്?
(എ) 1934 (ബി) 1935
(സി) 1936 (ഡി) 1937

82. കോൺഗ്രസ് വിട്ട ഗാന്ധിജി പ്രസ്ഥാനത്തിലേക്ക് മടങ്ങിയെത്തിയ വർഷം:
(എ) 1935 (ബി) 1936
(സി) 1937 (ഡി) 1938

83. ആചാര്യ നരേന്ദ്രദേവ്, ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അശോക് മേത്ത തുടങ്ങിയ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നേതാക്കൾ സ്വാതന്ത്ര്യാനന്തരം രൂപവത്കരിച്ച പാർട്ടി:
(എ) കിസാൻ മസ്ദൂർ പ്രജാ പാർട്ടി
(ബി) സോഷ്യലിസ്റ്റ് പാർട്ടി
(സി) സർവ സേവാ സംഘം
(ഡി) ജനസംഘം

84. ക്വിറ്റിന്ത്യാ സമരകാലത്തെ കോൺഗ്രസ് പ്രസിഡന്റ്:
(എ) മൗലാനാ ആസാദ്
(ബി) ഡോ.രാജേന്ദ്ര പ്രസാദ്
(സി) ജവാഹർലാൽ നെഹ്റു
(ഡി) സുഭാഷ് ചന്ദ്ര ബോസ്

85. സുഭാഷ് ചന്ദ്രബോസ് രാജിവച്ചപ്പോൾ ആരാണ് കോൺഗ്രസ് പ്രസിഡന്റായത്:
(എ) ജവാഹർലാൽ നെഹ്റു
(ബി) പട്ടാഭി സീതാരാമയ്യ
(സി) ഡോ.രാജേന്ദ്ര പ്രസാദ്
(ഡി) മൗലാനാ ആസാദ്

86. പിതാവിനെത്തുടർന്ന് കോൺഗ്രസ് പ്രസിഡന്റായ ആദ്യ നേതാവ്:
(എ) ഇന്ദിരാ ഗാന്ധി
(ബി) എ.സി.മജുംദാർ
(സി) റഹ്മത്ത് അലി
(ഡി) ജവാഹർലാൽ നെഹ്റു

87. 1922-ൽ ഗയ സെഷനിൽ കോൺഗ്രസ് അധ്യക്ഷൻ ആരായിരുന്നു?
(എ) ലജ്പത്റായി
(ബി) മോത്തിലാൽ നെഹ്റു



(സി) സി.ആർ.ദാസ്
(ഡി) സരോജിനി നായിഡു

88. കോൺഗ്രസ് അധ്യക്ഷപദത്തിലെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വനിത:
(എ) സോണിയ ഗാന്ധി
(ബി) ഇന്ദിരാ ഗാന്ധി
(സി) സരോജിനി നായിഡു
(ഡി) നെല്ലി സെൻ ഗുപ്ത

89. കോൺഗ്രസ് അധ്യക്ഷപദത്തിലെത്തിയ ഏറ്റവും പ്രായം കൂടിയ വനിത:
(എ) നെല്ലി സെൻ ഗുപ്ത
(ബി) ആനി ബെസന്റ്
(സി) സോണിയ ഗാന്ധി
(ഡി) സരോജിനി നായിഡു

90. രണ്ടാമത്തെ കോൺഗ്രസ് പ്രസിഡന്റ്:
(എ) വുമേഷ് ചന്ദ്ര ബാനർജി
(ബി) ജോർജ് യൂൾ
(സി) ദാദാഭായ് നവറോജി
(ഡി) ബദറുദ്ദീൻ തയബ്ജി

91. സർ സി.ശങ്കരൻ നായർ അധ്യക്ഷത വഹിച്ച കോൺഗ്രസ് സമ്മേളനത്തിന്റെ വേദി:
(എ) മദ്രാസ് (ബി) ബോംബെ
(സി) അമരാവതി (ഡി) നാഗ്പൂർ

92. ഗാന്ധിജി അധ്യക്ഷത വഹിച്ച കോൺഗ്രസ് സമ്മേളനം നടന്ന സ്ഥലമായ ബെൽഗാം ഇപ്പോൾ ഏത് സംസ്ഥാനത്തിലാണ്?
(എ) ഗുജറാത്ത് (ബി) കർണാടകം
(സി) തമിഴ്നാട് (ഡി) മഹാരാഷ്ട്ര

93. സുഭാഷ് ചന്ദ്രബോസ് രണ്ടാമത്തെ പ്രാവശ്യം കോൺഗ്രസ് അധ്യക്ഷപദത്തിലെത്തിയ സമ്മേളനം നടന്ന സ്ഥലമായ ത്രിപുരി ഏത് സംസ്ഥാനത്താണ്?
(എ) അസം (ബി) മധ്യപ്രദേശ്
(സി) കർണാടകം (ഡി) ഉത്തർ പ്രദേശ്

94. ആചാര്യ കൃപലാനിക്ക് ശേഷം കോൺഗ്രസ് പ്രസിഡന്റായത്:
(എ) പുരുഷോത്തംദാസ് ടണ്ഠൻ
(ബി) പട്ടാഭി സീതാരാമയ്യ
(സി) ജവാഹർലാൽ നെഹ്റു
(ഡി) കെ.കാമരാജ്

95. സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ കോൺഗ്രസ് സമ്മേളന വേദി:
(എ) ഡൽഹി (ബി) ജയ്പൂർ
(സി) അഹമ്മദാബാദ് (ഡി) ലക്നൗ

96. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ പരാജിതനായ കോൺഗ്രസ് പ്രസിഡന്റ്:
(എ) വി.വി.ഗിരി
(ബി) ശങ്കർദയാൽ ശർമ
(സി) സഞ്ജീവ റെഡ്ഡി
(ഡി) സെയിൽസിങ്

97. കോൺഗ്രസിന്റെ ആദ്യ 20 വർഷത്തെ ചരിത്രത്തിൽ മൂന്നു പ്രാവശ്യം പ്രസിഡന്റായ നേതാവ്:
(എ) വുമേഷ് ചന്ദ്ര ബാനർജി
(ബി) ദാദാഭായ് നവറോജി
(സി) സി.ശങ്കരൻ നായർ
(ഡി) റാഷ് ബിഹാരി ഘോഷ്

98. 1939-ൽ കോൺഗ്രസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഗാന്ധിജി ആരെയാണ് പിന്തുണച്ചത്?
(എ) സുഭാഷ് ചന്ദ്രബോസ്
(ബി) പട്ടാഭി സീതാരാമയ്യ
(സി) ജവാഹർലാൽ നെഹ്റു
(ഡി) പുരുഷോത്തംദാസ് ടണ്ഠൻ

99. കോൺഗ്രസിന്റെ ശതാബ്ദി സമ്മേളനത്തിന് വേദിയായ നഗരം:
(എ) ന്യൂഡെൽഹി (ബി) ബോംബെ
(സി) മദ്രാസ് (ഡി) ലക്നൗ

100. ആരുടെ നിര്യാണശേഷമാണ് മഹാത്മാ ഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാവായി ഉയർന്നത്?
(എ) ഗോപാലകൃഷ്ണ ഗോഖലെ
(ബി) സി.ആർ.ദാസ്
(സി) മോത്തിലാൽ നെഹ്റു
(ഡി) ബാലഗംഗാധര തിലകൻ

## Answers

1(c) 2(d) 3(b) 4(a) 5(d) 6(c) 7(d) 8(a) 9(b) 10(b) 11(a) 12(b) 13(c) 14(a) 15(b) 16(d) 17(c) 18(b) 19(b) 20(a) 21(c) 22(d) 23(c) 24(a) 25(c) 26(d) 27(a) 28(b) 29(c) 30(b) 31(c) 32(d) 33(b) 34(d) 35(b) 36(c) 37(b) 38(b) 39(c) 40(b) 41(b) 42(c) 43(b) 44(c) 45(b) 46(d) 47(c) 48(c) 49(a) 50(b) 51(b) 52(b) 53(c) 54(d) 55(c) 56(d) 57(d) 58(b) 59(c) 60(d) 61(d) 62(c) 63(d) 64(b) 65(c) 66(c) 67(a) 68(c) 69(b) 70(b) 71(d) 72(c) 73(d) 74(d) 75(c) 76(b) 77(b) 78(c) 79(b) 80(d) 81(a) 82(b) 83(b) 84(a) 85(c) 86(d) 87(c) 88(b) 89(b) 90(c) 91(c) 92(b) 93(b) 94(b) 95(b) 96(c) 97(b) 98(b) 99(b) 100(d)

# കോൺഗ്രസ് പ്രസിഡന്റുമാർ

| സെഷൻ | വർഷം | സ്ഥലം | പ്രസിഡന്റ് |
|---|---|---|---|
| 1. | 1885 | ബോംബെ | ഡബ്ല്യു.സി.ബാനർജി |
| 2. | 1886 | കൽക്കട്ട | ദാദാഭായി നവറോജി |
| 3. | 1887 | മദ്രാസ് | ബദറുദ്ദീൻ തയാബ്ജി |
| 4. | 1888 | അലഹബാദ് | ജോർജ് യൂൾ |
| 5. | 1889 | ബോംബെ | സർ വില്യം വേഡർബേൺ |
| 6. | 1890 | കൽക്കട്ട | സർ ഫിറോസ്ഷാ മേത്ത |
| 7. | 1891 | നാഗ്പൂർ | പി.ആനന്ദ ചാർലു |
| 8. | 1892 | അലഹബാദ് | ഡബ്ല്യു.സി.ബാനർജി |
| 9. | 1893 | ലാഹോർ | ദാദാഭായി നവറോജി |
| 10. | 1894 | മദ്രാസ് | ആൽഫ്രഡ് വെബ് |
| 11. | 1895 | പൂന | സുരേന്ദ്രനാഥ് ബാനർജി |
| 12. | 1896 | കൽക്കട്ട | റഹിമത്തുള്ള സയാനി |
| 13. | 1897 | അമരാവതി | സർ സി.ശങ്കരൻ നായർ |
| 14. | 1898 | മദ്രാസ് | ആനന്ദ മോഹൻ ബോസ് |
| 15. | 1899 | ലക്നൗ | ആർ.സി.ദത്ത് |
| 16. | 1900 | ലാഹോർ | എൻ.ജി.ചന്ദ്രവാർക്കർ |
| 17. | 1901 | കൽക്കട്ട | ഡി.ഇ.വാച |
| 18. | 1902 | അഹമ്മദാബാദ് | സുരേന്ദ്രനാഥ് ബാനർജി |
| 19. | 1903 | മദ്രാസ് | എൽ.എം.ഘോഷ് |
| 20. | 1904 | ബോംബെ | ഹെൻറി കോട്ടൺ |
| 21. | 1905 | ബനാറസ് | ഗോപാലകൃഷ്ണ ഗോഖലെ |
| 22. | 1906 | കൽക്കട്ട | ദാദാഭായി നവറോജി |
| * | 1907 | സൂററ്റ് | ഡോ.റാഷ് ബിഹാരി ഘോഷ് |
| 23. | 1908 | മദ്രാസ് | ഡോ.റാഷ് ബിഹാരി ഘോഷ് |
| 24. | 1909 | ലാഹോർ | മദൻമോഹൻ മാളവ്യ |
| 25. | 1910 | അലഹബാദ് | സർ വില്യം വെഡർബേൺ |
| 26. | 1911 | കൽക്കട്ട | ബി.എൻ.ധാർ |
| 27. | 1912 | ബങ്കിപ്പൂർ(പാറ്റ്ന) | ആർ.എൻ. മാധോക്കർ |
| 28. | 1913 | കറാച്ചി | സയ്യദ് മുഹമ്മദ് ബഹാദൂർ |
| 29. | 1914 | മദ്രാസ് | ഭൂപേന്ദ്രനാഥ് ബസു |
| 30. | 1915 | ബോംബെ | സർ എസ്.പി.സിൻഹ |
| 31. | 1916 | ലക്നൗ | എ.സി.മജൂംദാർ |
| 32. | 1917 | കൽക്കട്ട | ആനി ബസന്റ് |
| 33. | 1918 | ഡൽഹി(ആന്വൽ സെഷൻ) | എം.എം.മാളവ്യ |
| ** | 1918 | ബോംബെ | ഹസൻ ഇമാം |
| 34. | 1919 | അമൃത്സർ | മോട്ടിലാൽ നെഹ്റു |
| ** | 1920 | കൽക്കട്ട | ലാലാ ലജ്പത്റായി |
| 35. | 1920 | നാഗ്പൂർ (ആന്വൽ സെഷൻ) | സി.വിജയരാഘവാചാര്യർ |
| 36. | 1921 | അഹമ്മദാബാദ് | ഹക്കിം അജ്മൽ ഖാൻ |
| 37. | 1922 | ഗയ | സി.ആർ.ദാസ് |
| 38. | 1923 | കാക്കിനഡ(ആന്വൽ സെഷൻ) | മുഹമ്മദ് അലി |
| ** | 1923 | ഡൽഹി | മൗലാനാ അബുൾ കലാം ആസാദ് |
| 39. | 1924 | ബെൽഗാം | എം.കെ.ഗാന്ധി |
| 40. | 1925 | കാൺപൂർ | സരോജിനി നായിഡു |
| 41. | 1926 | ഗൗഹട്ടി | എസ്.ശ്രീനിവാസ അയ്യങ്കാർ |
| 42. | 1927 | മദ്രാസ് | എം.എ.അൻസാരി |
| 43. | 1928 | കൽക്കട്ട | മോത്തിലാൽ നെഹ്റു |
| 44. | 1929 | ലാഹോർ | ജവാഹർലാൽ നെഹ്റു |
| 45. | 1931 | കറാച്ചി | വല്ലഭ്ഭായി പട്ടേൽ |
| 46. | 1932 | ന്യൂഡൽഹി | എം.എം.മാളവ്യ |
| 47. | 1933 | കൽക്കട്ട | നെല്ലി സെൻ ഗുപ്ത |
| 48. | 1934 | ബോംബെ | രാജേന്ദ്രപ്രസാദ് |
| 49. | 1936 | ലക്നൗ | ജവാഹർലാൽ നെഹ്റു |
| 50. | 1937 | ഫെയ്സ്പൂർ | ജവാഹർലാൽ നെഹ്റു |
| 51. | 1938 | ഹരിപുര | സുഭാഷ്ചന്ദ്രബോസ് |
| 52. | 1939 | ത്രിപുരി | സുഭാഷ്ചന്ദ്രബോസ് |
| 53. | 1940 | രാംഗഢ് | മൗലാനാ അബുൾ കലാം ആസാദ് |
| 54. | 1946 | മീററ്റ് | ജെ.ബി.കൃപലാനി |

* സസ്പെന്റഡ് സെഷൻ

** സ്പെഷ്യൽ സെഷൻ

1946, 1947 നിരോധിക്കപ്പെട്ട സമ്മേളനങ്ങൾ

# അൻഡോറ, ഓസ്ട്രേലിയ, മാൾട്ട, മംഗോളിയ......



## ലോകരാജ്യങ്ങൾ

## അൻഡോറ

* തെക്കുപടിഞ്ഞാറൻ യൂറോപ്പ്. തലസ്ഥാനം അൻഡോറ ലാ വെല്ല. നാണയം യൂറോ.
* ലോകത്തിലെ ഏക കോ–പ്രിൻസിപ്പാലിറ്റി ആണ് അൻഡോറ. ഫ്രഞ്ച് പ്രസിഡന്റും സ്പെയിനിലെ കാറ്റലോണിയയിലെ Bishop of Urgell ഉം ചേർന്നാണ് ഇവിടത്തെ ഭരണാധികാരം നിർവഹിക്കുന്നത്.
* ലോകത്തിൽ ഏറ്റവും ആയുർ ദൈർഘ്യം കൂടിയ രാജ്യമാണ് അൻഡോറ.
* യൂറോപ്പിൽ ഏറ്റവും ഉയരത്തിൽ (1023 മീറ്റർ)സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം അൻഡോറയുടേതാണ് ( ലോകത്തിൽ ഈ പ്രത്യേകതയുള്ള തലസ്ഥാനം ബൊളിവിയയിലെ ലാപാസ് ആണ്)
* പാർലമെന്റിന്റെ പേര് ജനറൽ കൗൺസിൽ.

## ഓസ്ട്രേലിയ

* തലസ്ഥാനം കാൻബറ. നാണയം ഡോളർ. പാർലമെന്റാണ് നിയമനിർമാണ സഭ. പ്രധാന മതം ക്രിസ്തുമതം.
* കംഗാരുവിന്റെ നാട്, സുവർണ കമ്പിളിയുടെ നാട് (Land of Golden Fleece) , ഭൂഖണ്ഡദ്വീപ് , the down under എന്നീ അപരനാമങ്ങൾ സ്വന്തം.
* ഓസ്ട്രേലിയയിൽ എത്തിയ ആദ്യത്തെ യൂറോപ്യൻ ക്യാപ്റ്റൻ ജെയിംസ് കുക്ക് ആണ്. തന്റെ മൂന്നാമത്തെ നാവിക പര്യവേഷണസമയത്ത് ഹവായ് ദ്വീപിൽവച്ച് ക്യാപ്റ്റൻ കുക്ക് കൊല്ലപ്പെട്ടു (1779). ക്യാപ്റ്റൻ കുക്കിന്റെ കപ്പലിന്റെ പേര് Endeavour.
* ഒളിമ്പിക്സിനു വേദിയായ ദക്ഷിണാർദ്ധ ഗോളത്തിലെ ആദ്യ നഗരമാണ് മെൽബൺ (1956).
* കലണ്ടർ ഇയറിലെ ആദ്യത്തെ ഗ്രാൻഡ്സ്ലാം ടൂർണമെന്റ് ഓസ്ട്രേലിയൻ ഓപ്പണാണ്.
* ലോകത്താദ്യമായി (1996)ദയാവധത്തിന് നിയമ സാധുത നൽകിയ പ്രദേശം ഓസ്ട്രേലിയയിലെ നോർത്തേൺ ടെറിട്ടറിയാണ് (ഈ പ്രത്യേകത രാജ്യത്തെ മുഴുവൻ പ്രദേശത്തും പ്രാബല്യത്തിൽവന്ന രാജ്യം നെതർലൻഡ്സ് ആണ്).
* തിരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ ഉപയോഗിച്ച ആദ്യ രാജ്യമാണ് ഓസ്ട്രേലിയ.
* ലോകത്തിലെ ഏറ്റവും വലിയ പവിഴപ്പുറ്റാണ് ഗ്രേറ്റ് ബാരിയർ റീഫ്. ചന്ദ്രനിൽ നിന്നു നോക്കിയാൽ കാണാവുന്ന ജന്തുനിർമിതമായ വസ്തുവാണിത്.
* ലോകത്തിലെ ഏറ്റവും വിസ്തീർണം കൂടിയ നഗരമാണ് ഓസ്ട്രേലിയിലെ മൗണ്ട് ഇസ.
* ഓസ്ട്രേലിയയിലെ ഏറ്റവും നീളം കൂടിയ നദിയാണ് മുറേ–ഡാർലിംഗ്.
* ഓസ്ട്രേലിയൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതി ദി ലോഡ്ജ്
* ഓസ്ട്രേലിയയുടെ ദേശീയ ദിനമാണ് ജനുവരി 26.
* യൂക്കാലിപ്റ്റസിന്റെ ജന്മദേശം ഓസ്ട്രേലിയ. അക്കേഷ്യയാണ് ദേശീയ വൃക്ഷം.
* അഞ്ചു പ്രാവശ്യം ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ ജേതാക്കളായ രാജ്യം (1987, 1999, 2003, 2007, 2015).
* മുട്ടയിടുന്ന സസ്തനങ്ങൾ കാണപ്പെടുന്ന ഭൂഖണ്ഡമാണ് ഓസ്ട്രേലിയ.
* ഇംഗ്ളണ്ടുമായി ആഷസ് ക്രിക്കറ്റ് കപ്പിനുവേണ്ടി ഏറ്റുമുട്ടുന്ന രാജ്യം.
* കോമൺവെൽത്ത് ഗെയിംസിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം മെഡൽനിലയിൽ ഒന്നാം സ്ഥാനത്തെത്തിയ രാജ്യം ഓസ്ട്രേലിയയാണ്.
* പ്ലാസ്റ്റിക് കറൻസി നോട്ടുകൾ പുറത്തിറക്കിയ ആദ്യ രാജ്യം ഓസ്ട്രേലിയ ആണ്.
* ഓസ്ട്രേലിയയുടെ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയാണ് ജൂലിയ ഗിലാർഡ്.
* ലോകത്തിലാദ്യമായി ക്ലൈമറ്റ് ചേഞ്ച് അക്കൗണ്ടബിലിറ്റി ബിൽ അവതരിപ്പിച്ച രാജ്യം ഓസ്ട്രേലിയ ആണ്.
* ലോകത്തേറ്റവും കൂടുതൽ യുറേനിയം നിക്ഷേപമുള്ള രാജ്യം ഓസ്ട്രേലിയ ആണ്.
* ലോകത്തിലെ ഏറ്റവും നീളം കൂടിയ ദേശീയ പാത എന്നു വിശേഷിപ്പിക്കപ്പെടുന്ന ഓസ്ട്രേലിയയിലെ ഹൈവേ–1 ന്റെ നീളം 14,500 കിലോമീറ്ററാണ്. ലോകത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ ഹൈവേ ആണിത്.
* ഓസ്ട്രേലിയയുടെ ദേശീയ ഹോക്കി ടീമാണ് കുക്കാബുറാസ്.

## മാൾട്ട

* മെഡിറ്ററേനിയൻ കടലിൽ സ്ഥിതിചെയ്യുന്ന ഒരു ദക്ഷിണ യൂറോപ്യൻ രാഷ്ട്രമാണ് മാൾട്ട.
* തേനിന്റെ നാട് എന്ന അപരനാമത്തിൽ മാൾട്ട അറിയപ്പെടുന്നു.
* ഭൂമിശാസ്ത്രപരമായി ഒരു ദ്വീപസമൂഹമാണ് മാൾട്ട. സഞ്ചാരികളുടെ പറുദീസയാണ് യൂറോപ്പിലെ അതിമനോഹര രാജ്യങ്ങളിലൊന്നായ മാൾട്ട.
* ടുണീഷ്യ, ലിബിയ, ഇറ്റലി എന്നിവയാണ് അയൽരാജ്യങ്ങൾ.
* മാൾട്ടയുടെ തലസ്ഥാനമായ വാലറ്റ, യൂറോപ്യൻ യൂണിയനിലെ ഏറ്റവും ചെറിയ തലസ്ഥാനമാണ്.
* യൂറോപ്യൻ യൂണിയനിൽ ഏറ്റവും വിസ്തീർണവും ജനസംഖ്യയും കുറഞ്ഞ രാജ്യമാണ് മാൾട്ട.
* മാൾട്ടീസും ഇംഗ്ലീഷുമാണ് മാൾട്ടയിലെ ഔദ്യോഗിക ഭാഷകൾ. യൂറോയാണ് നാണയം.
* പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാൾട്ട ബ്രിട്ടിഷ് സാമ്രാജ്യത്തിന്റെ ഭാഗമായി. 1964–ൽ ബ്രിട്ടണിൽനിന്ന് സ്വാതന്ത്ര്യം നേടി. 1971 വരെ ബ്രിട്ടിഷ് രാജ്ഞിയായിരുന്നു രാഷ്ട്രമേധാവി.
* പാർലമെന്ററി ജനാധിപത്യം പിന്തുടരുന്ന ഇവിടെ പ്രസിഡന്റാണ് രാഷ്ട്രത്തലവൻ. സർക്കാരിനെ നയിക്കുന്നത് പ്രധാനമന്ത്രിയാണ്.
* റോമൻ കത്തോലിക്കരാണ് ഏറ്റവും വലിയ മതവിഭാഗം.
* ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സ് ആണ് നിയമനിർമാണസഭ.
* 1964 ഡിസംബർ ഒന്നിന് ഐക്യരാഷ്ട്രസഭയിൽ അംഗത്വം ലഭിച്ചു. യൂറോപ്യൻ യൂണിയൻ, കോമൺവെൽത്ത് എന്നിവയിലും അംഗമാണ്.
* അറുപത് വർഷത്തോളം നീണ്ട ശീതയുദ്ധം അവസാനിക്കാനിടയായ, അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിന്റെയും സോവിയറ്റ് യൂണിയന്റെ ഭരണാധികാരി ഗോർബച്ചേവിന്റെയും കൂടിക്കാഴ്ച നടന്നത് (1989 ഡിസംബർ) മാൾട്ടയിലാണ്.

## മംഗോളിയ

* ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ കരബദ്ധരാജ്യമായ മംഗോളിയ മധ്യേഷ്യയിൽ സ്ഥിതിചെയ്യുന്നു. നീലാകാശത്തിന്റെ നാട് എന്ന അപരനാമം മംഗോളിയയ്ക്കുണ്ട്.
* റഷ്യയ്ക്കും ചൈനയ്ക്കുമിടയിൽ സ്ഥിതി ചെയ്യുന്ന മംഗോളിയ ലോകത്തിലെ ഏറ്റവും വലിയ ബഫർ സ്റ്റേറ്റാണ്. രണ്ടു രാജ്യങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്നതിലൂടെ അവ തമ്മിലുള്ള യുദ്ധ സാധ്യത കുറയ്ക്കുന്ന രാജ്യമാണ് ബഫർ സ്റ്റേറ്റ്.
* ലോകത്ത് ഏറ്റവും ജനസാന്ദ്രത കുറഞ്ഞ രാജ്യമാണ് മംഗോളിയ. രാജ്യത്തെ ജനങ്ങളിൽ അധികവും മംഗോളിയൻ വംശജരാണ്.
* ചൈനയിലും മംഗോളിയയിലുമായി സ്ഥിതി ചെയ്യുന്ന ഗോബി മരുഭൂമി ഏഷ്യയിലെ ശീത മരുഭൂമികളിൽ ഏറ്റവും വിസ്തീർണം കൂടിയതാണ്.
* മംഗോൾ സാമ്രാജ്യത്തിന്റെ സ്ഥാപകൻ



ചെങ്കിഷ്ഖാനാണ്. ഇദ്ദേഹത്തിന്റെ യഥാർഥ പേര് തെമുജിൻ. അദ്ദേഹത്തിന്റെ പൗത്രൻ കുബ്ലൈഖാനാണ് ചൈനയിൽ യുവാൻ വംശം സ്ഥാപിച്ചത്. കുബ്ലൈഖാന്റെ തലസ്ഥാനമായിരുന്നു സാനഡു (1797–ൽ കുബ്ലൈഖാൻ എന്ന പദ്യം രചിച്ചത് സാമുവൽ ടെയ്ലർ കോളറിഡ്ജാണ്).
* ചെങ്കിഷ്ഖാൻ എയർപോർട്ട് ഉലാൻ ബേറ്ററിലാണ്.
* ലോകചരിത്രത്തിൽ ബ്രിട്ടിഷ് സാമ്രാജ്യം കഴിഞ്ഞാൽ (33%) ഏറ്റവും കൂടുതൽ വിസ്തീർണമുണ്ടായിരുന്ന സാമ്രാജ്യമാണ് മംഗോൾ സാമ്രാജ്യം (33 മില്യൺ ചതുരശ്ര കിലോമീറ്റർ). എന്നാൽ, തുടർച്ചയായുള്ള പ്രദേശങ്ങൾ മാത്രം പരിഗണിക്കുകയാണെങ്കിൽ മംഗോൾ സാമ്രാജ്യത്തിനാണ് ഒന്നാം സ്ഥാനം. 1279–ൽ കരയുടെ 22.29 ശതമാനം മംഗോൾ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.
* ഒർഖോൺ നദിയാണ് മംഗോളിയയിലെ ഏറ്റവും വലിയ നദി. ഇത് ബെയ്കാൽ തടാകത്തിൽ എത്തിച്ചേരുന്നു.
* മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബേറ്റർ ലോകത്തിലെ ഏറ്റവും തണുപ്പുകൂടിയ തലസ്ഥാന നഗരമാണ്. മംഗോളിയയിലെ ഏറ്റവും വലിയ നഗരമാണിത്.
* യൂണിറ്ററി പാർലമെന്ററി കോൺസ്റ്റിറ്റ്യൂഷണൽ റിപ്പബ്ലിക്കായ മംഗോളിയയുടെ നിയമനിർമാണസഭയുടെ പേര് സ്റ്റേറ്റ് ഗ്രേറ്റ്




ഖുറൽ എന്നാണ്.
* ടോഗ്രോഗ് ആണ് മംഗോളിയയിലെ നാണയം.
* മൻചു–ക്വിംഗ് സാമ്രാജ്യത്തിൽനിന്ന് മംഗോളിയ സ്വാതന്ത്ര്യം പ്രഖ്യാപിച്ച വർഷമാണ് 1911. എങ്കിലും പുതിയ ചൈനീസ് റിപ്പബ്ലിക് മംഗോളിയയെ പരിഗണിച്ചത് ചൈനയുടെ ഭാഗമായിത്തന്നെയാണ്. ജനകീയ വിപ്ലവത്തെത്തുടർന്ന് സോവിയറ്റ് സഹായത്തോടെ 1921 ജൂലൈ 11–ന് ചൈനയിൽനിന്ന് പൂർണ സ്വാതന്ത്ര്യം നേടി. ഔട്ടർ മംഗോളിയയ്ക്കു മാത്രമാണ് സ്വാതന്ത്ര്യം ലഭിച്ചത്. ഇന്നർ മംഗോളിയ ചൈനയുടെ ഭാഗമാണ്. 1924–ൽ മംഗോളിയൻ പീപ്പിൾസ് റിപ്പബ്ലിക് നിലവിൽവന്നു. റഷ്യയുടെ സൈനിക സാന്നിധ്യം 1989–വരെ മംഗോളിയയിലുണ്ടായിരുന്നു. പീപ്പിൾസ് റിപ്പബ്ലിക് എന്ന വാക്ക് പേരിൽനിന്ന് ഒഴിവാക്കിയത് 1992–ലാണ്. ആദ്യത്തെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടന്നത് 1993–ലാണ്.
* ബുദ്ധമതമാണ് മംഗോളിയയിലെ പ്രധാനമതം. രാജ്യത്തെ മുഖ്യ ജനവിഭാഗം മംഗോൾ വംശജരാണ്.
* മംഗോളിയയിലെ പ്രധാന ദേശീയ ഉൽസവമാണ് നാഡം ഉൽസവം (Naadam).

## നൗറു

* ലോകത്തിലെ ഏറ്റവും ചെറിയ റിപ്പബ്ലിക്കായ നൗറു ഐക്യരാഷ്ട്രസഭയിൽ അംഗത്വമുള്ള ഏറ്റവും ചെറിയ റിപ്പബ്ലിക്കുകൂടിയാണ്.
* നൗറുവിന്റെ പഴയ പേരാണ് പ്ലസന്റ് ഐലൻഡ്സ്. പശ്ചിമധ്യ ശാന്ത സമുദ്രത്തിലാണ് സ്ഥാനം.
* ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 1968 വരെ ഓസ്ട്രേലിയ, ന്യൂസിലൻഡ്, ബ്രിട്ടൺ എന്നീ രാജ്യങ്ങൾ സംയുക്തമായി ഭരണം നടത്തിയ രാജ്യമാണ് നൗറു. 1968–ൽ സ്വതന്ത്രമായി.
* ഏറ്റവും ജനസംഖ്യ കുറഞ്ഞ രണ്ടാമത്തെ രാജ്യമാണ് നൗറു.
* ലോകത്തിലെ ഏറ്റവും ചെറിയ ദ്വീപരാഷ്ട്രമായ നൗറു, ഔദ്യോഗിക തലസ്ഥാനമില്ലാത്ത ഏക റിപ്പബ്ലിക്കുമാണ്.
* നൗറുവിന്റെ ഭരണകേന്ദ്രം യാരെൻ ആണ്.
* ഫോസ്ഫേറ്റ് നിക്ഷേപങ്ങളാൽ സമ്പന്നമാണ് നൗറു. ഫോസ്ഫേറ്റ് ഖനനമാണ് പ്രധാന വരുമാനം.
* ഓസ്ട്രേലിയൻ ഡോളറാണ് നൗറുവിലെ നാണയം.
* ലോകത്തെ ഒരേയൊരു പാലിൻഡ്രോമിക് (വിപരീതദിശയിൽ വായിച്ചാലും അതേ വാക്ക്) നാഷണനാലിറ്റിയാണ് നൗറുവൻ ('Nauruan').

# ആധുനിക ഇന്ത്യയിലെ പ്രശസ്തർ



ഇന്ത്യാചരിത്രം

## ടി.പ്രകാശം (1872–1957)

* ആന്ധ്രകേസരി എന്ന അപരനാമത്തില റിയപ്പെട്ട ടി.പ്രകാശം ദേശീയ പ്രസ്ഥാനത്തിലെ തലയെടുപ്പുള്ള നേതാവും ആന്ധ്ര സംസ്ഥാനത്തിന്റെ ആദ്യ മുഖ്യമന്ത്രിയുമായിരുന്നു. 1872 ഓഗസ്റ്റ് 23–ന് അക്കാലത്ത് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന വിനോദരായുണിപാളത്തിലാണ് പ്രകാശം



ജനിച്ചത് (ഇപ്പോൾ ഈ പ്രദേശം ആന്ധ്ര പ്രദേശിലെ പ്രകാശം ജില്ലയിലാണ്).
* അഭിഭാഷകനാകുക എന്ന ആഗ്രഹം ബാല്യം മുതലേ മനസ്സിൽ സൂക്ഷിച്ച പ്രകാശം മെട്രിക്കുലേഷന് ശേഷം ഒരു രണ്ടാം ഗ്രേഡ് പ്ലീഡറായി ഔദ്യോഗിക ജീവിതം ആരംഭിച്ചെങ്കിലും ഉയർന്ന കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നതിനുള്ള യോഗ്യത സമ്പാദിക്കുന്നതിനായി ഇംഗ്ലണ്ടിൽപോയി (1904). അവിടെ റോയൽ ഇന്ത്യ സൊസൈറ്റിയിൽ അംഗത്വമെടുത്ത അദ്ദേഹം ദാദാഭായ് നവറോജി, ഹൗസ് ഓഫ് കോമൺസിലേക്ക് മത്സരിച്ചപ്പോൾ പ്രചാരണപ്രവർത്തനങ്ങളിൽ പങ്കാളിയായി.
* തിരികെ ഇന്ത്യയിലെത്തിയ അദ്ദേഹം താമസിയാതെതന്നെ അഭിഭാഷകനെന്ന നിലയിൽ തന്റെ കഴിവുതെളിയിച്ചു. കുപ്രസിദ്ധമായ ആഷ് വധക്കേസിൽ പ്രതിഭാഗത്തിനുവേണ്ടി ഹാജരായ അദ്ദേഹം തന്റെ വാദത്തിലൂടെ ശിക്ഷ വളരെ ലഘൂകരിപ്പിച്ചു. ഈ കാലയളവിലാണ് അദ്ദേഹം ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത്. വക്കീൽപണി ഉപേക്ഷിച്ച അദ്ദേഹം സ്വരാജ്യ എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി. 1921–ലെ അലഹബാദ് സെഷനിൽ അദ്ദേഹം കോൺഗ്രസ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. 1922–ൽ നിസ്സഹകരണ പ്രസ്ഥാനകാലത്ത് ഗുണ്ടൂരിൽ 30000 പേർ പങ്കെടുത്ത ഒരു പ്രകടനം അദ്ദേഹം സംഘടിപ്പിച്ചു. 1926–ൽ കോൺഗ്രസ് ടിക്കറ്റിൽ പ്രകാശം സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
* സൈമൺ കമ്മീഷന്റെ 1928–ലെ ഇന്ത്യാ സന്ദർശനം ബഹിഷ്കരിക്കാൻ കോൺഗ്രസ് തീരുമാനിച്ചതു പ്രകാരം, 1928 ഫെബ്രുവരി മൂന്നിന് കമ്മീഷൻ മദ്രാസിലെത്തിയപ്പോൾ അവിടെ നടന്ന പ്രതിഷേധ സമരത്തിന് നേതൃത്വം നൽകിയത് പ്രകാശമാണ്. 1930–ലെ സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിലും അദ്ദേഹം സജീവമായിരുന്നു.
* 1937–ൽ മദ്രാസിൽ അധികാരത്തിൽവന്ന സി.രാജഗോപാലാചാരിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അംഗമായ പ്രകാശം റവന്യൂമന്ത്രിയെന്ന നിലയിൽ മികവാർന്ന പ്രവർത്തനം നടത്തി. 1946–47 കാലയളവിൽ അദ്ദേഹം മദ്രാസ് പ്രവിശ്യയുടെ പന്ത്രണ്ടാമത്തെ മുഖ്യമന്ത്രിയായി. 1953–ൽ ആന്ധ്ര സംസ്ഥാനം ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ടപ്പോൾ പ്രഥമ മുഖ്യമന്ത്രിയായ പ്രകാശം 1954 വരെ പദവിയിൽ തുടർന്നു.
* 1956–ൽ സംസ്ഥാന പുന:സംഘടനയെത്തുടർന്ന് ഹൈദരാബാദ്, ആന്ധ്ര, മദ്രാസ് സ്റ്റേറ്റുകളുടെ അതിർത്തികൾ പുനർനിർവചിക്കപ്പെടുകയും പുതുതായി ആന്ധ്രപ്രദേശ് സംസ്ഥാനം രൂപംകൊള്ളുകയും ചെയ്തു. പ്രകാശത്തിന്റെ അടുത്ത അനുയായി ആയിരുന്ന നീലം സഞ്ജീവ റെഡ്ഡി ആദ്യ ആന്ധ്രപ്രദേശ് മുഖ്യമന്ത്രിയായി.
* തുടർന്ന് പ്രകാശം ദളിത്‌വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ മുഴുകി. ഒരു ദളിത്അധിവാസപ്രദേശ സന്ദർശനവേളയിൽ സൂര്യാഘാതമേറ്റ അദ്ദേഹം ഹൈദരാബാദിലെ ഒരു ആശുപത്രിയിൽ 1957 മെയ് 20–ന് അന്തരിച്ചു.

## വി.ഒ.ചിദംബരം പിള്ള (1872–1936)

* കപ്പലോട്ടിയ തമിഴൻ എന്ന അപരനാമത്തിലറിയപ്പെട്ട വി.ഒ.ചിദംബരം പിള്ള തമിഴ്നാട്ടിലെ രാഷ്ട്രീയനേതാവും ബാലഗംഗാധര തിലകന്റെ ശിഷ്യനുമായിരുന്നു.
* ജനനം 1872 സെപ്തംബർ അഞ്ചിന് തൂത്തുക്കുടി ജില്ലയിൽ. തിരുച്ചിറപ്പള്ളിയിലെ പഠനശേഷം 1894–ൽ പ്ലീഡർഷിപ്പ് പരീക്ഷ പാസായി 1895–ൽ സ്വന്തം നാട്ടിൽ പ്ലീഡറായി. ചെന്നൈയിൽവച്ച് കണ്ടുമുട്ടിയ രാമകൃഷ്ണാനന്ദർ എന്ന സന്ന്യാസി, രാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുക എന്ന് ഉപദേശിച്ചു. അവിടെവച്ച് തമിഴ്കവി




ഭാരതീയാരെ കാണുകയും അദ്ദേഹത്തിന്റെ രാഷ്ട്രീയാദർശങ്ങളിൽ ആകൃഷ്ടനാകുകയും ചെയ്തു. അവർ അടുത്ത സുഹൃത്തുക്കളായി.
* സ്വദേശി പ്രസ്ഥാനം അതിന്റെ ഉന്നതിയിൽനിൽക്കുന്ന കാലമായിരുന്നു അത്. ലോകമാന്യതിലക് ചിദംബരത്തെ സ്വാധീനിച്ചു. ചിദംബരം കോൺഗ്രസിൽ അംഗമായി. സേലം ജില്ലാ കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷനായി.
* ബ്രിട്ടീഷ് സ്റ്റീം നാവിഗേഷൻ കമ്പനിയുടെ കുത്തക അവസാനിപ്പിക്കുന്നതിന് സ്വപരിശ്രമംകൊണ്ട് സ്വദേശി നാവിഗേഷൻ കമ്പനി ആരംഭിക്കുകയും തൂത്തുക്കുടിക്കും കൊളംബോയ്ക്കും മധ്യേ സർവീസ് നടത്തി ബ്രിട്ടീഷുകാർക്ക് വെല്ലുവിളി സൃഷ്ടിക്കുകയും ചെയ്തു.
* 1908–ൽ ചിദംബരം അറസ്റ്റിലായി. 1910–ൽ അദ്ദേഹത്തിന് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചു. പിന്നീട് അപ്പീലിൽ ശിക്ഷയ്ക്ക് ഇളവ് ലഭിച്ചു. എന്നാൽ, കോയമ്പത്തൂർ, കണ്ണൂർ ജയിലുകളിൽ രാഷ്ട്രീയത്തടവുകാരനെന്ന പരിഗണന നൽകാതെ കഠിനമായി ജോലികൾ ചെയ്യിക്കുകയും തത്ഫലമായി അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കുകയും ചെയ്തു. 1912–ൽ ജയിൽമോചിതനായി.
